

# തെക്കുംഭാഗ ശബ്ദം

NOVEMBER 2019 Vol:1 • Issue: 3

തനിമയിൽ ഒരുമയിൽ വിശ്വാസനിറവിൽ



ക്നാനായ സമുദായ സംരക്ഷണ സമിതി (കെ.എസ്.എസ്.എസ്.) പ്രസിദ്ധീകരണം • പ്രൈവറ്റ് സർക്കുലേഷൻ

## സമുദായ സ്നേഹിയും ധീരനുമായ ബിഷപ്പ് ചൂളപ്പറമ്പിൽ



**കോ**ട്ടയം രൂപതയെ സീറോമലബാറിലല്ല, മറിച്ച് വത്തിക്കാന്റെ നേരിട്ടുള്ള ഭരണത്തിലേക്ക് മാറ്റണമെന്നും അതിനുള്ള കാരണങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് സമുദായത്തിലെ അത്യുന്നതനായ കർമ്മധീരൻ അഭി. അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവ് 1920 ഡിസംബർ 8ന് ഓറിയന്റൽ കോൺഗ്രിഗേഷന് അയച്ച കത്ത് സമുദായക്കാരുടെയും സീറോ മലബാർ അധികാരികളുടെയും കോട്ടയം അതിരൂപതാ നേതൃത്വത്തിന്റെയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

The Southist people, whose pastoral care has been entrusted to me, were separated from the Northist community by the decree "In Universi Christiani" of 29 August 1911 promulgated by the Holy Father Pius X of happy memory in order to provide in a more satisfactorily manner for the spiritual good of this people and to pacify the minds of the dissidents. Therefore, when the Congregation will decide to establish the hierarchy

*ശേഷം പേജ് 2*

## പ്രളയാനന്തര സഹായം രണ്ടാംഘട്ട വിതരണം നടന്നു



**ക്നാ**നായസമുദായ സംരക്ഷണസമിതി വടക്കൻ കേരളത്തിൽ നടത്തിയ പ്രളയാനന്തര സഹായത്തിന്റെ രണ്ടാംഗഡു വിതരണം 2019 സെപ്റ്റംബർ ഒന്നാം തീയതി ഞായറാഴ്ച നടന്നു. മടമ്പം ഫൊറോന പള്ളിയുടെ പരീഷ് ഹാളിലും, അലക്സ് നഗർ പള്ളിക്ക് സമീപമുള്ള സിനിമാനടൻ സത്യൻ സ്മാരക വായനശാല ഹാളിലും ആയിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. 150ലധികം പേർക്ക് സഹായം വിതരണം ചെയ്തു. പ്രളയം നാശം വിതച്ച ചിലരുടെ സ്ഥലങ്ങളും കോട്ടയത്ത് നിന്ന് എത്തിയ കെഎസ് എസ്എസ് പ്രവർത്തകർ സന്ദർശിച്ചു. അവിടുത്തു കാരനായ കൗൺസിലർ ഷിന്റോയുടെയും മറ്റു ചിലരുടെ സഹായത്തോടെയുമാണ് അർഹതപ്പെട്ടവരെ കണ്ടെത്തിയത്. അവർ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം നാനാജാതി മതസ്ഥർക്കാണ് സാമ്പത്തിക സഹായം ലഭ്യമാക്കിയത്. റെഡിക്യാഷ് ആയി സഹായം ലഭിച്ചതിൽ എല്ലാവരും സംതൃപ്തരായിരുന്നു. വലിയ അളവിൽ കൃഷി നശിച്ച ഒരാൾക്ക് ഒരു ലക്ഷം രൂപയുടെ പ്രത്യേക സാമ്പത്തിക സഹായവും നൽകി. കെ.എസ്.എസ്.എസ്. പ്രസിഡന്റ് ഏബ്രഹാം നടുവത്ര, സെക്രട്ടറി ഷിബി പഴയമ്പള്ളി, ട്രഷറാർ ബേബി പുത്തൻപുര എന്നിവരുടെ നേതൃത്വത്തിൽ 13 പേരടങ്ങിയ ഗ്രൂപ്പാണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്. മടമ്പം ഫൊറോനാ പള്ളി വികാരി ബഹു: ലൂക്ക് പൂത്രുക്കയിലച്ചന്റെ സഹകരണം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ■



പ്രളയത്തിൽപ്പെട്ട മലബാർ, വയനാട് മേഖലകളിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനായി ക്നാനായ സമുദായ സംരക്ഷണ സമിതിയുടെ ആദ്യ സംഘം കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ അങ്കണത്തിൽ നിന്നും പുറപ്പെടുന്നു.

പ്രളയദുരന്തത്തിൽപ്പെട്ട മലബാറിലെയും വയനാട്ടിലെയും കുടിയേറ്റ മേഖലയിലുള്ളവരെ സഹായിക്കുന്നതിനായി ക്നാനായ സമുദായ സംരക്ഷണ സമിതിയുടെ ആദ്യസംഘം ആഗസ്റ്റ് 17-ാം തീയതി പുറപ്പെട്ടു. സമിതി രക്ഷാധികാരി ജോയി തോമസ് പുല്ലാനപ്പള്ളി വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

സെക്രട്ടറി ഷിബി പഴയംമ്പള്ളിയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ വൈസ് പ്രസിഡന്റ് മോൻസി കുടിലിൽ, അനു നേരുവീട്ടിൽ, ജയിൻ പെരുമ്പളത്ത്, ഷിബു പോൾ, ജോയ്സ് മണക്കാട്ട്, ജോജി തയ്യിൽ എറണാകുളം, ബേബിപുത്തൻപുര, ജോൺ തളിച്ചിറയും ഉണ്ടായിരുന്നു. വർക്കിംഗ് കമ്മറ്റി മെമ്പേഴ്സും നിരവധി പ്രവർത്തകരും ചടങ്ങിൽ സംബന്ധിച്ചു.

## സത്യവാങ്മൂലം തിരുത്തി നൽകണം

### കെ.എസ്.എസ്.എസ്. അഭി.പിതാവിന് 17–8–2019–ൽ കൊടുത്ത കത്ത്

**ക്നാ**നായ മാതാപിതാക്കൾക്ക് ജനിക്കുകയും സ്വവംശവിവാഹനിഷ്ഠ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥത്തിൽ ക്നാനായക്കാർ എന്ന് പിതാവ് നേരിൽ കാണുമ്പോഴും വീഡിയോയിലും അസന്നിഗ്ദമായി പറയുന്നു. അതായത് ഒരു ക്നാനായക്കാരൻ ആയിരിക്കുന്നതിന് ക്നാനായ മാതാപിതാക്കളിൽ നിന്നുള്ള ജന്മം മാത്രം പോരാ സ്വവംശ വിവാഹനിഷ്ഠ എന്ന കർമ്മം ലംഘിക്കാതിരിക്കേണ്ടതും അനിവാര്യമാണ്. കൂടാതെ കോട്ടയം അതിരൂപതയിലും സ്വവംശവിവാഹനിഷ്ഠ പാലിക്കാത്തവർക്ക് അംഗത്വമില്ലായെന്നും പിതാവ് അടിവരയിട്ട് പറയുന്നുണ്ട്. എന്നാൽ ഔദ്യോഗിക രേഖകളിൽ സമുദായത്തിനെതിരായ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

കോടതിയിൽ നൽകിയിരിക്കുന്നത്.

*ശേഷം പേജ് 3*

## ക്നാനായത്വ'വും, 'അംഗത്വ'വും

### ക്നാനായ സമുദായ സംരക്ഷണ സമിതി

**2019** ജൂലൈ 21-ലെ അപ്നാദേശിൽ റവ. ഡോ. ജോയി കറുകപ്പറമ്പിൽ ക്നാനായ സമുദായ അംഗത്വത്തെപ്പറ്റി ഒന്നാം പേജിൽ എഴുതിയ ലേഖനത്തിലെ തെറ്റായ ചില വ്യാഖ്യാനങ്ങൾക്കുള്ള മറുപടി:

**ആമുഖം:**

സ്വവംശ വിവാഹ നിഷ്ഠാ പാരമ്പര്യത്തിലൂടെ രൂപപ്പെട്ടു കഴിഞ്ഞ ക്നാനായ 'നിർവ്വചന'വും 'നിയമ'വും ജനത്തിനറിയാം. അവ മാറ്റുവാൻ ആർക്കും അധികാരമില്ല.

1674 വർഷങ്ങളായി കേരളത്തിൽ ക്നാനായക്കാരുടെ സ്വവംശവിവാഹനിഷ്ഠാ പാരമ്പര്യം എന്താണെന്നും, അതു പാലിക്കുന്നത്

*ശേഷം പേജ് 6*




## സത്യം നിങ്ങളെ സ്വതന്ത്രരാക്കട്ടെ

### ക്നാനായ കത്തോലിക്ക സമുദായത്തിന്റെ ഭാവി വാഗ്ദാനങ്ങളായ കെ.സി.വൈ.എൽ അംഗങ്ങൾ അറിയുവാൻ ചില ചരിത്ര സത്യങ്ങൾ

**ബേബി കാനാട്ട്**
(മുൻ പ്രിൻസിപ്പൽ)



**1986**-ൽ ഓറിയന്റൽ കോൺഗ്രിഗേഷൻ (ഒ.സി.) ചിക്കാഗോ രൂപതയ്ക്കുവേണ്ടി ഇറക്കിയ rescript കുന്നശ്ശേരി പിതാവിന്റെ ഭരണകാലം വരെ ഒ.സി. യുടെ ഫയലുകളിൽ ഉറങ്ങുകയായിരുന്നു. മാർ മാത്യു മൂലക്കാട്ട് പിതാവ് അധികാരം ഏറ്റതോടെ ഒ. സിയ്ക്ക് മനസ്സിലായി ക്നാനായ സമുദായത്തിനെതിരെ എന്തു പ്രതികൂല നടപടികൾ എടുത്താലും മൂലക്കാട്ട് പിതാവ് അതിനെതിരെ പ്രതികരിക്കില്ല എന്ന്.

2017-ലെ ബിഷപ്പ് മുൾഹാൾ റിപ്പോർട്ടും, 2018-ലെ ഒ.സി. യുടെ സർക്കുലറും, യാഥാർത്ഥ്യങ്ങൾ മറച്ചുവെച്ചുകൊണ്ടുള്ള അപ്നാദേശിന്റെ ലേഖനങ്ങളും, കെ.സി.സി.യുടെ നിസ്സംഗതയും, സമുദായ സ്നേഹികളുടെ ശ്രദ്ധയും കെ.എസ്. എസ്.എസിന്റെ ജന്മത്തിന് കാരണമായി.

കോട്ടയം രൂപതയുടെ നിലനില്പിനെ സഹായിക്കുന്ന താഴെപറയുന്ന ചരിത്രരേഖകൾ പഠിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

1. 2000-ാമാണ്ടിലെ എപ്പാർക്കിൽ അസംബ്ലിയുടെ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള "ക്നാനായ സമൂഹത്തിന്റെ ക്രൈസ്തവ സാക്ഷ്യം" എന്ന പുസ്തകത്തിലെ 38-ാം പേജിലെ ക്നാനായസമുദായിക തനിമയുടെ സാരാംശം" എന്ന ഭാഗം......

2. 2007, ജനുവരി മാസം 13-ാം തീയതി ചൈതന്യയിൽ വച്ചു നടത്തിയ പാസ്റ്ററൽ കൗൺസിൽ ദിവംഗതനായ മോൺ. ജേക്കബ് കൊല്ലാപറമ്പിലച്ചനെ ചെയർമാനായി നിയമിച്ച 10 അംഗ കമ്മറ്റി പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് (2007, മെയ് 12-നു കൂടിയ പാസ്റ്ററൽ കൗൺസിൽ ഇത് ഏകകണ്ഠമായി അംഗീകരിച്ചിട്ടുള്ളതാണ്.)

3. 2009 ജനുവരി 6-ാം തീയതി നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാളിൽ മൂലക്കാട്ട് പിതാവ് പ്രാബല്യത്തിൽ വരുത്തി. ഇതിലേ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും പതിവുകളോ നിയമങ്ങളോ നിലവിലുണ്ടെങ്കിൽ, അത് ഇതിൽ റദ്ദുചെയ്യുന്നു. എന്ന് രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള

*ശേഷം പേജ് 4*

## കംഗാരുക്കളുടെ നാട്ടിലെ ക്നാനായ സഹോദരങ്ങളോട്

**മാത്യു പ്രാൽ**



**ആ**സ്ട്രേലിയായിലെ ക്നാനായ കുടിയേറ്റം അടുത്ത നാളിലാണ് സംഭവിച്ചത്. ഏറിയാൽ പതിനഞ്ചോ, ഇരുപതോ വർഷമായി കാണും. അതിനുമുമ്പ് അവിടെ വിരലിലെണ്ണാവുന്ന ക്നാനായക്കാർ മാത്രം.

മെൽബണും, സിഡ്നിയും, ബ്രിസ്ബെയിനും, പെർത്തും മറ്റും കേട്ടുകേൾവിമാത്രമായിരുന്ന ഒരു കാലത്തു നിന്ന് ഇന്നു ക്നാനായ അപ്പന്മാരും അമ്മമാരും മറ്റും മക്കളോടൊപ്പം സുഖവാസത്തിനു പറന്നു ചെല്ലുന്ന ഇടങ്ങളായി ഈ മഹാനഗരങ്ങൾ മാറി. ഇതൊക്കെ കാലവും സമൂഹവും സാന്ദർഭികമായി വരുത്തിവച്ച പരിണാമങ്ങളുടെ ഫലമാണ്.

കേരളത്തിൽ ഒതുങ്ങിനിന്ന സീറോ മലബാർ സഭയും പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും പിന്നെ കടൽകടന്നും തങ്ങളുടെ പ്രിയ മക്കളുടെ ആദ്ധ്യാത്മിക ഉദ്ധാരണത്തിനായി ചെങ്കോലും കിരീടവും പിടിച്ചുംവച്ചും പിന്നാലെ ചെന്നു. സീറോ മലബാർ മക്കൾ അന്യദേശങ്ങളിൽ അനാഥരാവരുതല്ലോ. പാവം മക്കൾക്കും പിതാക്കന്മാരും അച്ചന്മാരും വേണ്ടേ എന്തൊരു സ്നേഹം എന്തൊരു കരുതൽ.

ക്നാനായം വേറിട്ടൊരു സമുദായമാണ്. അവർക്കൊരു പൈതൃകവും പാരമ്പര്യവും തനിമയും അവകാശപ്പെടാനുണ്ട്. ആ അവകാശവാദത്തിന്റെ പിൻബലത്തിലാണ് അവർക്കൊരു രൂപതയും അതിനു കാലങ്ങളായി ക്നാനായ സമുദായത്തിൽ നിന്നുമാത്രമുള്ള മെത്രാന്മാരെയും കിട്ടിയത്. ക്നാനായ മക്കൾ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടി കോട്ടയം വിട്ടപ്പോൾ അവർ ഒപ്പം സമുദായത്തെയും കൂട്ടി. അല്മായർ അവരുടെ രക്തബന്ധങ്ങളുടെ വൈകാരികതയിൽ സമ്മേളിച്ചു. ക്നാനായ അല്മായ സംഘടനകളുണ്ടാക്കി ഒത്തുചിരിച്ചു സന്തോഷിച്ചു.

ആ സന്തോഷത്തെ ഒരുമയെ തനിമയെ ഇല്ലാതാക്കാനെന്നവണ്ണം വിഭാഗീയതയും വിദ്വേഷവും നിറച്ച പാനപാത്രങ്ങളുമായി സഭാനേതൃത്വം സീറോ മലബാറിന്റെ ആദ്ധ്യാത്മികതയുടെ കുടപിടിച്ചു ചെന്നു. മര്യാദയ്ക്കു

*ശേഷം പേജ് 5*

# സമുദായസംഘടനകളെ സഭാനേതൃത്വം വരുതിയിലാക്കുന്നു

എഡിറ്റോറിയൽ

ക്നാനായ കത്തോലിക്ക കോൺഗ്രസിന്റെ ഉത്ഭവം തന്നെ പ്രഗത്ഭരായ അല്മായ നേതാക്കളുടെ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്നു. തെക്കുംഭാഗജനം സംഘടിക്കുന്നതുവഴി അവരുടെ തനിമയും സംസ്കാരവും വ്യക്തിത്വവും സംരക്ഷിക്കാം എന്ന് സമുദായനേതാക്കൾ കരുതി. വൈദികർക്കും മെത്രാനും സംഘടനയിൽ യാതൊരു റോളും ഉണ്ടായിരുന്നില്ല.

ക്രഡിബിലിറ്റി ഇല്ലാത്ത സ്വന്തം കാര്യലാഭത്തിൽ കണ്ണുവെച്ച് ചിലർ സംഘടനയുടെ നേതൃത്വത്തിൽ വരുവാൻ ആരംഭിച്ചതു മുതൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ് ലക്ഷ്യം തെറ്റി സഞ്ചരിക്കാൻ തുടങ്ങി. രണ്ട് അല്മായർക്ക് ഷെവലിയർ സ്ഥാനം കൊടുക്കുന്ന ചടങ്ങിൽ അഭി. കുന്നശേരി പിതാവ് തന്റെ പ്രസംഗത്തിൽ ഇങ്ങനെ പരാമർശിച്ചു. *രാഷ്ട്രീയത്തിൽ പിടിച്ചു കയറാം എന്ന ലക്ഷ്യത്തോടെ ചിലർ ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ വന്നില്ലായിരുന്നു എങ്കിൽ ഈ സംഘടനയ്ക്കു വലിയ കാര്യങ്ങൾ സമുദായത്തിനുവേണ്ടി ചെയ്യാമായിരുന്നു* എന്ന്, അത് അക്ഷരം പ്രതി നമ്മൾ സംഘടനാ നേതൃത്വത്തിൽ കുറെ നാളായി കണ്ടുകൊണ്ടിരിക്കുന്നു. മുൻകാലത്ത് സംഘടനയെ ഉപയോഗിച്ച് ഉയരങ്ങൾ കയറുകയായിരുന്നു എങ്കിൽ ഇന്ന് സംഘടനാ നേതൃത്വത്തിൽ ഇരുന്നുകൊണ്ട് സഭാനേതൃത്വത്തെ പ്രീണിപ്പിച്ച് സമുദായത്തെ ഒറ്റുകൊടുത്ത് സ്വന്തം കാര്യം നേടാൻ ശ്രമിക്കുന്നു.

തെക്കുംഭാഗ സമുദായത്തിൽ വെള്ളം ചേർത്ത് സീറോ മലബാറിൽ ലയിപ്പിക്കുക എന്ന ഹിഡൻ അജണ്ടയുമായി വന്ന ഇന്നത്തെ സഭാ നേതൃത്വത്തിന് സമുദായ സംഘടനകളെ മാത്രമല്ല ഭക്തസംഘടനകളെയും വരുതിയിലാക്കേണ്ടി വന്നിരിക്കുന്നു. ഇവരെയൊക്കെ ഇടയ്ക്കിടെ വിളിച്ചുചേർത്ത് മൂലക്കാട്ടു മെത്രാന്റെ നയങ്ങൾക്കും താല്പര്യങ്ങൾക്കും പിന്തുണ കൊടുപ്പിച്ചുകൊണ്ടിരിക്കുന്നു. മെത്രാനിലും വൈദികരിലും പരമ്പരാഗത വിശ്വാസമുള്ള അല്മായർ മെത്രാനച്ചൻ നമ്മളെ ചതിക്കില്ല നല്ലതേ വരുത്തൂ എന്ന ഉറപ്പിൽ ഒന്നും ആലോചിക്കാതെ ശരി പറയുകയും ചെയ്യുന്നു.

ഇൻഡ്യക്ക് പുറത്തുള്ള നമ്മുടെ സഹോദരങ്ങളാണ് ഇപ്പോൾ പ്രതിസന്ധികളെ നേരിടുന്നത്. ന്യൂനപക്ഷ വിശ്വാസ സമൂഹത്തിന് സഭാനിയമപ്രകാരമുള്ള പരിരക്ഷകൊടുക്കുവാൻ അവിടങ്ങളിലെ സീറോമലബാർ നേതൃത്വം തയ്യാറാകുന്നില്ല. ന്യായമായതു പറഞ്ഞു വാങ്ങുവാൻ സമുദായ മെത്രാൻ തയ്യാറാകുന്നുമില്ല. അവിടങ്ങളിലെ ക്നാനായ കൂട്ടായ്മകളെ ഒന്നാകെ പിടിച്ചെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. സംഘടനാ തെരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ തന്റെ വരുതിയിൽ വരുന്ന റാൻമൂളികളെ തലപ്പത്തു കൊണ്ടുവരുവാൻ മാർ മൂലക്കാട്ട് ചരടുവലികൾ നടത്തുന്നുമുണ്ട്. അതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു.

അമേരിക്കയിലെ ഹൂസ്റ്റൺ ക്നാനായ കാത്തലിക് മിഷൻ, ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ രൂപതയുടെ ബൈലോ അംഗീകരിച്ചുകൊണ്ടുള്ള കത്ത് പുറത്തുവന്നിരിക്കുകയാണ്. ടെക്സാസ് സ്റ്റേറ്റ് സെക്രട്ടറിയുടെ ഓഫീസിൽ കോർപ്പറേഷൻ സെക്ഷനിൽ 2008 ഫെബ്രുവരി 5–ന് ഭേദഗതികൾ ഫയൽ ചെയ്തിരിക്കുന്നു. ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ ഭരണഘടനയും നയങ്ങളും നടപടിക്രമങ്ങളും പ്രകാരം മിഷന്റെ ബൈലോ ആർട്ടിക്കിൾ 4 (a) യും ആർട്ടിക്കിൾ 9-തും ഭേദഗതി ചെയ്തിരിക്കുന്നു. ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ രൂപതയുടെ ബൈലോ തന്നെയായിരിക്കും മിഷന്റെ ബൈലോയും. മിഷൻ ഡയറക്ടർമാരുടെ നിർദ്ദേശത്തോടുകൂടി ഡയറക്ടർ ബോർഡ്/ പാരീഷ് കൗൺസിൽ ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാരൂപതയുടെ നയങ്ങളും നപടിക്രമങ്ങളും പാലിക്കാൻ ബാധ്യസ്ഥരാണ്.

2007 ഡിസംബർ 9–ാം തീയതിയാണ് ഹൂസ്റ്റൺ ക്നാനായ കാത്തലിക് മിഷൻ യോഗം ചേർന്ന് ഭേദഗതിവരുത്തിയിരിക്കുന്നത്. സെക്രട്ടറി ജോൺസൺ മാത്യുവാണ് അതിൽ ഒപ്പിട്ടിരിക്കുന്നത്. മീറ്റിംഗിൽ പങ്കെടുത്ത എത്രപേർക്ക് പ്രസ്തുത കടലാസിന്റെ പ്രാധാന്യത്തെക്കുറിച്ചോ അതുണ്ടാക്കുന്ന ദൂരന്തത്തെക്കുറിച്ചോ അറിവുണ്ടാകാൻ വഴിയില്ല. രഹസ്യസ്വഭാവത്തിൽ ചർച്ചയൊന്നും കൂടാതെ പാസാക്കിയെടുത്ത സാധനമാണത്.

ദശാബ്ദങ്ങളായി അമേരിക്കയിൽ താമസിക്കുന്ന ക്നാനായ കത്തോലിക്കരുടെ സമുദായ സംരക്ഷണത്തിനുവേണ്ടി 1996–ൽ അന്നത്തെ ക്നാനായ സമിതി ആറുപേജുള്ള ഒരു എൻഡോഗമസ് ഭരണഘടന എഴുതിയുണ്ടാക്കി. ജന്മവും കർമ്മവും എല്ലാം കൃത്യമായി നിർവചിക്കുന്ന സുന്ദരമായ ഒരു ഡോക്യുമെന്റ്. അമേരിക്കൻ ഭരണഘടനക്കോ അവിടുത്തെ കാത്തലിക് ബിഷപ്പ് കോൺഫറൻസിന്റെ നയങ്ങൾക്കോ എതിരല്ല എന്ന കൃത്യമായ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഗ്യാൾവസ്റ്റൺ ഹ്യൂസ്റ്റൺ കത്തോലിക്കരൂപതയുടെ ചാൻസിലർ റവ. ഫ്രാങ്ക് എച്ച് റോസി 1996 സെപ്റ്റംബർ 13ന് അത് അംഗീകരിച്ച് ഒപ്പിടുകയുണ്ടായി.

2001 വരെയേ ആ സന്തോഷം നീണ്ടുനിന്നുള്ളൂ. 2001–ൽ ക്നാനായ എൻഡോഗമിയുടെമേലുള്ള കരിനിഴൽ ആയാണ് സീറോ മലബാർ അമേരിക്കയിലേക്ക് കടന്ന് വന്നത്. തുടർന്ന് ക്നാനായ റീജിയൻ സ്ഥാപിച്ച് 2006–ൽ അമേരിക്കൻ ക്നാനായ കത്തോലിക്കരെ സീറോ മലബാർ കബളിപ്പിക്കുകയായിരുന്നു.

2007–ൽ മേൽപ്പറഞ്ഞ ഹൂസ്റ്റൺ ക്നാനായ കാത്തലിക് മിഷൻ ഉൾപ്പെടെ അമേരിക്കയിലെ ഒട്ടുമിക്ക ക്നാനായ സ്ഥാപനങ്ങളുടെയും ഭരണഘടനയുടെ എൻഡോഗമിക്ക് ആർട്ടിക്കിളുകൾ അതീവ രഹസ്യമായി സീറോമലബാർ ഭേദഗതി ചെയ്ത് നോൺ എൻഡോഗമസ് ആക്കികൊണ്ട് ക്നാനായ കത്തോലിക്കരെ സീറോ മലബാറിൽ ലയിപ്പിക്കുവാൻ പരിശ്രമിക്കുന്നു. ബൈപ്പാസ് സർജറി എന്ന ഈ കൊടുംവഞ്ചനക്ക് കോട്ടയം അതിരൂപതാ നേതൃത്വത്തിന്റെ പരോക്ഷമായ പിന്തുണയും ഉണ്ടെന്നാണ് പിന്നീടുള്ള സംഭവനകൾ തെളിവു തരുന്നത്.

ഹൂസ്റ്റൺ ക്നാനായ കത്തോലിക് മിഷന്റെ 1996ൽ ചേരലിൽ ജോൺസൺ ഉൾപ്പെടുന്ന ഏഴംഗ ഭരണ ഘടനാസമിതിയിലെ ഒരാൾപോലും അറിയാതെയാണ് മേൽപ്പറഞ്ഞ ബൈപ്പാസ് സർജറി നടന്നത്. 2012–ൽ പള്ളി വാങ്ങിയശേഷമാണ് 2007–ൽ നടന്ന ചതി അവർ മനസിലാക്കിയത്. മനസിലാക്കിയ ഉടൻ ഫോം– 424 സർട്ടിഫിക്കറ്റ് ഓഫ് അമൻമെന്റ് അവർ തയ്യാറാക്കി, നഷ്ടപ്പെട്ട എൻഡോഗമി പുനസ്ഥാപിക്കാൻ വേണ്ടി, എന്നാൽ പാരീഷ് കൗൺസിലിൽ ഇഷ്ടക്കാരെ മാത്രം തിരുകിക്കയറ്റി സീറോമലബാർ "ജയിച്ചു" നില്ക്കുന്നു.

ക്നാനായ സമുദായ നേതാക്കളിൽ പ്രതീക്ഷ നഷ്ടപ്പെട്ട സമുദായ സ്നേഹികളിൽ ചിലർ ആർ.എസ്.എസ്. നേതാക്കളുടെ പിന്തുണ നേടാൻ ശ്രമിക്കുന്നു. മറ്റു ചിലർ യാക്കോബായ സഭയിൽ ചേരാൻ ശ്രമിക്കുന്നു. അസ്ഥിത്വവും അക്കാമ്പും നഷ്ടപ്പെട്ട് ഭ്രാന്തു പിടിച്ചോടുന്ന ഈ അവസ്ഥ അമേരിക്കയും കാനഡയും കഴിഞ്ഞ്, യുകെയിലും, ഓസ്ട്രേലിയായിലും എത്തിനില്ക്കുന്നു. 17 നൂറ്റാണ്ടു ചരിത്രമുള്ള ഈ സമുദായത്തെ ഇല്ലാതാക്കുവാനുള്ള സഹോദരങ്ങളുടെ ശത്രുതാപരമായ ഈ നീക്കത്തെ ചെറുത്തേ മതിയാകൂ.

*എഡിറ്റർ*

പേജ് 1 തുടർച്ച...

## സമുദായ സ്നേഹിയും ധീരനുമായ ബിഷപ്പ് ചൂളപ്പറമ്പിൽ

for our Syro- Malabar rite, I earnestly ask that this vicariate, constituted for the Southist people, be erected as a see, independent of the metropolitan, but directly dependent on the Holy See. For the same reasons for which the people in this vicariate were separated from the other people already included in the other vicariates of the same rite through the aforementioned decree, this vicariate be erected as a archiepiscopal see without suffragans. Such dioceses directly dependent on the Holy See and metropolitan sees without suffragans already exist for reasons known to the Holy See, both in Italy and in other parts of the world.

The reasons why I so ask the Sacred Congregation now, are found in petitions dated 1 March 1911 and presented by all the Syro-Malabar vicars apostolic then existing in our region to the Supreme Pontiff as well as to the Sacred Congregation, the copies of which I enclose with this letter. If the see of Kottayam is constituted under a Northist metropolitan, I am afraid that the same difficulties and confusion may be repeated and the peace and concord now reigning among us may be lost.

After I have exposed the necessity and opportunity of separating the see of Kottayam (or Southist people) from the metropolitan jurisdiction of the Northists, I earnestly and humbly ask the Sacred Congregation again and again that by such a disposition it be deigned to conserve my people in the unity and beauty of peace, and with greatest reverences, as is due, I kiss the sacred purple and I am pleased to remain.

Given from our seminary in Brahmangalam on 8, December 1920, feast of the immaculate virgin.

Of Your Eminence, most obedient son, Alexander, bishop, vicar apostolic of Kottayam.

# ക്നാനായ സമുദായ സംരക്ഷണ സമിതി (KSSS) ആലഞ്ചേരി പിതാവ് സമക്ഷം സമർപ്പിക്കുന്നത്

2019 സെപ്റ്റംബർ 24

അത്യുന്നത കർദ്ദിനാൾ, മാർ ജോർജ്ജ് ആലഞ്ചേരി പിതാവേ,

4–ാം നൂറ്റാണ്ടിൽ പൗരസ്ത്യ സഭയുടെ പരിഛേദമായി കേരളത്തിലേക്ക് പ്രേഷിത കുടിയേറ്റം നടത്തിയ ക്നാനായക്കാർക്ക് അന്നത്തെ ചേരമാൻ പെരുമാൾ നൽകിയ സ്ഥാനമാനങ്ങളും ചെമ്പുതകിടിൽ എഴുതി കൊടുത്ത 72½ പദവികളും സംബന്ധിച്ച ചരിത്രവസ്തുതകൾ അങ്ങേയ്ക്കും അറിവുള്ളതാണല്ലോ. സെന്റ് തോമസ് മൗണ്ടിലുള്ള മ്യൂസിയത്തിൽ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന 72 പദവികൾ എന്ന തലക്കെട്ടിൽ ആലേഖനം ചെയ്ത് പ്രദർശിപ്പിച്ചിരിക്കുന്നതിൽ അതിന്റെ ചരിത്ര പശ്ചാത്തലമോ എങ്ങനെ ലഭിച്ചു എന്നോ ആരിൽ നിന്നും ലഭിച്ചു എന്നോ ആർക്ക് തന്നു എന്നതോ രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ എഴുപത്തിരണ്ടര പദവികളാണ് ക്നായിത്തൊമ്മന് ലഭിച്ചത്. ചരിത്രസത്യങ്ങൾ വളച്ചൊടിക്കുന്നതും തമസ്ക്കരിക്കുന്നതും ആർക്കും ഭൂഷണമല്ല. ക്നാനായ സമുദായ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന യാഥാർത്ഥ്യങ്ങൾ ഈ വിധം പ്രദർശിപ്പിച്ചിരിക്കുന്നതിൽ സമുദായത്തിന്റെ പ്രതിഷേധം അറിയിക്കുകയും, അക്കാര്യത്തിലുള്ള അവ്യക്തത മാറ്റി സത്യസന്ധമായ ചരിത്ര വസ്തുതകൾ പുനരാലേഖനം ചെയ്യണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

തെറ്റിദ്ധരിപ്പിക്കുംവിധം പ്രദർശിപ്പിക്കുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്ന ചരിത്രം സീറോമലബാർ സഭയുടെ അന്തസിനും വളർച്ചയ്ക്കും വിഘാതമായി മാറുമെന്നു മാത്രമല്ല സഭാചരിത്രം കെട്ടുകഥയായി മാറുകയും പൊതുസമൂഹത്തിൽ സഭ അപമാനിക്കപ്പെടുവാനും കാരണമാകുമെന്ന് ഖേദപൂർവ്വം അങ്ങയെ അറിയിക്കുന്നു.

ക്നായിത്തോമ്മായ്ക്കും കൂട്ടർക്കും ലഭിച്ച ചെപ്പേട് ചരിത്രപ്രസിദ്ധവും അനേകം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതും കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികളുടെയും അന്തസും ആഭിജാത്യവും ഉയർത്തിയതുമാണ്. ക്നായിത്തൊമ്മന് 17 ജാതികളുടെമേൽ അധികാരം ലഭിച്ചപ്പോഴാണ് നാട്ടു ക്രിസ്ത്യാനികൾക്കും ഈ ഉന്നതി കൈവന്നത്.

ഭരണാധിപനായിരുന്ന ചേരമാൻ പെരുമാൾ കൊടുത്ത പദവികൾ സിറിയൻ കുടിയേറ്റക്കാരിലൂടെ ലഭിച്ചതാണെന്ന സത്യം മറച്ചുവെച്ച് ക്രിസ്ത്യാനികൾക്ക് ലഭിച്ചതാണ് എന്ന് പറയുന്നതിലൂടെ സീറോമലബാർ സഭ ക്നാനായ പാരമ്പര്യത്തെ തമസ്ക്കരിക്കാൻ ശ്രമിക്കുന്നു എന്നതിൽ കെ.എസ്.എസ്.എസ്. അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

കൊച്ചി പാണ്ടികശാലയിൽ സൂക്ഷിക്കപ്പെട്ടിരുന്ന ക്നായിത്തൊമ്മൻ ചെപ്പേട് പോർച്ചുഗീസ് അധിനിവേശക്കാർ നടത്തിയ ഉദയംപേരൂർ സൂനഹദോസിനു ശേഷം മാത്രമാണ് അവിടെ നിന്നും കൊള്ളയടിക്കപ്പെട്ടത്, എങ്കിലും അത് അവിടെവെച്ച് നേരിൽ കണ്ടിട്ടുള്ള ചരിത്രകാരന്മാരുടെ പുസ്തകങ്ങളും സാക്ഷ്യങ്ങളും ചെപ്പേടിന്റെ പരിഭാഷകളും ക്നായിത്തൊമ്മൻ ചെപ്പേടിനെ സ്ഥിരീകരിക്കുന്നതുമാണ്.

ആയതിനാൽ 72 പദവികളുമായി ബന്ധപ്പെട്ട് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത മ്യൂസിയത്തിലെ ആലേഖനങ്ങൾ ക്നായിത്തൊമ്മൻ ചെപ്പേടുവഴി ക്രിസ്ത്യാനികൾക്കു ലഭിച്ച പദവികൾ എന്നു തിരുത്തുവാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ തിരുത്തുന്നത് സീറോ മലബാർ സഭയോടും ക്നാനായ സമൂഹത്തോടും അവരുടെ കോട്ടയം അതിരൂപതയോടും ചെയ്യുന്ന നീതിയായിരിക്കും.

എന്ന് വിശ്വസ്തതയോടെ,

# നവംബർ ഒന്നിലെ ഹ്യൂസ്റ്റൺ ക്നാനായ സംഗമം റിപ്പോർട്ട്



പ്രിയപ്പെട്ടവരേ, സീറോ, മലബാർ സഭാ നേതൃത്വത്തിൽ നിന്നും ആഗോള ക്നാനായ സമുദായം നേരിടുന്ന വംശനാശ ഭീഷണിയെ ചെറുത്തു തോല്പിച്ചു കൊണ്ട് ക്നാനായ കത്തോലിക്കാ എൻഡോഗമിക്ക് ജീവിക്കാൻ ആവശ്യമായ അന്തരീക്ഷം ലോകം എമ്പാടും ഒരുക്കുക എന്ന ഉദ്ദേശത്തോടെ ഒക്ടോബർ 31ന് താമ്പായിലും നവംബർ ഒന്നാം തീയതി വൈകിട്ട് ഹ്യൂസ്റ്റണിലും പ്രാദേശിക സമിതികൾ രൂപീകരിച്ച് പൊതുസമ്മേളനം നടത്തുകയുണ്ടായി. ഇത്തരം സമിതികൾ അമേരിക്കയുടെ മറ്റു ഭാഗങ്ങളിലും, കൂടാതെ ലോകത്ത് എമ്പാടുമുള്ള എല്ലാ ക്നാനായ ലൊക്കേഷനുകളിലും ഉടൻ തന്നെ നിലവിൽവരുന്നതാണ്.

ഹ്യൂസ്റ്റണിലും ദേശീയ അന്തർദേശീയ തലത്തിലും ക്നാനായ നേതൃത്വപാടവം തെളിയിച്ചിട്ടുള്ള പ്രഗൽഭർ ഉൾപ്പെട്ട ഗംഭീര സദസിനാണ് മേൽ പറഞ്ഞ സമ്മേളനത്തിൽ ഹൂസ്റ്റൺ ക്നാനായ കമ്മ്യൂണിറ്റി സെന്റർ വേദിയായത്. ബഹുമാന്യനായ തോമസ് ചെറുകരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ഫാ. സക്കറിയ എപ്പിസ്കോപ്പൽ, ഫാ.ഡോ. മാത്യു ജോസഫ് എന്നിവർ മുഖ്യാഥിതികളായെത്തി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്നാനായ നേതാക്കളുടെ ഗംഭീര പ്രഭാഷണങ്ങളും സമ്മേളനത്തിന് മുതൽക്കൂട്ടായി മാറി.

അമേരിക്കൻ പള്ളികളിൽ സേവനം അനുഷ്ഠിക്കുന്നവർ ഉൾപ്പെടെ 13 ക്നാനായ വൈദികരെ ഈ സമ്മേളനത്തിലേയ്ക്ക് ക്ഷണിച്ചിരുന്നുവെങ്കിലും സീറോ മലബാർ മാഫിയയെ ഭയന്ന് അതിൽ ഒരു വൈദികൻ പോലും എത്തിയില്ല.

അമേരിക്കൻ കാത്തലിക് ബിഷപ്സ് കോൺഫറൻസ് 1996–ൽ നമ്മുക്ക് അംഗീകരിച്ച് ഒപ്പിട്ടു നല്കിയിരുന്ന നമ്മുടെ എൻഡോഗമസ് ബൈലോ 2007ൽ സീറോ മലബാർ സഭ അമെൻമെഡ് ചെയ്ത് നോൺ എൻഡോഗമസ് ആക്കി മാറ്റിയപ്പോൾ മുതലാണ് നമ്മുടെ എൻഡോഗമിയുടെഅപചയം ആരംഭിച്ചത് എന്ന പൊതു വികാരം സമ്മേളനത്തിൽ സംശയദേദമെന്യേ അംഗീകരിക്കപ്പെട്ടു.

ധൃതി പിടിച്ച് ഒരു ക്നാനായ ഫൗണ്ടേഷൻ അമേരിക്കയിൽ തുടങ്ങുന്നത് നാട്ടിലുള്ള എൻഡോഗമിയെ കൂടി പൊളിച്ചടുക്കാൻ വേണ്ടിയാണ് എന്ന ആശങ്ക യോഗം പങ്കുവയ്ക്കുകയും മേൽ പറഞ്ഞ രീതിയിലുള്ള ഫൗണ്ടേഷൻ രൂപീകരണത്തെ സമ്മേളനം ശക്തമായി അപലപിക്കുകയും ചെയ്തു. ക്നാനായക്കാരനായിരിക്കാൻ ജന്മം മാത്രം മതി കർമ്മം ആവശ്യമില്ല എന്ന് കോടതിയിൽ സത്യവാങ്മൂലം നല്കിയതു പോലെ, അതിരൂപതയെ നിരായുധീകരിക്കുന്നതിന്റെ ഭാഗം ആയിട്ടാവാം അതിരൂപതയുടെ ചരിത്ര വസ്തുക്കൾ ചിക്കാഗോയിലെ ക്നാനായ ലൈബ്രറിയിലേക്കെന്നും പറഞ്ഞ് മാറ്റിയത് എന്നും സമ്മേളനം വിലയിരുത്തുകയുണ്ടായി.

കഴിഞ്ഞ 13 വർഷങ്ങളായി നാം ഏറു വാങ്ങിക്കൊണ്ടിരിക്കുന്ന ഇത്തരത്തിലുള്ള വെല്ലുവിളികളുടെയും തിരിച്ചടികളുടെയും അടിസ്ഥാനത്തിൽ, കോട്ടയം അതിരൂപതാ അജപാലകർ ഒരു വിധത്തിലും നമ്മുടെ എൻഡോഗമിയെ സംരക്ഷിക്കില്ല എന്ന തിരിച്ചറിവിലേക്കാണ് സമ്മേളനം എത്തിച്ചേർന്നത്. തുടർ നടപടികൾക്കായി സമ്മേളനം പ്രതിനിധി സമിതിയെ അധികാരപ്പെടുത്തുകയും ചെയ്തു.

അമേരിക്കയിലെ ദേശീയ സമിതിയുടെ അദ്ധ്യക്ഷൻ, ആഗോള ക്നാനായ ഏകോപന സമിതി കൺവീനർ എന്നീ രണ്ടു സ്ഥാനങ്ങളിലേക്കുള്ള പൊതു സമ്മതൻ എന്നനിലയ്ക്ക് ബഹുമാനപ്പെട്ട ടോമി മ്യാൽക്കരപ്പുറത്തിന്റെ പേര് പ്രതിനിധി സമ്മേളനം ഐകകണ്ഠ്യേന നിർദേശിച്ചു.

ഹ്യൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളി ഉൾപ്പെടെയുള്ള അമേരിക്കയിലെ നമ്മുടെ എല്ലാ സങ്കര പള്ളികളും എൻഡോഗമസ് ആക്കി മാറ്റാൻ വേണ്ടി എല്ലാ രീതിയിലുമുള്ള തീവ്രയത്നത്തിൽ ഏർപ്പെടാൻ പ്രതിനിധി സമ്മേളനം തീരുമാനമെടുത്തു. അതിനാവശ്യമായ എല്ലാ രേഖകളും നിരത്തി പ്രതിനിധി സമ്മേളനം ചർച്ച നടത്തുകയുണ്ടായി. ഏതെങ്കിലും രീതിയിൽ ഇത് നടക്കാതെ വന്നാൽ, നമ്മെപ്പോലെ സുറിയാനി പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന ക്നാനായ യാക്കോബിറ്റ്സിന്റെ സഹായത്തോടു കൂടിയാണെങ്കിൽ പോലും സ്വന്തം എൻഡോഗമസ് ക്നാനായ പള്ളികൾ സ്ഥാപിക്കുമെന്ന ദൃഢപ്രതിജ്ഞയുമായാണ് പ്രതിനിധി സമ്മേളനം ഉപസംഹരിച്ചത്.

**ജോയി മാത്യു**
വെള്ളാംതടത്തിൽ.

# വടി കൊടുത്തു അടി മേടിച്ചു

**ജോൺ കരമ്യാലിൽ**
ചിക്കാഗോ



**ക്നാ**നായക്കാരല്ലാത്തവരും, ക്നാനായ സമുദായം ഉപേക്ഷിച്ചു പോയവരും ഇക്കഴിഞ്ഞ 2019 ഓഗസ്റ്റ് 31 -ൽ ഗ്ലോബൽ ക്നാനായ കത്തോലിക്ക നവീകരണ കോൺഫറൻസ് എന്ന പേരിൽ കോട്ടയത്ത് സംഘടിപ്പിച്ച യോഗത്തിൽ പ്രസംഗിച്ച ബഹുമാന്യരായ ജസ്റ്റീസ് കമാൽപാഷയുടെയും അഡ്വ.എ. ജയശങ്കറുടെയും പ്രസംഗമാണ് ഇതെഴുതുവാൻ പ്രേരകമായത്. ഇരുവരും ക്നാനായ സമുദായത്തിന്റെ ഓരം ചേർന്നു നിന്നുകൊണ്ട്, മത – സഭ നവീകരണത്തിന്റെ ആവശ്യകതയെപ്പറ്റിയാണ് പ്രസംഗിച്ചതെന്നു ആ പ്രസംഗങ്ങൾ നിരീക്ഷിച്ചാൽ മനസ്സിലാവും. ഒപ്പം നവീകരണം കത്തോലിക്ക സഭയ്ക്കു മാത്രമല്ല; ലോകത്തിലെ എല്ലാ മതങ്ങൾക്കും ബാധകമാണെന്നും, അതിനാൽ എല്ലാ മതവിശ്വാസികളും അതാത് മതനേതാക്കൾക്കു വിവരം കൊടുക്കുവാൻ മുമ്പോട്ടു വരണമെന്നും പറഞ്ഞു. അതുപോലെ മതങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാവാൻ കാരണം സമ്പത്ത് കുമിഞ്ഞു കൂടുന്നതാണെന്നും പറഞ്ഞു. ഇതു തടയേണ്ടത് വിശ്വാസികളായ ജനങ്ങളും സർക്കാരും ആണ്. ക്നാനായ സമുദായവുമായി യാതൊരുവിധ കുലബന്ധം പോലും ഇല്ലാത്തവരും, ക്നാനായരായിരിക്കുവാൻ അർഹതയില്ലാത്തവരുമാണ് ക്നാനായ കത്തോലിക്കരെ നവീകരിക്കുവാനായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്; ക്നാനായരെ നവീകരിക്കുവാൻ ക്നാനായത്തിനകത്തു ആൾക്കാർ വേണ്ടുവോളമുണ്ട്.

കൂടാതെ ഇരുവരും ക്നാനായ സമുദായവും, സ്വവംശവിവാഹനിഷ്ഠ പാലിക്കുന്ന ഇതര സമുദായങ്ങളും, വംശനാശത്തിലേക്ക് പോവുന്നുവെന്നു വൃഥാ വ്യാകുലപ്പെടുന്നു. അത് വെറും തെറ്റിദ്ധാരണയും വ്യാമോഹവുമാണ്. കൂടാതെ അതിൽ വിജാതീയർ എന്തിനു വിഷമിക്കുന്നു. വിവാഹം കഴിക്കാതെ കുറെ മധ്യവയസ്കർ ഉണ്ടെന്നും ഇവർ പറഞ്ഞു. അതിനു കാരണം സാമുദായികം അല്ല. ഓരോരുത്തരും ആഗ്രഹിക്കുന്ന ഗുണഗണങ്ങൾ എല്ലാം മറ്റുള്ളവർക്ക് ഉണ്ടാവണമെന്നില്ല. ഒന്നോ രണ്ടോ കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്താൽ വളരെ അനായാസകരമായി പരിഹരിക്കാവുന്നതേയുള്ളൂ ഈ പ്രശ്നം. വിദ്യാഭ്യാസ നിലവാരത്തിലും നിറത്തിലും സൗന്ദര്യത്തിലും ധനത്തിലുമൊക്കെ എപ്പോഴും തന്നെക്കാൾ ഉയർന്നിരിക്കണം; അല്ലെങ്കിൽ ഒപ്പമെങ്കിലും വേണമെന്ന ശാഠ്യമൊ, ദുശാഠ്യമൊ പിടിക്കുന്നിടത്താണ് പ്രശ്നം. കോംപീറ്റന്റ് (competent) ആയിട്ടുള്ളവരെ കണ്ടുകിട്ടുന്നില്ലെങ്കിൽ അല്പം താഴേയ്ക്കിറങ്ങി നോക്കണം. അംഗുലിപരിമിതമായ ഒന്നോ രണ്ടോ സമുദായാഗംങ്ങൾ സമുദായം ഉപേക്ഷിക്കുന്നതിന്റെ പേരിൽ സമുദായത്തിന്റെ അംഗബലം കുറയുകയില്ല; ജനന നിരക്കാണ് കുറയുന്നത്. ക്നാനായ സമുദായം എണ്ണത്തിലല്ല; ഗുണമേന്മയ്ക്കാണ് പ്രഥമപ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ടാണ് ലോകത്തിലുള്ള ക്നാനായേതര സമൂഹം മുഴുവനും നിരൂപിച്ചിട്ടും ക്നാനായ സമുദായത്തിന് ഒരു പോറൽ പോലുമേൽക്കാത്തത്.

ക്നാനായ സമുദായത്തെഉദ്ധരിക്കുവാനായി ഇവർ നടത്തിയ യോഗത്തിൽ ശ്രീ. ജസ്റ്റീസ് കമാൽ പാഷ, തുടക്കത്തിലെ സരസമായി മതനേതാക്കളാരും സ്വർഗത്തിൽ ചെന്നിട്ടില്ലെന്നു അടച്ചാക്ഷേപിച്ചു; അതിനെ അവിടെ വേദിയിലും സദസ്സിലും ഉണ്ടായിരുന്നവരെല്ലാം കൈയ്യടിച്ചു രസിച്ചു സമ്മതിച്ചു. യോഗ്യതയുള്ളവരെ വേണം ജനങ്ങൾ തെരഞ്ഞെടുക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു; ഒപ്പം ഇതിന്റെ സംഘാടകർ അദ്ദേഹത്തെ ക്ഷണിച്ചശേഷമാണ്, 'ക്നാനായ സമുദായം' എന്തെന്ന് അദ്ദേഹം പഠിക്കുവാൻ തുടങ്ങിയതെന്നു പറഞ്ഞു, തന്നെ ക്ഷണിച്ചവർക്കു കൊടുത്തു ആദ്യത്തെ കൊട്ട്.

ക്നാനായ സമുദായം സ്വവംശ വിവാഹനിഷ്ഠ പാലിക്കുന്നത് കാടത്തരമാണെന്നു പറഞ്ഞ അദ്ദേഹം എന്തിനു മറ്റുള്ളവരെ അതിലേക്ക് നുഴഞ്ഞു കയറുവാൻ വൃഥാ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെ സമുദായവും ഇടവകയും തമ്മിലുള്ള വ്യത്യാസം അദ്ദേഹം മനസ്സിലാക്കിയിട്ടില്ല; മനസ്സിലാക്കണം. അദ്ദേഹം നല്ലതിനുവേണ്ടി പ്രാർത്ഥിക്കാമെന്നു പറഞ്ഞു എന്ത് നല്ലത്? ക്നാനായ സമുദായത്തെ ഇല്ലാതാക്കുന്നതോ? പ്രാർത്ഥിക്കുന്നതുപോലെയൊക്കെ സംഭവ്യമായിരുന്നെങ്കിൽ ഇന്ന് ലോകത്തിൽ ഒരൊറ്റ മനുഷ്യനെങ്കിലും ജീവിച്ചിരിക്കുമായിരുന്നോ. ആരെയെങ്കിലും ഒക്കെ അകാരണമായി വേദനിപ്പിച്ചിട്ടുണ്ടെന്നു മനസ്സിലാക്കിയാവും അതിനു അവസാനം അദ്ദേഹം ഖേദവും പ്രകടിപ്പിച്ചു.

അഡ്വ. എ. ജയശങ്കർ പറയുന്നു, ക്നാനായ സമുദായം സ്വവംശവിവാഹനിഷ്ഠ പാലിക്കുന്നതിനാൽ, സമുദായത്തിന് ഒരു യൂണിവേഴ്സിറ്റി വൈസ് ചാൻസലറെ നഷ്ടപ്പെട്ടുവെന്ന്. വൈസ് ചാൻസലർ എന്നല്ല, സമുദായാഗം അല്ലാത്ത ഒരാൾ, രാഷ്ട്രത്തലവനായാലും മാർപാപ്പയായാലും സമുദായത്തിന്റകത്ത് കയറ്റില്ല. ഈ സ്ഥാനങ്ങളൊക്കെ സമുദായാഗംങ്ങൾ പഠിച്ചു അർഹതപ്പെട്ടു നേടിക്കൊള്ളും. അതിനെപ്പറ്റി മറ്റുള്ളവർ വേവലാതിപ്പെടേണ്ടതില്ല. സമുദായത്തിൽ നിന്നും വിട്ടുപോയവർക്കാണ് വേദനയെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. വിടുതൽ ശവമടക്കിനു തുല്യമാണ്. മരിച്ചുകഴിഞ്ഞാൽ ബോഡി മറവു ചെയ്യാതിരിക്കുവാനാവുമോ? ശവം മറവു ചെയ്യുന്നത് ജീവിച്ചിരിക്കുന്നവർക്കു ജീവിക്കുവാനാണ്. പോവുന്നവരെക്കാളും വേദന വിടുന്നവർക്കാണ്; പക്ഷെ വിട്ടുപോയവരിൽ ഒരാളെതിരിച്ചെടുത്താൽ സമുദായം ഇല്ലാതാവും. സമുദായം വിട്ടുപോയ സമുദായസ്നേഹികൾക്കു തിരിച്ചുവരണമെന്നില്ല; കാരണം അവർക്ക്സമുദായം നിലനിൽക്കണമെന്നുണ്ട്. സമുദായത്തെ ഉന്മൂലനം ചെയ്യണമെന്നുള്ളവരാണ് അതിനുവേണ്ടി വൃഥാ ശ്രമിക്കുന്നത്. കാരണം ദുഷ്ചിന്തകർക്കു, തനിക്കു നഷ്ടപ്പെട്ടത് മറ്റുള്ളവർ, അത് സ്വന്തംസഹോദരനാണെങ്കിലും അനുഭവിക്കരുത് എന്ന പൈശാചിക സ്വഭാവം സ്വയമേയുള്ളതുകൊണ്ടാണ്.

മുൻ കേരള വിദ്യാഭ്യാസ മന്ത്രി, ശ്രീ എം.എ. ബേബിയുടെ ഭാര്യ പിതാവിനെയും, ശ്രീ. വി.കെ. കുര്യനെയും ശ്രീ. പൊൻകുന്നം വർക്കിയെയും ശ്രീ. പുലിക്കുന്നേൽ ജോസഫിനെയും പള്ളി സിമിത്തേരികളിൽ സംസ്കരിക്കാത്തതും, കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. പ്രൊ. ജോസഫ് മുണ്ടശ്ശേരിയെ പള്ളിയിൽ സംസ്കരിച്ചതും ഒക്കെ സഭാപരമായ കാര്യങ്ങളാണ്; സാമുദായിക കാര്യങ്ങളല്ല.

എല്ലാവർക്കും കോട്ടയത്തേയ്ക്കും ക്നാനായ സമുദായത്തിലേക്കും നുഴഞ്ഞു കയറണമെന്നു എന്താണ് ഇത്ര നിർബ്ബന്ധം? അതാണ് അർഹതപ്പെട്ടത് കളഞ്ഞു കുളിച്ചാലത്തെ കുഴപ്പം. മിഥ്യയായ ആദർശങ്ങൾ കാണിക്കുവാൻ ഇത് സിനിമയല്ല; ജീവനും ജീവിതവുമാണ്. ബഹുമാന്യരായ കമാൽപാഷയും ജയശങ്കറും ഈ യോഗത്തിൽ മനഃപൂർവ്വം മറന്നതും ചോദിക്കേണ്ടതും ആയ ഒരു ചോദ്യമായിരുന്നു, 'നിങ്ങളിൽ (സമുദായം വിട്ടവരിൽ) ആരെങ്കിലും നിങ്ങളുടെ സഹോദരനോട്, സമുദായം മാറി വിവാഹം ചെയ്യുവാൻ പറയുകയോ, നിർബ്ബന്ധിക്കുകയോ ചെയ്തിട്ടുണ്ടോ' എന്ന്. എന്നാൽ സമുദായം വിട്ടവരും, സമുദായ മഹത്വം അറിയാവുന്നവരും ആണ്, ഒരിക്കലും അവരുടെ സഹോദരർ ഇതര വിഭാഗത്തിൽ നിന്നും വിവാഹം ചെയ്യുവാൻ സമ്മതിക്കാത്തത്. ക്നാനായ സമുദായത്തിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് ക്നാനായ സമുദായമാണ്. ■

# സീറോ മലബാർ- ടിക്കറ്റ് എഴുതുന്ന സഹയാത്രികൻ

**ആർ. ജോയി മാത്യു വെള്ളാംതടത്തിൽ**
ഹ്യൂസ്റ്റൺ, ടെക്സാസ്



**ലോ**കം എമ്പാടുമുള്ള ക്നാനായക്കാരുടെ എൻഡോഗമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഒരു ലേഖന പരമ്പരയുടെ ആദ്യ ലക്കം ആണിത്. 64 -ഉം 60-ഉം വയസ്സുള്ള എന്റെ ഏറ്റവും മൂത്ത ജ്യേഷ്ഠനും ഏറ്റവും മൂത്ത പെങ്ങളും ക്നാനായ സമുദായത്തിന് പുറത്തു നിന്നും കല്യാണം കഴിച്ചവരാണ്. അതുകൊണ്ടുതന്നെ അവർ ആച്ചിക്കൽ (പാലാ രൂപത) പള്ളി ഇടവക അംഗങ്ങളാണ്. എന്നാൽ പരസ്പര സഹായത്തിലും സ്നേഹത്തിലും അടിയുറച്ച ഊഷ്മള ബന്ധമാണ് അവർ എല്ലാവരുമായും ഉള്ളത്. തനിമ നഷ്ടപ്പെട്ടുപോയതിന്റെ പേരിൽ എന്തെങ്കിലും അസ്വസ്ഥതയോ അല്പമെങ്കിലും പ്രതിഷേധമോ അവരാരും, റിട്ടയേർഡ് ഇംഗ്ലീഷ് പ്രൊഫസർ ആയ മൂത്ത ജ്യേഷ്ഠൻ പോലും ഇന്നേ വരെ പ്രകടിപ്പിച്ചിട്ടില്ല. സ്വാഭാവികമായ രീതിയിൽ അതെല്ലാം ഉൾകൊള്ളാൻ കഴിയുന്നത്ര മാനസിക വികാസം അവർക്കുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന ക്നാനായക്കാരല്ലാത്ത എൻഡോഗമി വിഭാഗങ്ങളെ സംബന്ധിച്ച് നമ്മുടെ ക്നാനായ -സീറോ- മലബാർ സഭാ നേതൃത്വങ്ങളിൽ ഉള്ളവർക്ക് വേണ്ടത്ര അറിവ് ഇല്ലായെന്ന് എനിക്ക് തോന്നുന്നു. ക്നാനായക്കാരല്ലാത്ത എൻഡോഗമി വിഭാഗക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളമായി വസിക്കുന്നുണ്ട്. ക്നാനായക്കാർ വംശഭീഷണി നേരിടുന്ന ആദ്യരാജ്യമായ അമേരിക്കയിലെ സ്ഥിതിയാണ് ഈ ലക്കത്തിൽ പരാമർശിക്കുന്നത്. 1693-ൽ ജേക്കബ് അമ്മൻ എന്ന വ്യക്തിയാൽ നയിക്കപ്പെട്ടിരുന്ന ഒരു ക്രിസ്തീയ വിഭാഗം സ്വിറ്റ്സർലന്റിൽ ഉണ്ടായിരുന്നു. 18-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ അവർ അമേരിക്കയിലേക്ക് കുടിയേറുകയുണ്ടായി. Amish People എന്നാണവർ അറിയപ്പെടുന്നത്. ഇത് വായിക്കുന്നവർ ഗൂഗിളിനോട് ചോദിക്കുക; 'Do the Amish Marry outsiders'അപ്പോൾ ഗൂഗിൾ നിങ്ങൾക്ക് ഉത്തരം നല്കും. "Traditionally Amish People are expected to marry other Amish people within their community or from other amish settlements. However Amish men can Marry English.. But they run the risk of being shunned by their community... As a result, Amish women don't marry English men"

വിവേചനത്തിന്റെ ഒന്നാം നമ്പർ ശത്രുവും ഏകവ്യക്തിനിയമത്തിന്റെയും തുല്യതയുടെയും (Equal Opportunity) വിളനിലവും ആയ അമേരിക്കയിൽ എൻഡോഗമി പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഇപ്പോഴും സുഖമായി ജീവിക്കാൻ Amish Group ന് എങ്ങനെയാണ് കഴിയുന്നത്. അമേരിക്കൻ ഭരണഘടന നല്കുന്ന സംരക്ഷണവും ഭരണകൂടത്തിന്റെ അംഗീകാരവും മാത്രമല്ല അതിനു പിന്നിൽ. കാര്യലാഭത്തിനായി വംശഹത്യ നടത്തുന്നവരല്ല അവരുടെ സഭാ നേതൃത്വത്തിലുള്ളവർ എന്നതാണ് അവരുടെ ഏറ്റവും വലിയ ഭാഗ്യം. പള്ളികൾ വരുന്നതിനു മുൻപ് Amish Group നെപോലെ തനിമ നിലനിർത്തി സുഖമായി ജീവിച്ചവരാണ് അമേരിക്കയിലെ ക്നാനായക്കാർ. പള്ളികളുടെ ആവിർഭാവത്തോടെ അമേരിക്കൻ ക്നാനായ എൻഡോഗമിയുടെ വംശനാശഭീഷണിയും ആരംഭിച്ചു. എന്താണിതിന് കാരണം?

പരസ്പര പൂരകങ്ങളായി, പരസ്പര ബഹുമാനത്തോടെ, ദശാബ്ദങ്ങളായി നാട്ടിൽ ജീവിക്കുന്ന രണ്ടു വ്യത്യസ്ത സ്വതന്ത്ര സ്ഥാപനങ്ങൾ ആണ് ക്നാനായ സമുദായവും സീറോ മലബാറും. എന്നാൽ ബഹുദൂരം യാത്ര ചെയ്ത് അങ്ങ് അമേരിക്കയിൽ എത്തിയപ്പോൾ സീറോ മലബാർ ചാടിയെണീറ്റ് ക്നാനായക്കാർക്ക് ടിക്കറ്റെഴുതി.

ഇക്കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ നയാ പൈസ ഇൻവെസ്റ്റ് ചെയ്യാതെ പതിനഞ്ചോളം ക്നാനായ പള്ളികൾ സീറോ മലബാർ സ്വന്തം പേരിലാക്കി. അബദ്ധത്തിൽ ക്നാനായ അസോസിയേഷന്റെ പേരിൽ ആയിപോയ ഹ്യൂസ്റ്റണിലെ പള്ളിയുടെ ഓണർഷിപ്പ് ടൈറ്റിൽ അമെൻഡ് ചെയ്ത് സീറോ മലബാർ സ്വന്തം പേരിലാക്കി. മണി, ആൻഡ് പവർ. ഇവ രണ്ടിനും വേണ്ടിയുള്ള പോരാട്ടമാണല്ലോ രാഷ്ട്രീയം എന്നു പറയുന്നത്. സഭകളും ചെയ്യുന്നത്. സീറോ മലബാർ അതിനുമപ്പുറവും പോയി. അതുകൊണ്ടാണ് ഇവന്മാർക്ക് തനിമ അനുവദിച്ചുകൊടുക്കണമോ! വേണ്ടയോ എന്ന് കണ്ടുപിടിക്കാൻ സ്വന്തം നിലയിൽ അന്വേഷണ കമ്മീഷനെ വച്ചതും രണ്ടുവർഷത്തെ ഗവേഷണത്തിന് ശേഷം തനിമ ഒരു മേഖലയിലും അനുവദിക്കണ്ട എന്ന് തീരുമാനിച്ചതും. എ.ഡി. 345 മുതൽ നിലനിന്നുപോരുന്ന എൻഡോഗമി ആണ് 'പുഷ്പം പോലെ' നിർത്തലാക്കിയത്. എത്ര തവണ പറഞ്ഞു കുമ്പസാരിച്ചാലും തീരാത്തത്ര തെറ്റുകളാണ് സീറോ മലബാർ നിരന്തരമായി അമേരിക്കയിലെ ക്നാനായ മക്കളോട് ചെയ്തുകൊണ്ടിരിക്കുന്നത്. പള്ളികൾ നിലവിൽ വന്നാൽ ഉടൻ നാട്ടിലേതുപോലുള്ള സ്വന്തം രൂപത അമേരിക്കയിൽ അനുവദിച്ചു തരും, നിങ്ങൾ ധൈര്യമായി കാശ് മുടക്കിക്കോ എന്ന് കാലയളവിൽ അച്ചന്മാരെകൊണ്ട് ക്നാനായക്കാരോട് സീറോമലബാർ നുണ പറയിച്ചതുമുതലുള്ള കാര്യങ്ങൾ ഞങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. പിന്നീട് രൂപതയ്ക്ക് പകരം 'രൂപാ താ' എന്നു മാത്രമായി നിലപാട്. ഒടുവിൽ എൻഡോഗമിയിൽ വരെ കത്തിവച്ചു.

അമേരിക്കയിലെ വഞ്ചന കൃത്യമായി ഡൽഹിയിലേക്ക് അറിയിച്ചതുകൊണ്ട് ഈ സമയം വരെ അവിടെ സങ്കരപ്പള്ളി വാങ്ങാനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടില്ല. 'ഡൽഹി ദൗത്യം' പൂർത്തിയാവുന്നതുവരെ കാത്തിരിക്കാനുള്ള ക്ഷമ സീറോ മലബാറിന് ഇല്ലാത്തതുകൊണ്ടാവാം ''കൊല്ലക്കുടിയിൽ സൂചി വിൽക്കാൻ പോയി' എന്നു പറയുംപോലെ ക്നാനായ എൻഡോഗമിയുടെ ഈറ്റില്ലം ആയ സാക്ഷാൽ കേരളത്തിലേക്കു തന്നെ അവർ തിരിഞ്ഞത്. ലോകമെമ്പാടും അപ്നാദേശ് ന്യൂസ്പേപ്പർ കത്തിക്കൽ പരമ്പര ഉണ്ടായത് അതിന്റെ പേരിൽ ആയിരുന്നുവല്ലോ. സഭാപിതാക്കന്മാർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന നിങ്ങൾക്ക് എന്തുപറ്റി. ഈ ലോക ചരിത്രത്തിലെ ഏറ്റവും വലിയ വിപത്ത് ആണ് മതവിദ്വേഷം. അതുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ ഒരു വേള മതപരിവർത്തനത്തെ നിരുൽസാഹപ്പെടുത്തി സംസാരിച്ചത്. മത-സാമുദായിക സ്പർദ്ധ ഇല്ലാതാക്കാൻ നിശ്ചയദാർഢ്യത്തോടെ പണിയെടുക്കേണ്ടുന്ന സീറോ മലബർ സഭാ നേതൃത്വം, മെസൊപ്പൊട്ടോമിയായിൽ നിന്നുവന്ന് കൊടുങ്ങല്ലൂരിൽ തുടങ്ങി ലോകത്തോളം വളർന്നു കഴിഞ്ഞ ഒരു സമുദായത്തെ ഭൂപടത്തിൽ നിന്ന് മായ്ച്ചു കളയാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഗൂഗിളിനെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാവും അതിനേക്കാൾ എളുപ്പമുള്ള പണി എന്നേ സീറോ മലബാറിനോട് പറയാനുള്ളൂ.

കഴിഞ്ഞ ദിവസം കോട്ടയത്ത് സമ്മേളിച്ച 'നവീകരണക്കാരോട്' രണ്ടു വാക്ക്. തെറ്റായ ആശയ സംഹിതകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള ഭീകരാക്രമണങ്ങൾ നടമാടിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണല്ലോ ഇപ്പോൾ നമ്മൾ ജീവിക്കുന്നത്. ക്നാനായ എൻഡോഗമിയെ തിരുത്തുവാൻ വേണ്ടി ചെലവഴിക്കുന്ന പണവും സമയവും അത്തരം തീവ്രവാദമേഖലകളിൽ ഭീകരാക്രമണങ്ങൾക്കെതിരെ ചെലവഴിക്കുകയാണെങ്കിൽ അത് മാനവരാശിക്കുതന്നെ പ്രയോജനകരം ആയിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. ലോകത്തിലെ ഏറെക്കുറെ എല്ലാ രാജ്യങ്ങളുടെയും മുഖ്യധാരയിലേക്ക് കടന്നു ചെന്ന്, സമസ്തമേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച് ജീവിക്കുന്ന നാടിനും ജന്മനാടിനും വേണ്ടി നന്മ ചെയ്തുകൊണ്ടിരിക്കുന്നവരാണ് ക്നാനായ സമൂഹം. ടൈറ്റാനിക്കിനേക്കാൾ ധാർമികബലമുള്ള പായ്ക്കപ്പലിലാണ് എ.ഡി. 345-ൽ നാം വന്നതെന്ന് മറക്കാതിരിക്കുക.

*ശേഷം അടുത്ത ലക്കത്തിൽ*

*പേജ് 1 തുടർച്ച....*

# സത്യവാങ്മൂലം തിരുത്തി നൽകണം

1. എന്നാൽ പിതാവ് പറഞ്ഞതിന് വിപരീതമായി സ്വവംശവിവാഹനിഷ്ഠ എന്ന കർമ്മം ഒഴിവാക്കിക്കൊണ്ടാണ് സത്യവിരുദ്ധമായി നിർവചന രൂപത്തിൽ കോടതിയിൽ താഴെ പറയുന്ന പ്രകാരം പത്രിക നൽകിയിട്ടുള്ളത്.

"This shows that the Kottayam Vicariate (which later became the Archdiocese of Kottayam) is exclusively meant for Knanaya community i.e., for a person born from both Knanaya parents" (Written Statement Paragraph 17, Last sentence)

'ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിച്ചവരിൽ സ്വവംശ വിവാഹനിഷ്ഠ ലംഘിക്കാത്തവരുടെ സമൂഹമാണ് ക്നാനായ സമുദായം' എന്ന യാഥാർത്ഥ്യം നിലനിൽക്കെ ക്നാനായ മാതാപിതാക്കളിൽ നിന്നു ജന്മമെടുത്തു എന്ന ഒറ്റക്കാരണത്താൽ മിശ്ര വിവാഹിതനെങ്കിൽക്കൂടി ഒരാൾ മരണം വരെ ക്നാനായക്കാരൻ ആയിരിക്കുമെന്ന് മാത്രമല്ല, സമുദായ അംഗവും ആയിരിക്കുമെന്ന് പറയുന്നത് വലിയ തെറ്റും ക്നാനായ ജനതയ്ക്ക് യാതൊരു കാരണവശാലും അംഗീകരിക്കാനോ ഉൾക്കൊള്ളാനോ ആവുന്നതും അല്ല. ക്നാനായ ചരിത്രത്തിൽ ആദ്യമായിട്ടാവും ഇങ്ങനെ ഒരാൾ മിശ്രവിവാഹിതനെ സമുദായാംഗമാക്കുന്നത്.

ക്നാനായ മാതാപിതാക്കളിൽ നിന്നുള്ള ജന്മംമൂലം ഉറപ്പാക്കപ്പെടുന്ന സമുദായാംഗത്വം അവന്റെ വിവാഹം വരെ മാത്രമേയുള്ളൂ. അംഗത്വം വിവാഹ ശേഷവും തുടരണമെങ്കിൽ ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച വ്യക്തിയെ തന്നെ ആയിരിക്കണം വിവാഹം ചെയ്യേണ്ടത്.

2. Birth Right നെപ്പറ്റി പത്രികയിൽ തെറ്റായി പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യവും താഴേ ചേർക്കുന്നു.

Membership in the Knanaya community or Archdiocese of Kottayam is a Birth Right that follows from being born to Knanaya parents exclusively.

അംഗത്വം Birth Right ആണെന്ന് മിശ്രവിവാഹിതർ പോലും ഇന്നേവരെ അവകാശപ്പെട്ടതായി കാണുന്നില്ല. അപ്പോൾ ആരെ സഹായിക്കാനാണ് അങ്ങനെയൊരു അവകാശവാദം നാം തന്നെ കൊണ്ടുവരുന്നതെന്നത് ദുരൂഹം തന്നെ.

സമുദായംഗത്വമോ, ക്നാനായ ഇടവകാംഗത്വമോ ഒരു Birth Right (ജന്മാവകാശം) ആണെന്ന് പറയുന്നത് തികച്ചും അർഥശൂന്യമാണ്. ഇടവക അംഗത്വം ജനന സമയത്ത് ലഭിക്കുന്നതുപോലും അല്ല. അത് മാമോദീസാ സ്വീകരണശേഷം മാത്രം ലഭിക്കുന്നതാണ്. പിന്നെങ്ങനെയാണ് അത് Birth Right ആവുക. ജന്മാവകാശം ബാഹ്യ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടാത്ത രീതിയിൽ സ്വതന്ത്രമാണ്. ഉദാഹരണത്തിന് ക്നാനായത്വം (Presence of Knanaya Genes) അത് മാറ്റം വരുത്താനാവാത്തതും മരണം വരെ നിലനിൽക്കുന്നതുമാണ്.

എന്നാൽ സമുദായ അംഗത്വം ജനന സമയത്ത് ലഭിക്കുന്നു എന്നു മാത്രമേയുള്ളൂ. അല്ലാതെ, ക്നാനായത്വം പോലെ Suspend ചെയ്യാൻ പോലും സാധിക്കാത്ത ഒരു Birth Right അല്ല. ഒരുവൻ ക്നാനായക്കാരൻ ആകുവാൻ ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിക്കണം എന്നുള്ള ക്നാനായ നിയമത്തിന്റെ ആദ്യ ഭാഗത്തിന്റെ പ്രത്യേകതകൊണ്ട് മാത്രമാണ് ജനന സമയത്ത് സമുദായ അംഗത്വം ലഭിക്കുന്നത്. അതുപോലെ സമുദായാംഗം ആയിരിക്കുന്നതിന് സ്വവംശ വിവാഹ നിഷ്ഠ ലംഘിച്ചിരിക്കാൻ പാടില്ല എന്ന ക്നാനായ നിയമത്തിന്റെ രണ്ടാം ഭാഗത്തിന്റെ പ്രത്യേകത മൂലമാണ് മിശ്രവിവാഹിതന്റെ സമുദായ അംഗത്വം സ്വയം നഷ്ടമാവുന്നത്. അതിനാൽ കോടതിയിൽ നിലവിലുള്ള എല്ലാ കേസുകളിലെ പത്രികകളിൽ കൊടുത്തിരിക്കുന്ന തെറ്റായ നിർവചനം തിരുത്തി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*കെ.എസ്.എസ്.എസ്.*
*പ്രസിഡന്റ്, സെക്രട്ടറി*

# അഭി: പണ്ടാരശ്ശേരിൽ പിതാവ് 2019 സെപ്റ്റംബർ 20ന് ഓസ്ട്രേലിയയിലെ ബ്രിസ്ബനിൽ നടത്തിയ പ്രസംഗത്തിന്റെ ഒരവലോകനം

ഫിലിപ്പ് ഐ.എഫ്.എസ്. (റിട്ട.)
നെടുഞ്ചിറ



നമ്മുടെ പൂർവ്വികരിൽ നിന്ന് ലഭിച്ച പാരമ്പര്യത്തിന്റെ ബാറ്റൺ തലമുറകളിലൂടെ കൈമാറിയാൽ നമ്മുടെ സമുദായവും തനിമയോടെ ലോകാവസാനം വരെ നിലനിൽക്കും എന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞത് ശരിയാണ്. എ.ഡി 345 മുതൽ 1911 വരെ അങ്ങനെ തന്നെയാണ് അവ അഭംഗുരം നിലനിന്നിട്ടുള്ളത്. അന്നൊന്നും നമ്മുടെ സ്വവംശ വിവാഹ നിഷ്ഠാ പാരമ്പര്യം നാം പണയപ്പെടുത്തിയിട്ടില്ല.

ഭാവിയിലും അവ സുരക്ഷിതമായും, വർദ്ധിച്ച ആവേശത്തോടും കൂടി കൊണ്ടു പോകുന്നതിന് വേണ്ടിയാണ് ഈ സമുദായത്തിലെ അംഗങ്ങളെ എല്ലാവരെയും ഉൾപ്പെടുത്തി തെക്കുംഭാഗ ജനതയ്ക്ക് പ്രത്യേകമായി വിശുദ്ധ പത്താം പീയൂസ് മാർപാപ്പാ ഒരു രൂപത സ്ഥാപിച്ചത്. അതിനാൽ നമ്മുടെ അടിസ്ഥാന പാരമ്പര്യമായ സ്വവംശ വിവാഹനിഷ്ഠ അഭംഗുരം പരിപോഷിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കോട്ടയം രൂപതയ്ക്ക് പ്രത്യേക ഉത്തരവാദിത്വമുണ്ട്. ആ പ്രാഥമിക ഉത്തരവാദിത്വത്തിൽ നിന്ന് കോട്ടയം രൂപതയ്ക്കോ അതിന്റെ അധികാരികൾക്കോ ഒഴിഞ്ഞു മാറാനാകില്ല. അതിനാൽ കോട്ടയം രൂപതയ്ക്ക് യാതൊരു കാരണവശാലും endogamous അല്ലാത്ത ഇടവകകൾ അംഗീകരിക്കാനോ, നിയമപരമായി എൻഡോഗമസ് അല്ലാത്തതിനെ ക്നാനായ എന്ന് വിളിക്കുവാനോ സാദ്ധ്യമല്ല. അങ്ങനെ ചെയ്താൽ നമ്മുടെ പാരമ്പര്യത്തെ അഭംഗുരം മുന്നോട്ടു കൊണ്ടുപോകുന്നതിനെ നിരുത്സാഹപ്പെടുത്താനും, തടസ്സപ്പെടുത്താനും മാത്രമേ സഹായിക്കൂ. അങ്ങനെ ചെയ്യുന്നതും ചെയ്തതുമാണ് യഥാർത്ഥപ്രശ്നം.

സീറോമലബാർ ഇടവകകളുടെ അംഗത്വ മാനദണ്ഡം തന്നെ കോട്ടയം രൂപതയ്ക്കു വെളിയിലുള്ള 'ക്നാനായ' എന്ന പേര് ചൊല്ലി വിളിക്കുന്ന ഇടവകകളിലും ബാധകമാണെന്ന് അറിഞ്ഞു കൊണ്ട് തന്നെ ഒന്നും അറിയാത്ത മട്ടിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് ക്നാനായമെത്രാന്റെ അന്തസ്സിന് ചേർന്നതാണോ എന്ന് അദ്ദേഹം സ്വയം വിലയിരുത്തുന്നത് നന്നായിരിക്കും.

AD 345ൽ നമ്മുടെ പൂർവികർ കേരളത്തിൽ വന്നത് ഒരു സഭാ ഘടകം ആയിട്ടാണെങ്കിലും അതിന്റെ നേതൃസ്ഥാനത്തു നിന്ന് നയിച്ചത് ക്നായിത്തോമ്മാ എന്ന ഒരു അല്മായൻ ആയിരുന്നു. അന്ന് കൂടെയുണ്ടായിരുന്ന മെത്രാനും വൈദികർക്കും വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് മാത്രമേ ഉത്തരവാദിത്വം ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അത് മാറി ആത്മീയ വളർച്ചയേക്കാൾ അവർ സാമ്പത്തിക വളർച്ചയ്ക്കും അത് കൈയ്യാളുന്നതിനും വേണ്ടി പ്രവർത്തിക്കുകയും അതിന് ക്നാനായ എൻഡോഗമി കോമ്പ്രമൈസ് ചെയ്യുവാൻ പോലും തയ്യാറാകുന്നു.

ഇടവകകളുടെ endogamous അംഗത്വത്തിന്റെ കാര്യത്തിൽ മാക്കീൽ പിതാവ് യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലാതിരുന്നിട്ടും, 1911 ൽ തെക്കുംഭാഗ സമുദായത്തിന് പ്രത്യേക വികാരിയത്ത് സ്ഥാപിക്കുവാൻ വടക്കുംഭാഗ മെത്രാന്മാർ സഹായിച്ചു. ഇന്നത്തെ പിതാക്കന്മാർ എൻഡോഗമസ് ഇടവകാംഗത്വത്തിൽ വെള്ളം ചേർത്തിട്ടുപോലും സീറോ മലബാർ മെത്രാൻ സിനഡ് നമ്മോടൊത്തു നിൽക്കുവാൻ തയ്യാറാവുന്നില്ലെന്നു മാത്രമല്ല നമ്മെ ഇല്ലാതാക്കുവാനും ശ്രമിക്കുന്നു.

രൂപതയും അതിരൂപതയും ആയതൊക്കെ വളർച്ചയായി കണക്കാക്കാമെങ്കിലും നിയമപരമായി എൻഡോഗമസ് അല്ലാത്ത മിഷനുകൾ ഉണ്ടാകുന്നത് തളർച്ചയും വിളർച്ചയും മാത്രമാണ് സൃഷ്ടിക്കുന്നത്.

സീറോ മലബാറിന്റെ അധികാര പരിധി തക്കല വരെയും ബാംഗ്ലൂർ വരെയുമേയുള്ളൂ എന്നാണ് മൂലക്കാട്ട് പിതാവ് പറയുന്നത്. എന്നാൽ ലോകം മുഴുവൻ സീറോമലബാർ നേതൃത്വം രൂപതകൾ സ്ഥാപിക്കുകയും ബിഷപ്പുമാരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. ലോകമെമ്പാടുമുള്ള സീറോ മലബാർ മെത്രാൻമാർ മേജർ ആർച്ച് ബിഷപ്പ് മാർ ആലഞ്ചേരി പിതാവിന്റെ കീഴിൽ സിനഡ് കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അതേ രീതിയിൽ തന്നെ ക്നാനായ രൂപതകൾ സ്ഥാപിച്ച് ബിഷപ്പുമാരെ വാഴിക്കുകയോ, കോട്ടയം രൂപതയുടെ അധികാരപരിധി വ്യാപിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ആഗോള സീറോ മലബാർ സിനഡ് അതിനായി ഇതുവരെ ശുപാർശ ചെയ്തിട്ടില്ല. അപ്പോൾ പിന്നെ സീറോമലബാറിനെ കുറ്റപ്പെടുത്തുന്നതിൽ എന്താണ് തെറ്റ്?!

അതുപോലെ ക്നാനായസമുദായത്തിന്റെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിക്കപ്പെട്ട മുൾഹാൾ ബിഷപ്പ് വരുന്നതിനു മുൻപ് ക്നാനായ ജനത്തോട് ആലോചിക്കുകയോ, അദ്ദേഹവുമായുള്ള ചർച്ചയിൽ അവരെ കാര്യമായി പങ്കെടുപ്പിക്കുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തോട് മെത്രാന്മാരും വൈദികരും പറഞ്ഞത് മൂലക്കാട്ട് ഫോർമുല അനുസരിച്ചുള്ള അംഗത്വത്തെപറ്റി ആണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ക്നാനായ സമുദായത്തിന്റെ അടിത്തറ തകർക്കുന്ന അതീവ ഗുരുതരമായ കത്തുകൾ റോമിൽ നിന്നും ലഭിച്ചിട്ടും അവ ക്നാനായ ജനത്തിൽ നിന്നും മറച്ചു വെക്കുകയാണ് ഇന്നത്തെ കോട്ടയം രൂപത നേതൃത്വം ചെയ്തിട്ടുള്ളത്! 2017 ഡിസംബർ 18 ന് റോം പുറപ്പെടുവിച്ച കത്ത് മറ്റു വഴികളിലൂടെ നമ്മൾ അറിയുന്നത് ഒരു മാസത്തിനു ശേഷമാണ്. അതിൽ പറഞ്ഞിരിക്കുന്നത് ക്നാനായക്കാർക്കും, പുറത്തു നിന്ന് വിവാഹം ചെയ്തവർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും കൂടാതെ എല്ലാ കത്തോലിക്കർക്കും അംഗത്വം നൽകണമെന്നാണ്. അല്ലാതെ, കൊച്ചുപിതാവ് പറയുന്നതുപോലെ, ക്നാനായക്കാർക്കും മാറി കെട്ടിയവരുടെ കുടുംബാംഗങ്ങൾക്കും മാത്രം അംഗത്വം നൽകണമെന്നല്ല. ക്നാനായ ജനത്തെ ഭയന്ന് റോമിൽ പോയി ആ ഉത്തരവ് 2018 മാർച്ച് 2 ന് തിരുത്തിക്കിട്ടിയപ്പോൾ ക്നാനായ Personal Parish ലെ അംഗത്വത്തിൽ നിന്നും 'കാനാ'-ക്കാരുടെ രക്തബന്ധത്തിൽ (Lineage) പെടാത്ത വടക്കുംഭാഗരെ മാത്രമേ ഒഴിവാക്കിയിട്ടുള്ളൂ. അതിന്റെ അർത്ഥം ക്നാനായക്കാർക്കും മാറി കെട്ടിയവർക്കും അവരുമായി രക്തബന്ധത്തിൽ ഉള്ള വടക്കുംഭാഗർക്കും അംഗത്വം ഉണ്ട് എന്നാണ്. ക്നാനായക്കാരുമായി Lineage ഇല്ലാത്തവരെ മാത്രമേ ഒഴിവാക്കിയിട്ടുള്ളൂ. 'Lineage' എന്ന വാക്ക് ഉത്തരവിൽ നിന്നു നീക്കി കിട്ടിയാലും മൂലക്കാട്ട് ഫോർമുല പ്രകാരമുള്ള അംഗത്വം മാത്രമേ ആവുകയുള്ളൂ!

ക്നാനായക്കാർക്ക് മാത്രമാണ് അംഗത്വം എന്ന് കൊച്ചുപിതാവ് പറയുമ്പോഴും മാറിക്കെട്ടിയ ക്നാനായക്കാരന് അംഗത്വം തുടർന്നും ഉണ്ടാകും എന്നു ചുരുക്കം.

അതായത് ഇടവക എൻഡോഗമസ് അല്ല എന്നും, സമുദായം ഉപേക്ഷിച്ചുപോയ ക്നാനായ രക്തബന്ധമുള്ള വടക്കുംഭാഗരും ഉൾപ്പെടും എന്നാണ് കൊച്ചുപിതാവ് നമ്മോടു പറയാതെ പറയുന്നത്. വടക്കുംഭാഗരുടെ ക്നാനായ പള്ളി എന്ന് മാത്രമേ അതിനെ വിളിക്കാൻ കഴിയൂ.

മാറിക്കെട്ടിയവരെയും അവരുടെ രക്തബന്ധത്തിലുള്ളവരേയും ഇവിടെത്തന്നെ നിലനിർത്തണമെന്നുപറയുന്ന ഉത്തരവുപോലും കോട്ടയം രൂപത ഇന്നുവരെ ക്നാനായ ജനത്തെ കാണിച്ചിട്ടില്ല. റോമിലേക്ക് അപ്പീൽ നൽകുന്നതിനുള്ള പിരീയഡ് കഴിയുന്നതുവരെ കാത്തിരുന്ന ശേഷം നമ്മുടെ എതിർകക്ഷികളായ കാനാക്കാർ ആണ് ഉത്തരവ് പുറത്താക്കിയത്.

സീറോ മലബാർ ഇടവകകൾ എല്ലാ കത്തോലിക്കരും ഉൾപ്പെടുന്നതാകയാൽ, അതേ അംഗത്വ നിയമം ബാധകമായിട്ടുള്ള അമേരിക്കയിലെ so called ക്നാനായ പള്ളികളിൽ ഒന്നിലും ഇന്നേവരെ ഔദ്യോഗികമായി ആർക്കും അംഗത്വം നൽകിയിട്ടില്ല എന്നാണ് അവിടത്തെ ക്നാനായ വികാരി ജനറൽ പറയുന്നത്. അംഗത്വം ക്നാനായക്കാർക്ക് നൽകിയാൽ മറ്റുള്ളവർക്കും നൽകേണ്ടി വരും എന്നതാണ് സ്ഥിതി. കോട്ടയം രൂപതയ്ക്ക് വെളിയിലുള്ള ഒരു മിഷൻ പോലും നിയമപരമായി endogamous അംഗത്വം ഉള്ളവയല്ല.

ഈ so called ക്നാനായ പള്ളികൾ എല്ലാം തന്നെ വിവിധ വടക്കുംഭാഗ രൂപതകളുടെ കീഴിലാണ് നിലനിൽക്കുന്നത്. അങ്ങനെ കോട്ടയത്തിന് വെളിയിലുള്ള ക്നാനായക്കാർ കോട്ടയം രൂപതാംഗങ്ങൾ അല്ലാതായി തീർന്നിരിക്കുന്നു. ക്നാനായക്കാരെയെല്ലാം ഒരു പിതാവിന്റെ, രൂപതയുടെ കീഴിൽ ആക്കിക്കൊണ്ടുള്ള 1911 ലെ വിശുദ്ധ പത്താം പീയൂസ് മാർപാപ്പയുടെ ഉത്തരവ് പ്രകാരം പല രൂപതകളിൽ നിന്നും ഒരുമിച്ചു കൂടപ്പെട്ടവർ ഇന്ന് വിവിധ രൂപതകളിലായി ചിതറിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന ക്നാനായ Personal Parish കൾ മാറിക്കെട്ടിയ ക്നാനായക്കാർക്കും അവരുടെ ലീനിയേജിൽ പ്പെട്ട വടക്കുംഭാഗർക്കും കൂടിയുള്ളതാണ്.

### സഭാ പരമായി വളരേണ്ടത് സമുദായത്തെ തളർത്തിക്കൊണ്ടല്ല

കോട്ടയം രൂപത തെക്കുംഭാഗ ജനതയ്ക്ക് വേണ്ടി ആകുമ്പോൾ അതിൽ സമുദായ അംഗങ്ങൾ മാത്രമേ ഉള്ളൂ. അല്ലാതെ endogamy ലംഘിച്ച ക്നാനായക്കാരൻ ഉൾപ്പെടുന്നില്ല.

ക്നാനായ സമുദായാംഗങ്ങൾക്ക് മറ്റുള്ളവരുമായുള്ള ഏക വ്യത്യാസം അവർ എൻഡോഗമി ലംഘിക്കുന്നില്ല എന്നുള്ളതാണ്. അതിനാൽ ക്നാനായ പള്ളികൾ പിതാവ് പറയുന്നതുപോലെ എല്ലാ ക്നാനായക്കാർക്കും വേണ്ടിയുള്ളതല്ല, എൻഡോഗമി ലംഘിക്കാത്ത സമുദായ അംഗങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണ്.

ക്നാനായ പള്ളികൾ ക്നാനായക്കാർക്ക് മാത്രമാണെന്ന് റോമിൽ നിന്ന് ഉത്തരവ് ലഭിച്ചതായി കൊച്ചുപിതാവ് പറയുന്നുണ്ടല്ലോ! അത് ശരിയെങ്കിൽ, ആ ഉത്തരവ് ക്നാനായ ജനത്തിന്റെ അറിവിലേക്ക് പരസ്യപ്പെടുത്താൻ ഇനിയെങ്കിലും തയ്യാറാകണം. അത് സത്യമാണെന്ന് ഇപ്പോൾ ജനങ്ങൾക്ക് വിശ്വാസമില്ല.

ഇങ്ങനെ വാക്കും പ്രവൃത്തിയുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് ആസ്ട്രേലിയായിൽ ചെന്ന് പിതാവ് പറഞ്ഞ് ജനത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്.

ക്നാനായക്കാർ ഉള്ള വിവിധ ദേശങ്ങളിൽ പിതാവ് ഇപ്പോൾ പോകുന്നത് 'എനിക്ക് ഇവിടെ അധികാരമില്ല,' 'നിങ്ങളുടെ പിതാവ് വടക്കുംഭാഗനാണ് ഞാനല്ല എന്നൊക്കെ പറയാൻ വേണ്ടിയല്ലേ?!

ക്നാനായ ഇടവകകളിൽ നിയമപരമായ endogamous അംഗത്വത്തിന് വേണ്ടി യാതൊരു കോംപ്രമൈസിനും തയ്യാറാകാതെ പിതാക്കന്മാർ പരസ്യമായി നിലകൊണ്ടാൽ മാത്രമേ ഒറ്റക്കെട്ടായി സമുദായത്തിന് മുന്നോട്ട് പോകാൻ ആവുകയുള്ളൂ. ■

പേജ് 1 തുടർച്ച....

# സത്യം നിങ്ങളെ സ്വതന്ത്രരാക്കട്ടെ

'കോട്ടയം അതിരൂപത നിയമസംഗ്രഹം' എന്ന പുസ്തകത്തിന്റെ 2-ാം പേജിലുള്ള 'അതിരൂപതാംഗങ്ങൾ' എന്ന തലക്കെട്ടിലുള്ള ഭാഗം.

4. അതേ പേജിലുള്ള 'അതിരൂപതാ അതിർത്തി' എന്ന തലക്കെട്ടിൽ, 1955 ഏപ്രിൽ മാസം 28-ാം തീയതിയിലെ വിശുദ്ധ 12-ാം പീയൂസിന്റെ 'Quae Gens suddistica' എന്ന കല്പനയിൽ പറഞ്ഞിരിക്കുന്നത്.

5. 1911-ലെ 10-ാം പീയൂസ് പിതാവിന്റെ കോട്ടയം രൂപത സ്ഥാപന ബൂള, 'In universi christiani'

മേൽ പറഞ്ഞിട്ടുള്ള കോട്ടയം രൂപതയെ സംബന്ധിച്ചുള്ള ചരിത്ര പ്രധാനമായ രേഖകളിലെല്ലാം കോട്ടയം രൂപതയുടെ രക്ഷയ്ക്കുള്ള എല്ലാ മാർഗ്ഗങ്ങളും ഒരുക്കിവെച്ചിട്ടുണ്ട്. ഇത്രയധികം അനുകൂലസാഹചര്യങ്ങൾ ചരിത്രം നമുക്ക് ഒരുക്കി തന്നിട്ടും അത് ഉപയോഗിച്ച്, കോട്ടയം രൂപതാ അദ്ധ്യക്ഷന്റെ അജപാലന അധികാരപരിധി സീറോ മലബാറിന്റെ അതിർത്തിക്ക് ഉള്ളിൽ വരെയെങ്കിലും സ്ഥാപിച്ചു കിട്ടാൻ രൂപതാ നേതൃത്വം ഒരു ചെറു വിരൽപോലും അനക്കുന്നില്ല. സമുദായത്തിന്റെ പേരിൽ മെത്രാനായ അദ്ദേഹത്തിന്റെ നിസംഗതക്കെതിരേ ശബ്ദമുയർത്തുന്ന ക്നാനായക്കാരെ അവിശ്വാസികളും സഭാവിരോധികളും ആയി മുദ്രകുത്തി പള്ളികൾ തോറും വികാരി ജനറലിന്റെ നേതൃത്വത്തിൽ കള്ളപ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

അടുത്തകാലത്ത് കെ.എസ്.എസ്.എസിന്റെ ശക്തമായ സമ്മർദ്ദം വന്നതോടെ ജന്മത്തോടൊപ്പം കർമ്മവും ഒരു യഥാർത്ഥ ക്നാനായക്കാരന്റെ നിർവ്വചനത്തിൽ ആവശ്യമാണ് എന്ന് സർക്കുലർ വഴി എല്ലാ പള്ളികളിലും അറിയിക്കുവാൻ മൂലക്കാട്ട് പിതാവ് നിർബന്ധിതനായി.

ക്നാനായ സമുദായത്തെ സീറോ മലബാറിൽ ലയിപ്പിച്ച് അതിന്റെ ഭാഗമാക്കി നമ്മുടെ അസ്തിത്വം നശിപ്പിക്കുവാനുള്ള ഗൂഢ ശ്രമങ്ങളാണ് അണിയറയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ അവസരത്തിൽ നിങ്ങളുടെ ശ്രദ്ധ 2014-ൽ Synodal agreement എന്ന പേരിൽ കാർഡിനൽ ജോർജ്ജ് ആലഞ്ചേരി പിതാവും ചിക്കാഗോ രൂപതയുടെ അദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തും, കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടുപിതാവും ഒപ്പിട്ടു കൈമാറിയ രേഖ, ക്നാനായ സമുദായത്തിന്റെ Constitutional principle എന്നു പ്രഖ്യാപിച്ചിട്ടുള്ള endogamy (സ്വവംശവിവാഹനിഷ്ഠ) ഇല്ലാതാക്കുന്നതാണ്. അതിൻ പ്രകാരം ഒരു ക്നാനായ വ്യക്തി, ക്നാനായേതര വ്യക്തിയെ വിവാഹം കഴിച്ചാൽ ക്നാനായ വ്യക്തിക്ക് അവരുടെ ഇടവകയിൽ തുടരാം. ഭാര്യയും മക്കളും ക്നാനായേതര ഇടവകയിൽ ആയിരിക്കും. ഈ തീരുമാനപ്രകാരം ക്നാനായക്കാരൻ സമുദായത്തിനു പുറത്തുള്ളവരെ വിവാഹം കഴിച്ചാൽ ഒരു ബുദ്ധിമുട്ടുമില്ലാതെ അവന്റെ ഇടവകയിൽ തന്നെ അവന് തുടരാം എന്നുള്ളതാണ്. അതിന്റെ അർത്ഥം ക്നാനായ സമുദായത്തിനു പുറത്തുനിന്ന് ഇതുവരെ വിവാഹം ചെയ്തവർക്കെല്ലാം അവരവരുടെ ഇടവകയിലേക്ക് തിരികെ വരാം എന്നതാണ്. മാത്രമല്ല ഭാവിയിൽ സമുദായത്തിന് പുറത്തുനിന്ന് വിവാഹം കഴിക്കുന്നവർക്ക് സമുദായത്തിൽ നിന്നും എതിർപ്പൊന്നും നേരിടേണ്ടിവരില്ല. ഈ നില കുറേനാൾ തുടർന്നാൽ ക്നാനായ സമുദായം സീറോ മലബാറിൽ ലയിക്കുന്ന അവസ്ഥയിലേക്ക് മാറ്റപ്പെടും. അങ്ങനെ വരുമ്പോൾ നമ്മുടെ പൂർവ്വീകർ ചോരയും നീരും നൽകി നമുക്കായി പടുത്തുയർത്തിയ കോളജുകൾ, സ്കൂളുകൾ, ആതുരാലയങ്ങൾ അതുപോലെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളെല്ലാം സീറോ മലബാറിന്റെ പൊതുസ്വത്തായി മാറ്റപ്പെടും.

ഉഴവൂർ കോളേജും, ബി.സി.എം. കോളജും രാജപുരം കോളജും നമ്മുടെ സ്വന്തമായിരുന്നതുകൊണ്ടല്ലേ അവിടെ പഠിച്ച് മിടുക്കരായി വിദേശത്ത് പോയി സാമ്പത്തികമായ ഉയർന്ന നിലയിലെത്തിച്ചേരാൻ നമുക്ക് സാധിച്ചത്. ഇന്നു നമുക്കുള്ളതെല്ലാം ഭാവിയിൽ നമ്മുടേതല്ലാതായി തീർന്നാൽ ക്നാനായ യുവതീ യുവാക്കളുടെ ഭാവി എന്തായിത്തീരും. ഇതേക്കുറിച്ച് വളരെ ഗൗരവമായ തിരിച്ചറിയൽ കെ.സി.വൈ.എൽ അംഗങ്ങൾക്കുണ്ടാകണം എന്നാണ് നിങ്ങളോട് എനിക്ക് പറയുവാനുള്ളത്.

കെ.സി.വൈ.എല്ലിൽ പ്രവർത്തിക്കുന്ന കുട്ടികൾക്ക് അവരുടെ പ്രവർത്തനത്തിന് വളരെയധികം പരിമിതികളുണ്ട് എന്ന് ഞങ്ങൾക്കറിയാം. നിങ്ങളുടെ ഹൈസ്കൂൾ പഠനം മുതൽ കോളജുകളിലെ ഉപരിപഠനം, ജോലി ലഭിക്കൽ വരെ സഭാനേതൃത്വത്തിന്റെ സഹായം നിങ്ങൾക്ക് അത്യാവശ്യമാണ്. രൂപതയിൽ നടക്കുന്ന ക്നാനായസമുദായ വിരുദ്ധ നടപടികൾക്ക് എതിരെ പ്രതികരിക്കുന്നതിന് നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ പോലും, എതിർത്തു സംസാരിക്കുവാനുള്ള നിങ്ങളുടെ ആഗ്രഹത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് സഭാനേതൃത്വത്തിന്റെ ഭീഷണികളാണ്. അക്കാര്യത്തിൽ നിങ്ങൾ നിസ്സഹായരാണെന്ന് ഞങ്ങൾക്കറിയാം. കെ.എസ്.എസ്.എസിന്റെ ആവിർഭാവത്തോടെ പണ്ടെങ്ങും നിങ്ങൾക്ക് ലഭിച്ചിട്ടില്ലാത്ത ആനുകൂല്യങ്ങളും വാത്സല്യവും രൂപതാനേതൃത്വം നിങ്ങൾക്ക് ഇപ്പോൾ നൽകുന്നുണ്ട്. അതിൽ കെ.എസ്.എസ്.എസിന് സന്തോഷവും അഭിമാനവും ഉണ്ട്. പക്ഷേ അതിന്റെ ഉദ്ദേശ്യം നിങ്ങൾ അറിഞ്ഞിരിക്കണം. ഇപ്പോൾ രൂപതാ നേതൃത്വം ക്നാനായ സമുദായത്തിന്റെ നിലനിൽപിനെതിരെ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് മൂടുപടം ഇടാനുള്ള വളരെ വിദഗ്ദ്ധമായ ഒരു തന്ത്രം മാത്രമാണത്. അതു മനസ്സിലാക്കി പ്രവർത്തിക്കാനുള്ള വിവേകം നിങ്ങൾക്ക് ഉണ്ടാകണം. ഇല്ലെങ്കിൽ നിങ്ങളുടെയും നിങ്ങളുടെ സന്തതിപരമ്പരകളുടെയും ഭാവി ഇരുളടഞ്ഞതായിരിക്കും.

ക്നാനായ സമുദായത്തിന് സ്വന്തമായിട്ടുളളതെല്ലാം ഇന്ന് സീറോമലബാർ നമ്മിൽ നിന്ന് കവർന്നെടുക്കുകയാണ്. ഏറ്റവും നല്ല ഉദാഹരണം സീറോ മലബാർ ആസ്ഥാനമായ കാക്കനാട്ടെ മ്യൂസിയത്തിൽ സ്ഥാപിച്ചിരിക്കുന്ന ക്രിസ്ത്യാനികളുടെ 72 പദവികളുടെ കഥ. എ.ഡി. 345-ൽ ക്നായിതൊമ്മന് ചേരമാൻ പെരുമാൾ നൽകിയ 72 ½ പദവികൾ ഇന്ന് സീറോ മലബാർ അവരുടേതായി മാറ്റിയിരിക്കയാണ്. അടിക്കടി അവിടെ പൊയ്ക്കൊണ്ടിരിക്കുന്ന മൂലക്കാട്ടു പിതാവിന് അതിനെതിരെ ഒരു വാക്കു പോലും പറയാൻ സാധിച്ചിട്ടില്ല. എന്നാൽ കെ.എസ്.എസ്.എസ് അതിനെതിരെ കർദിനാൾ മാർ ആലഞ്ചേരിപിതാവിന് വ്യക്തമായി പരാതികൾ സമർപ്പിച്ചിട്ടുണ്ട്.

കോട്ടയം രൂപതയുടെ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിന് തല്പരരായ ഒത്തിരി വൈദിക ശ്രേഷ്ഠർ സമുദായത്തിലുണ്ട്. ഇന്നത്തെ രൂപതയുടെ പോക്കിൽ അവർ ദുഃഖിതരാണ്. പക്ഷേ പുറത്തുപറയുവാൻ അവർക്ക് നിർവ്വാഹമില്ല. കാരണം അതിനെതിരെ പ്രതികരിച്ചാൽ പിതാവിന്റെ അപ്രീതിക്ക് പാത്രമായി ഇന്ന് പ്രധാനപ്പെട്ട പല മേഖലകളിലും സേവനം ചെയ്യുന്ന അവർ നാളെ വളരെ അപ്രധാനമായ സ്ഥാനങ്ങളിലേക്ക് അവരുടെ ശിഷ്ടായുസ്സ് തള്ളിനീക്കേണ്ടിവരും. അതുകൊണ്ട് പ്രതികരിക്കാൻ കഴിവില്ലാതെ അവർ നിസ്സഹായരായി കഴിയുകയാണ്. അനന്തമായി ഇതു നീണ്ടുപോകാൻ നിർവ്വാഹമില്ല. അടുത്തകാലത്ത് സീറോ മലബാർ ആസ്ഥാനമായ കാക്കനാട്ട് നൂറുകണക്കിന് വൈദികർ പ്രതിഷേധങ്ങളുമായി മുന്നോട്ടിറങ്ങിയ മാതൃകയിൽ ഗതികെട്ടുകഴിയുമ്പോൾ ക്നാനായ സമുദായത്തിന്റെ രക്ഷയ്ക്കുവേണ്ടി കോട്ടയം രൂപതയുടെ ശ്രേഷ്ഠ വൈദികരും രംഗത്തിറങ്ങുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

പ്രിയപ്പെട്ട യുവസഹോദരങ്ങളേ, ക്നാനായ സമുദായത്തിന്റെ ഭാവി അപകടത്തിലാണ്. അതിനെ രക്ഷിക്കേണ്ട വലിയ ഉത്തരവാദിത്വം നിങ്ങളുടെ കൈകളിലാണ്. അതു മറന്നാൽ ക്നാനായ സമുദായം ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമാകും. അതുവേണോ? നിങ്ങൾ തന്നെ തീരുമാനിക്കുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കട്ടെ. ■

# ക്നാനായ സമുദായത്തിന് ആരും ലാടം പിടിപ്പിക്കേണ്ടതില്ല

**ഡോമിനിക് സാവിയോ വാച്ചാച്ചിറയിൽ**



**2019** ജൂലൈ 21-ാം തീയതി പുറത്തുവന്ന അപ്നാദേശിൽ ക്നാനായ സമുദായ അംഗത്വവും അനുബന്ധ ചിന്തകളും എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. റവ. ഡോ. ജോർജ്ജ് കറുകപ്പറമ്പിലാണ് ലേഖന കർത്താവ്. വ്യക്തമായ ഒരു നിലപാടില്ലാതെ ക്നാനായ സമുദായത്തിന്റെ നിലപാടിനെ അനുകൂലിച്ചും പ്രതികൂലിച്ചും ഒരുവേള എല്ലാം നിഷേധിച്ചും പർവ്വതീകരിച്ച് പരത്തിയെഴുതിയ പ്രസ്തുത ലേഖനം സമുദായസ്നേഹികളിൽ വലിയ ആശങ്കസൃഷ്ടിക്കുന്നതായിരുന്നു.

ക്നാനായ സമുദായം കഴിഞ്ഞ 17 നൂറ്റാണ്ടുകളിൽ പൂർവ്വപിതാക്കന്മാർ പിന്തുടർന്നു പോന്ന ആചാരമര്യാദകളും കീഴ്‌വഴക്കങ്ങളും തള്ളിക്കളഞ്ഞുകൊണ്ട് സമുദായ ചരിത്രത്തിലേക്ക് ഒരു തള്ളിക്കയറ്റം തന്നെയാണ് ഡോ. കറുകപ്പറമ്പിലച്ചൻ നടത്തിയത്. അനുവാദം വാങ്ങി സമുദായം ഉപേക്ഷിച്ച് വിവാഹിതരായി പോയവർക്കും സമുദായ അംഗത്വം കൊടുത്ത് നിലനിർത്തി പള്ളിയിൽ ആളെ കൂട്ടാനുള്ള ശ്രമമാണ് അദ്ദേഹം നടത്തുന്നത്.

അപ്നാദേശിന്റെ മുഖലേഖനമായി വന്നതിനാൽ സഭാ നേതൃത്വത്തിന്റെ അഭിപ്രായം തന്നെയായി കണക്കാക്കാവുന്നതാണ്. ഉത്തരവാദിത്വപ്പെട്ട എഡിറ്ററോട് അന്വേഷിച്ചപ്പോൾ അദ്ദേഹം മൗനം പാലിക്കുകയായിരുന്നു. സമുദായ നേതാക്കൾ അഭി.പിതാവിനെ കണ്ട് പ്രതിഷേധിച്ചു. ആഗസ്റ്റ് 4-നു ഇറങ്ങിയ പത്രത്തിൽ തനിമയിൽ കലർപ്പില്ലാതെ മുന്നോട്ട് എന്ന് പറഞ്ഞ് ഓഗസ്റ്റ് 31-ൽ നടക്കുന്ന അതിരൂപതാദിന അറിയിപ്പ് വിശദമായി പരാമർശിച്ച് മാർ മാത്യു മൂലക്കാട്ട് ലേഖനം പ്രസിദ്ധീകരിച്ചു. ആലക്കത്തിൽ കറുകപ്പറമ്പിലച്ചന്റെ ലേഖനത്തിലെ തിരുത്ത് പ്രത്യക്ഷപ്പെട്ടില്ല. പ്രതിഷേധം ശക്തമായപ്പോൾ ഓഗസ്റ്റ് 18-ലെ അപ്നാദേശിൽ ജന്മം കൊണ്ടും കർമ്മം കൊണ്ടും ക്നാനായത്വം സാർത്ഥകമാക്കുക എന്ന് മാർ മാത്യു മൂലക്കാട്ട് എഴുതി. അദ്ദേഹത്തിന്റെ ഈ നിലപാടുമാറ്റം ക്നാനായ സമുദായ സംരക്ഷണ സമിതിയുടെ വിജയമായിരുന്നു. അപ്പോഴും കറുകപ്പറമ്പിലച്ചന്റെ ലേഖനത്തിൽ ഉണ്ടായിരുന്നതെറ്റ് തിരുത്തുവാൻ അദ്ദേഹം തയ്യാറായില്ല.

മേജർ ആർച്ചു ബിഷപ്പിനു ഇതര രാജ്യങ്ങളിലുള്ള രൂപതകളുടെ മേൽ ആരാധനക്രമാധികാരം മാത്രമാണുള്ളതെന്നും കോട്ടയം രൂപതാദ്ധ്യക്ഷന്റെ അധികാരം Progente suddistica ആയതുകൊണ്ട് ലോകത്തെവിടെയും തന്റെ മക്കളായ ക്നാനായക്കാരുടെമേൽ ഒരു ആത്മീയാധികാരം കോട്ടയം രൂപതാസ്ഥാപന ബൂളായുടെ അടിസ്ഥാനത്തിലുണ്ട് എന്ന് ഫാ. കറുകപ്പറമ്പിൽ സമ്മതിക്കുന്നുണ്ട്. സീറോമലബാർ സഭാദ്ധ്യക്ഷന് ഇതര രാജ്യങ്ങളിൽ ഉള്ള സീറോ മലബാറുകാരുടെ മേൽ ആത്മീയ അധികാരം മാത്രമാണ് ഉള്ളത് ശരിയാണ്. കാരണം, ഇവർ പറയാത്ത ഒരു സത്യമുണ്ട്. കോട്ടയം അതിരൂപതാദ്ധ്യക്ഷന് തന്റെ ജനത്തിന്റെമേൽ പേഴ്സണൽ ജൂറിസ്ഡിക്ഷനാണ് ഉള്ളത്. അതായത് ക്നാനായക്കാർ എവിടെയുണ്ടോ ഏതു രാജ്യത്തുണ്ടോ അവരുടെമേൽ കോട്ടയം മെത്രാന് അധികാരമുണ്ട്. ഒരു കുടുംബത്തിലെ മകൻ വിദേശത്തായാലും അവന്റെ പിതാവ് കോട്ടയത്ത് വീട്ടിലിരിക്കുന്ന പിതാവ് തന്നെ ആയിരിക്കുന്നതുപോലെ. എന്നാൽ ക്നാനായേതര രൂപതാമെത്രാന്മാർക്ക് ടെറിട്ടോറിയൽ അധികാരമാണുള്ളത്. നിശ്ചയിച്ചുകൊടുത്തിരിക്കുന്ന രൂപതാതിർത്തിവിട്ടാൽ അധികാരം ഇല്ല. സീറോ മലബാർ അദ്ധ്യക്ഷനും ഇൻഡ്യയിൽ കുറെ ഭാഗത്തുമാത്രമേ അധികാരമുള്ളു. ഇൻഡ്യ വിട്ടാൽ അധികാരമില്ല.

നിയമപ്രകാരം ഇതര രാജ്യങ്ങളിൽ നിർബാധം ഇടവകകൾ സ്ഥാപിക്കാൻ അധികാരമുള്ള കോട്ടയം മെത്രാനെ നിഷ്ക്രിയനാക്കി അധികാരമില്ലാത്ത സീറോ മലബാർ അധികാരികൾ ഇതര രാജ്യങ്ങളിൽ ആവശ്യാനുസരണം ഇടവകകൾ സ്ഥാപിക്കുകയും അധികാരം കൈയ്യാളുകയും ചെയ്യുന്നു. ക്നാനായ ന്യൂനപക്ഷത്തെ തകർക്കുന്ന നയമാണ് സീറോ മലബാർ അധികാരികൾ പുലർത്തുന്നത്. സത്യസന്ധനും നിഷ്ക്കളങ്കനും നീതിമാനുമായ കോട്ടയം മെത്രാൻ എല്ലാം അറിഞ്ഞുകൊണ്ട് മൗനം പാലിക്കുന്നു. വലിയ ഭൂരിപക്ഷത്തിനുമുന്നിൽ അദ്ദേഹം നിഷ്ക്രിയനായിരിക്കുന്നു.

ജന്മംകൊണ്ടും കർമ്മം കൊണ്ടും ക്നാനായത്വം സാർത്ഥകമാക്കുക എന്ന് കോട്ടയത്തിരുന്ന് പറയുന്നതിന് ക്നാനായമെത്രാന് ആരുടെയും അനുവാദം വേണ്ട. എന്നാൽ അമേരിക്കയിൽ, ആസ്ത്രേലിയായിൽ, ഇംഗ്ലണ്ടിൽ ഒക്കെ ജന്മം കൊണ്ടും കർമ്മം കൊണ്ടും ക്നാനായത്വം സാർത്ഥകമാക്കണമെന്ന് പറയാത്തതെന്തേ? വിശുദ്ധ പത്താം പീയൂസ് മാർപാപ്പയാൽ സ്ഥാപിതമായ കോട്ടയം വികാരിയാത്ത് പിന്നീടുവന്ന മാർപാപ്പമാരാൽ പരിപോഷിപ്പിക്കപ്പെട്ട് ഇപ്പോൾ അതിരൂപതയായി നില്ക്കുമ്പോൾ അതിന്റെ തുടർച്ചയാണ് നമ്മൾ ആവശ്യപ്പെടുന്നത്. നിങ്ങൾ അങ്ങനെ വളരണ്ട എന്നു പറയുന്ന ശത്രുക്കളോട് അരുത് എന്ന് പറയാനുള്ള ആർജവം മാർ മാത്യൂ മൂലക്കാട്ട് പ്രകടിപ്പിക്കുമ്പോൾ മാത്രമേ ക്നാനായ സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ. കഴിഞ്ഞ 17 നൂറ്റാണ്ടുകളിൽ കനൽവഴികളിലൂടെ കടന്നുവന്ന തെക്കുംഭാഗ ജനത്തെ നിലനിർത്താനെന്നപേരിൽ ഇനി മുതൽ സമുദായം ഉപേക്ഷിച്ചുപോയവരെകൂടി ചേർത്ത് നിർത്തേണ്ടതില്ല. സമുദായത്തിനു നിലനില്ക്കാൻ പുതുതായി ലാടം പിടിപ്പിക്കേണ്ടതില്ല. സമുദായം എങ്ങനെ പോകണമെന്ന് തീരുമാനിക്കുന്നത് സമുദായക്കാരാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ അത് അടിവരയിട്ടു പറഞ്ഞിട്ടുള്ളതുമാണ്. അതുക്കും മേലെ സഭാ നേതൃത്വം തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതില്ല. ■

# സഭയും സമുദായവും പരസ്പരപൂരകങ്ങളോ

**ഡോ. മിനി**

**തെ**ക്കുംഭാഗ സമുദായത്തിന്റെ ഇന്നത്തെ നേതാക്കൾ പറഞ്ഞു പരത്തുന്ന ഒരു വലിയ നുണയാണ് സഭയോടൊത്ത് സമുദായം വളരും എന്നത്. സഭയോടൊത്ത് സമുദായം വളരുകയല്ല തളരുകയാണെന്ന യഥാർത്ഥ്യമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

അങ്ങകലെ ആകാശങ്ങളിലിരിക്കുന്ന ദൈവത്തെ ഭൂമിയിലിരുന്ന് ആരാധിച്ചിരുന്ന മനുഷ്യരിലേക്ക് ഇറങ്ങിവരുവാൻ തീരുമാനിച്ച ദൈവം ആദ്യം ചെയ്തത് ഒരു ജനസമൂഹത്തെ ഭൂമിയിൽ രൂപപ്പെടുത്തുകയായിരുന്നു. അബ്രഹാം എന്ന ഒരു വ്യക്തിയിലൂടെ ദൈവം അത് സാധിക്കുകയും ചെയ്തു. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവും ആണെന്ന് ദൈവം തന്നെ പ്രഖ്യാപിച്ചു. ഇസ്രായേൽ ജനത്തിലൂടെ ദൈവം ഭൂമിയിൽ നേരിട്ടിടപെട്ടു.

തോമാശ്ലീഹായാൽ സ്ഥാപിതമായ ഭാരത സഭ നേതാക്കളില്ലാതെ ക്ഷയിച്ചുവരുന്നത് അറിഞ്ഞ പൗരസ്ത്യ കാതോലിക്കാ സഭയെ ശക്തിപ്പെടുത്തുന്നതിനായി കിനായിത്തോമ്മായുടെ നേതൃത്വത്തിൽ മെത്രാനും വൈദികരും ശെമ്മാശന്മാരും അടങ്ങിയ ഒരു വിശ്വാസസമൂഹത്തെ അയച്ച് ഭാരതസഭയെ ശക്തിപ്പെടുത്തി.

വംശീയതനിമയിൽ സംഘടിതരും സത്യവിശ്വാസികളുമായ തെക്കുംഭാഗ പ്രേഷിതസമൂഹത്തെ തനിമയോടെ നിലനിർത്താൻവേണ്ടി പരിശുദ്ധ സിംഹാസനം 1911-ൽ ഒരു വികാരിയത്ത് സ്ഥാപിച്ച് ഈ ജനസമൂഹത്തെ അഭിമാനത്തോടെ നിലനിർത്തി.

20-ാം നൂറ്റാണ്ടിന്റെ പകുതിയിൽ സമുദായ നേതൃത്വം മുൻകൈയെടുത്ത് സഭാ നേതൃത്വവുമായി കൈകോർത്ത് തെക്കുംഭാഗ ജനത്തിൽ നിന്നും കുറെ ആളുകളെ സംഘടിപ്പിച്ച് ഒരു കുടിയേറ്റ പദ്ധതി തയ്യാറാക്കി മലബാറിലേക്ക് അയച്ചു. അങ്ങനെ ഭാരതപ്പുഴയക്ക് വടക്ക് ക്നാനായ സമുദായവും അതുവഴി സീറോ മലബാർ സഭയും രൂപം കൊണ്ടു.

വിവിധങ്ങളായ കാരണങ്ങളാൽ എഴുപതുകളിൽ അമേരിക്കൻ ഐക്യനാടുകളിലേക്ക് കടന്നുചെന്ന ക്നാനായക്കാർ അവിടെ കുടിപാർക്കുകയും തങ്ങളുടെ തനിമയും സംസ്കാരവും പാരമ്പര്യവും വംശീയ വ്യതിരക്തതയും ഉൾച്ചേർത്ത് അസ്സോസിയേഷനുകൾ രൂപീകരിച്ച് വിശ്വാസകൂട്ടായ്മകൾക്ക് തുടക്കമിട്ടു. നാട്ടിൽ നിന്നും കൊണ്ടുവന്ന വൈദികരുടെ നേതൃത്വത്തിൽ അവർ സീറോ മലബാർ സഭാഘടകത്തിന് രൂപം കൊടുത്തു. അറുപതിലധികം രാജ്യങ്ങളിലായി ക്നാനായ സമൂഹം കടന്നു ചെല്ലുകയും അവിടങ്ങളിൽ തങ്ങളുടെ തനതായ പാരമ്പര്യത്തിലൂടെ വിശ്വാസ സമൂഹത്തിന് രൂപം കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

തെക്കുംഭാഗ ജനം ഒരു വംശീയ സമൂഹം ആയിരിക്കുന്നതിനാൽ വടക്കുംഭാഗ ക്രൈസ്തവരെക്കാൾ വേഗത്തിൽ ഒരുമിച്ചുചേരുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും കഴിയുന്നു. ഒറ്റ സമൂഹം എന്നവകാശം നിലനില്ക്കുന്നതിനാൽ ക്നാനായ വൈദികർക്കും കാര്യങ്ങൾ എളുപ്പമായിത്തീരുന്നു. സ്വവംശ വിവാഹനിഷ്ഠയാണ് തെക്കുംഭാഗ ജനത്തെ ഒരു വംശീയ സമൂഹമായി നിലനിർത്തുന്നത്.

ക്നാനായ സമുദായം എന്നും ഒരു പ്രേഷിത ദൗത്യമാണ് ഏറ്റെടുത്തിരുന്നത് ചെന്നുചേർന്ന ഇടങ്ങളിലെല്ലാം അവർ സുറിയാനി സഭയുടെ പതാകവാഹകരും പ്രചാരകരുമായിരുന്നു. ഒരു സമൂഹമില്ലാതെ, സമുദായമില്ലാതെ സഭയ്ക്ക് നിലനില്ക്കാനാവില്ല. സമുദായം ഛിന്നഭിന്നമായാൽ സഭയും അതോടെ ഇല്ലാതാകും. സമുദായത്തോടൊപ്പമാണ് സഭയും വളരുന്നത്.

യൂറോപ്പിൽ സഭ തകർന്നു എന്നു നാം പറയുന്നു. അതിന്റെ കാരണം അന്വേഷിച്ചു ചെന്നാൽ കാണുന്നത് അവിടെ വ്യക്തികൾക്ക് വന്ന അപചയം കുടുംബങ്ങളെ ബാധിച്ചു. കുടുംബകൂട്ടായ്മ നഷ്ടമായി ദൈവാശ്രയത്തിനു പകരം സ്വാശ്രയം കടന്നുവന്നു. അതോടെ ആളുകൾ പള്ളിയെ ഉപേക്ഷിച്ചു. വൈദികരുടെ വിശ്വാസവിരുദ്ധമായ പ്രവർത്തികളും കൂടെ ചേർന്നപ്പോൾ അവിടെ സഭ ഇല്ലാതായി. നോക്കൂ സമുദായത്തോടൊപ്പമാണ് സഭയും വളരുന്നത്.

സീറോ മലബാർ സഭാ നേതാക്കൾ ഓടിനടന്ന് വിദേശ രാജ്യങ്ങളിൽ മെത്രാസനങ്ങൾ സ്ഥാപിക്കുകയാണ്. ക്നാനായക്കാർ കുടിയേറി അസ്സോസിയേഷനുകൾ രൂപീകരിച്ച് കൂട്ടായ്മ ആചരിക്കുന്നിടം കേന്ദ്രീകരിച്ചാണ് മിക്കവാറും മിഷനുകളും ഇടവകകളും സ്ഥാപിച്ചുവരുന്നത്. മിഷനുകളും പള്ളികളും വന്നുകഴിയുമ്പോൾ വൈദികർ അസോസിയേഷനെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന നിർഭാഗ്യകരമായ സ്ഥിതിയും കണ്ടുവരുന്നു. വടക്കുംഭാഗ സീറോ മലബാറുകാരെ വിദേശരാജ്യങ്ങളിൽ ഒരുമിപ്പിക്കുന്നത് മലയാള ഭാഷ മാത്രമാണ്. അവർക്ക് പ്രത്യേകമായി ഒരു സംസ്കാരമോ ആചാരമോ തനിമയോ ഒന്നുമില്ല. ഒന്നോ രണ്ടോ തലമുറ കഴിയുമ്പോൾ മലയാളഭാഷ ഉപയോഗത്തിലില്ലാതായാൽ സീറോ മലബാർ പള്ളികൾ കാലിയാകുകതന്നെ ചെയ്യും. എന്നാൽ തെക്കും ഭാഗരായ ക്നാനായ സമൂഹത്തെ ഒരുമിപ്പിക്കുന്നത് ഭാഷയല്ല അവരുടെ പാരമ്പര്യവും തനിമയും കലകളിലൂടെയുള്ള വിശ്വാസ വർദ്ധനവും സാംസ്കാരിക കൂട്ടായ്മയും സ്വവംശവിവാഹനിഷ്ഠ (എൻഡോഗമി)യുമാണ്. ക്നാനായ സമൂഹത്തെ തകർക്കാൻ അവരുടെ എൻഡോഗമിയെ തകർത്താൽമതിയെന്ന് ശത്രുക്കൾ മനസ്സിലാക്കിയിരിക്കുന്നു. നമ്മുടെ മെത്രാന്മാർ അവരുടെ മുന്നിൽ നിശബ്ദരായിരിക്കുകയും ചെയ്യുന്നു. ക്നാനായ സമുദായത്തെ കൂടാതെ സഭക്ക്, കോട്ടയം അതിരൂപതയ്ക്ക് വളരാനാകും എന്ന തീരുമാനം ഉപേക്ഷിച്ചില്ലെങ്കിൽ എല്ലാം ഒന്നാകെ നശിക്കുക തന്നെ ചെയ്യും. ■

*പേജ് 1 തുടർച്ച....*

## കംഗാരുക്കളുടെ നാട്ടിലെ ക്നാനായ സഹോദരങ്ങളോട്

സ്വസ്ഥമായി ജീവിച്ചുപോന്ന ക്നാനായ മക്കളുടെ മുന്നിലേക്ക് അവർ വടക്കുംഭാഗമെത്രാന്മാരുടെ കീഴിൽ വാഗ്ദാനപേടകം വച്ചുകൊടുത്തു. കുടിയേറിയ പരദേശികളുടെ ഏകാന്ത നിസ്സഹായതയിൽ പ്രലോഭനമായിത്തീർന്ന ഈ ക്നാനായ മിഷൻ വീണ്ടു വിചാരമില്ലാത്ത ഈഗോയും, കോംപ്ളക്സും അല്പത്തവും, പൊങ്ങച്ചവും, ഉള്ളിൽ കൊണ്ടുനടന്ന ചിലർക്കു ആളാകാനും മേനി നടിക്കാനുമുള്ള ഒരുവേദിയായിത്തീർന്നു. ബുദ്ധിയും ബോധവുമുള്ള ദീർഘദർശനമുള്ള ചില വിവേകമതികൾ ഇതിന്റെ ആപത്തിനെ ചൂണ്ടിക്കാട്ടുന്നു. ളോഹയും അരക്കെട്ടും ഉള്ളുപൊള്ളയായ ആത്മീയതയും ക്ഷണിക്കപ്പെടാത്ത അതിഥികളെപ്പോലെ കടൽകടന്നുവന്നു അനുഗ്രഹവചസ്സുകളുമായി ആലിംഗനം ചെയ്യുമ്പോൾ പാവം അടിമവിശ്വാസികൾ വീണുപോകും. എല്ലാം മറന്നുപോകും. പിന്നെ എന്തു ക്നാനായ പാരമ്പര്യം പൈതൃകം തനിമ ഒരുമ, എല്ലാം സീറോ മലബാർ, സീറോ മലബാർ നമ്മുടെ അമ്മ, വല്യമ്മ.

എന്റെ ക്നാനായതനിമയുള്ള സഹോദരങ്ങളേ, നിങ്ങൾക്കു ബോധമില്ലേ, ബോദ്ധ്യമില്ലേ, തിരിച്ചറിവില്ലേ. ഇതു നിങ്ങളുടെ രക്ഷയ്ക്കു വേണ്ടിയോ? അതോ സഭാധികാരികളുടെ രക്ഷയ്ക്കു വേണ്ടിയോ, ക്നാനായ മിഷൻ വൈദികർക്കുവേണ്ടിയുള്ള മിഷനാണ്. അവരുടെ ചെങ്കോലും കിരീടവും അധികാരവും സമ്പത്തും വ്യാപിപ്പിക്കാനുള്ള സാമ്രാജ്യമോഹമാണ്. അല്ലാതെ ക്നാനായമക്കളുടെ ഉദ്ധാരണത്തിനുവേണ്ടിയല്ല. ക്നാനായ സമുദായത്തിന്റെ സംരക്ഷണത്തിനും മഹത്ത്വത്തിനും വേണ്ടിയല്ല. നിങ്ങളുടെ മുമ്പിൽ അമേരിക്കൻ മിഷൻ പള്ളികൾ ഒരു പാഠമാകാത്തതെന്താണ്.

നീർച്ചാലിന്നരികെ വളരുന്ന, ധാരാളം ഫലം തരുന്ന ഇലകൊഴിയാത്ത വൃക്ഷങ്ങളുടെ ഫലവും തണലും തേടിവരുന്നവരാണു നിങ്ങളുടെ സഭാനേതാക്കൾ. ഇവർ നന്മയുമായി വരേണ്ടിടത്ത് തിന്മയുമായി വരുന്നു. പ്രകാശം കാത്തിരിക്കുന്നവർക്കിടയിൽ അന്ധകാരം പരത്തുന്നു. സമാധാനവും സ്വസ്ഥതയും കാംക്ഷിക്കുന്നവർക്കിടയിൽ വിഭാഗീയത പടർത്തുന്നു. ബോദ്ധ്യമില്ലാത്ത പൊള്ളയായ വാഗ്ദാനങ്ങളിൽ ഉപദേശങ്ങളെ ഇരുളാക്കുന്നു. അനാഥർക്കും പീഡിതർക്കും ദുഃഖിതർക്കും നിന്ദിതർക്കും നീതിയും ആശ്വാസവും നടത്തികൊടുക്കേണ്ടവർ നിങ്ങളുടെ വീഞ്ഞു നുരയേണ്ട പാനപാത്രം നിറയെ ഉഷ്ണക്കാറ്റു നിറയ്ക്കുന്നു.

എന്റെ ക്നാനായ സഹോദരങ്ങളേ, ക്നാനായ സമുദായത്തിന്റെ സങ്കരത്തിനും സങ്കലനത്തിനും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ഈ തല്പരകക്ഷികളെ തിരിച്ചറിയുക. മഹത്വത്തിന്റെയും തേജസിന്റെയും വാൾ അരയിൽ ധരിക്കുക. സമുദായ സംരക്ഷണത്തിനും നീതിക്കും സത്യത്തിനും വേണ്ടി ധൈര്യത്തോടെ മുന്നോട്ടിറങ്ങുക.

നിങ്ങൾ നിങ്ങളുടെ മക്കൾ ആ പരമ്പര തുടരട്ടെ. ഒപ്പം ക്നാനായ പാരമ്പര്യവും തുടരട്ടെ. അതിനെതിരായ പ്രലോഭന വാഗ്ദാനങ്ങളെ അതിജീവിക്കുക. നിങ്ങളുടെ ഇടിമുഴക്കം ചുഴലിക്കാറ്റിൽ മാറ്റൊലിക്കൊള്ളട്ടെ. നിങ്ങളുടെ മിന്നലുകൾ നമ്മുടെ സമുദായത്തിന്റെമേൽ പ്രകാശിക്കട്ടെ.

ചിന്താവിഷയം

എന്റെ സോദരരേ, നിങ്ങൾക്കു വേറെ പണിയൊന്നുമില്ലേ. നിങ്ങൾക്കു പണിതരാൻ വരുന്നവർക്കുവേണ്ടി പള്ളിപണിയാൻ. ■

# കാനാ: നവീകരണ, സമിതിക്കാരുടെ കൊതിക്കെറുവുകൾ

**ക്നാ**നായ സമുദായത്തിൽ നിന്നും പള്ളിയിൽ നിന്നും, അനുവാദം വാങ്ങി അക്കരപച്ചയുടെ സൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ യാത്രയാവുകയും പ്രതീക്ഷിച്ചത് ലഭിക്കാതെ വന്നപ്പോൾ നഷ്ടപ്പെടുത്തിക്കളഞ്ഞ, ക്നാനായ അംഗത്വം തിരിച്ച് ലഭിക്കണം എന്നുപറഞ്ഞ് കൊതികുത്തി നടക്കുന്ന കാനാ എന്നും നവീകരണസമിതി എന്നും പറയപ്പെടുന്ന ക്നാനായ വിരുദ്ധരുടെ കൂട്ടായ്മ. നിരന്തരമായി, സീറോ മലബാറിനെയും റോമിനെയും തെറ്റിദ്ധരിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന നാടകങ്ങളുടെ ഒരു കൂട്ടായ്മ കോട്ടയത്ത് സംഘടിപ്പിച്ചതും കള്ള പ്രചരണങ്ങളിലൂടെ ആയിരുന്നു.

കോട്ടയം അതിരൂപതയ്ക്ക് എതിരെ ആദ്യമായി ജൂഡിഷ്യൽ കോടതിയിൽ വിധി പറഞ്ഞ, ജഡ്ജി ജോർജ്ജ് ഉമ്മനെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച നവീകരണക്കാരുടെ കൂട്ടായ്മ കെ.എസ്.എസ്.എസിന്റെ ശക്തമായ നിലപാടുകൾ കാരണം ആദരിക്കൽ പരിപാടി വേണ്ടന്നുവെച്ചു. സ്വന്തം മതത്തിന്റെ പോരായ്മകളെയും വർഗ്ഗീയ വിഷയങ്ങൾക്ക് എതിരെയും നിയമലംഘനങ്ങൾക്കെതിരെയും പ്രതികരിക്കാത്ത കമാൽപാഷയെപ്പോലുള്ള മുൻ ന്യായാധിപർ ക്നാനായ സമുദായത്തെ പുച്ഛിക്കുന്നത് കണ്ടിട്ടും, പ്രതികരിക്കാതിരുന്ന ഔദ്യോഗിക കെ.സി.സി. സംഘടനക്ക് എതിരെ ക്നാനായ ജനരോഷം നേരിട്ടുകൊണ്ടിരുന്നപ്പോൾ, കെ.എസ്.എസ്.എസ്. വിഷയം ഏറ്റെടുത്തുകൊണ്ട് ശക്തമായി മുന്നോട്ടുവന്നു. ക്നാനായ വിരുദ്ധ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറായ കേന്ദ്രന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ, ജോർജ്ജ് കുര്യനെയും മുൻ ജഡ്ജി ജോർജ്ജ് ഉമ്മനെയും നേരിട്ടുകണ്ടും ജഡ്ജി കമാൽപാഷയെയും, അഡ്വ. കെ. ജയശങ്കറെയും ഫോണിലൂടെയും നമ്മുടെ സമുദായത്തിന്റെ ന്യായമായ നിലപാടുകളെ അറിയിക്കുകയും ചെയ്തു. കാനോൻ നിയമം അനുസരിച്ച് രൂപീകരിച്ചിരിക്കുന്ന ക്നാനായ സംരക്ഷണ സമിതിയുടെ ശക്തമായ പ്രതിഷേധം അറിയിക്കുകയും അതുമൂലം ശ്രീ. ജോർജ്ജ് ഉമ്മനെ ആദരിക്കുന്ന പരിപാടിയിൽ നിന്ന് കമാൽപാഷ പിന്തിരിയുകയും ചെയ്തു.

ക്നാനായ വിരുദ്ധ കേസ്സിൽ ക്നാനായ സമുദായത്തിനെതിരെ വിധി പറഞ്ഞതിന് ശേഷം നിലവിൽ കോടതിയിൽ നിലനിൽക്കുന്ന കേസിൽ വാദിയായ ബിജു ഉതുപ്പിന് ഒപ്പം വേദി പങ്കിടുകയും അവരുടെ സ്വീകരണങ്ങളും ഉപഹാരങ്ങളും ഏറ്റുവാങ്ങാൻ എത്തിചേർന്ന ജസ്റ്റിസ് ജോർജ്ജ് ഉമ്മന് കാനായുടെ സമ്മേളന സ്ഥലത്ത് നേരിട്ടെത്തിയാണ് പരാതി നൽകിയത്.

സമുദായത്തിന്റെ പൈതൃകത്തെയും പാരമ്പര്യത്തെയും പരസ്യമായി വെല്ലുവിളിക്കുന്നവരോട് പരസ്യമായിത്തന്നെ പ്രതികരിക്കുവാൻ സാധിച്ചത് ക്നാനായ സംരക്ഷണ സമിതിയുടെ വിജയമാണ്.

*പേജ് 1 തുടർച്ച....*

# ക്നാനായത്വ'വും, 'അംഗത്വ'വും

എങ്ങനെയെന്നും, സ്വവംശാധിഷ്ഠ ക്നാനായ ജനതയുടെ നിലനിൽപ്പിന് എത്രമാത്രം ആവശ്യമാണെന്നും ഒക്കെ പൂർവികർ വായ്മൊഴിയായും, വരമൊഴിയായും, അവരുടെ ജീവിത മാതൃക വഴിയായും തലമുറ തലമുറകളിലൂടെ അവർക്കു പകർന്നു നൽകിയിട്ടുണ്ട്. ക്നാനായക്കാർ ആരെന്നും, അതിന്റെ നിർവചനത്തിൽ എന്തൊക്കെയാണ് ഉള്ളതെന്നും ഒക്കെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്, കൊച്ചു പിതാവ് പറഞ്ഞതു പോലെ, തവളയേയും മീനിനേയും നീന്തൽ പഠിപ്പിക്കുന്നതിനു തുല്യമാണ്! കറുകപ്പറമ്പിലച്ചൻ അത്തരമൊരു പാഴ്വേലയാണ് നടത്തിയിരിക്കുന്നത്.

ആരാണ് 'ക്നാനായക്കാർ' എന്നത് സഹസ്രാബ്ദങ്ങളിലൂടെ നമ്മുടെ സ്വവംശ വിവാഹനിഷ്ഠാ പാരമ്പര്യ പാലനം വഴി, ആർക്കും മാറ്റംവരുത്താൻ ആവാത്ത വിധത്തിൽ, എന്നന്നേക്കുമായി രൂപപ്പെട്ടു കഴിഞ്ഞു പോയി. അതിനാൽ പുതിയ ഒരു നിർവചനത്തിന്റെയോ, വ്യാഖ്യാനത്തിന്റെയോ ആവശ്യമേയില്ല!

ക്നാനായ സമൂഹം ഒന്നേയുള്ളൂ. അതിന് ലോകമെമ്പാടും ഒരു നിയമവും നിർവ്വചനവും മാത്രമേ ഉള്ളൂ, അതേ പാടുള്ളൂ! അതിൽ കത്തോലിക്കരും, യാക്കോബായക്കാരും ഉൾപ്പെടും. 'കത്തോലിക്കൻ' ആരെന്നും, 'യാക്കോബായക്കാരൻ' ആരെന്നും അതാതു സഭകൾക്ക് തീരുമാനിക്കാമെങ്കിലും 'ക്നാനായക്കാർ ആര്' എന്ന് കത്തോലിക്കാ സഭയ്ക്കോ, യാക്കോബായ സഭയ്ക്കോ, പ്രത്യേകമായോ ഒന്നിച്ചു പോലുമോ, വ്യത്യസ്ഥമായി നിർവ്വചനം കൊടുക്കുവാൻ യാതൊരു അവകാശവുമില്ല. കാരണം, അങ്ങനെ സ്വന്തം ഇഷ്ടപ്രകാരം മാറ്റാവുന്ന ഒന്നല്ല അത്.

'ക്നാനായ മാതാപിതാക്കൾക്ക് ജനിക്കുകയും, വിവാഹിതരെങ്കിൽ, ക്നാനായ മാതാപിതാക്കളിൽനിന്നും ജനിച്ചവരെ തന്നെ ജീവിതപങ്കാളി ആക്കുകയും ചെയ്തിരിക്കുന്നവരുടെ സമൂഹമാണ് തെക്കുംഭാഗ (ക്നാനായ) സമൂഹം'.

അതിനാൽ, ക്നാനായ 'അഥോറിറ്റി' ആരാണ് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ. യഹൂദരിൽ തുടങ്ങി പരമ്പരാഗതമായി നമ്മൾ കൃത്യമായി പാലിച്ചു പോരുന്ന 'സ്വവംശവിവാഹനിഷ്ഠാ പാരമ്പര്യ'മാണ് അതിന്റെ നിർവചനവും നിയമവും ക്നാനായ അഥോറിറ്റി എന്നത് യഥാർത്ഥത്തിൽ സൈദ്ധാന്തികമാണ് (Conceptual/ Notional). ക്നാനായ നിർവചനവും നിയമവും അചഞ്ചലമായി രൂപപ്പെട്ടുപോയതിനാൽ അതിനെ നിർവചിക്കുന്നതിനും, നിയമം സൃഷ്ടിക്കുന്നതിനും conceptual അല്ലാത്ത ഒരു അധികാരിയുടെ ആവശ്യം പോലുമില്ല.

ദിവംഗതനായ കുന്നശ്ശേരിൽ പിതാവ് ബിജു ഉതുപ്പ് കേസിൽ കോടതിയിൽ നൽകിയിട്ടുള്ള നിർവചനത്തിൽ പറയുന്നത് ഇങ്ങനെ: 'A Knanite is one who is born to Knanite parents and who has not married a non-Knanite"

**കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ വിചിത്രമായ നിലപാട്**

*22.04.2012 ൽ മാർ മാത്യു മൂലക്കാട്ട് തന്നെ അപ്നാദേശ് പത്രത്തിൽ ഇക്കാര്യം താഴെ കൊടുത്തിരിക്കുന്ന പ്രകാരം രേഖപ്പെടുത്തിയിരുന്നു.*

*'ക്നാനായ സമുദായത്തിനു പുറത്തു നിന്നും വിവാഹം കഴിക്കുന്ന വ്യക്തി ക്നാനായ സമുദായത്തിലേയൊ, ക്നാനായക്കാർക്കായി സ്ഥാപിതമായ കോട്ടയം അതിരൂപതയിലേയോ അംഗമായി തുടരുന്നതിനുള്ള അവകാശവും യോഗ്യതയും സ്വയം നഷ്ടപ്പെടുത്തുന്നു.'*

01.08.2019 ലെ വീഡിയോ പ്രസ്താവനയിൽ അഭിവന്ദ്യ മാർ മൂലക്കാട്ട് പിതാവ് പറയുന്നതിന്റെ ഏറ്റവും പ്രധാന സാരാംശം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ താഴെ ചേർക്കുന്നു:

*'ജന്മംകൊണ്ടും, കർമ്മംകൊണ്ടും തന്റെ ക്നാനായത്വം സാർത്ഥകമാക്കുമ്പോൾ മാത്രമേ ഒരു വ്യക്തിയെ യഥാർത്ഥ 'ക്നാനായക്കാരൻ' എന്ന് വിളിക്കാനാവൂ.' 'ക്നാനായ സമുദായത്തിന്റെ അടിസ്ഥാന സ്വഭാവമായ സ്വവംശ വിവാഹനിഷ്ഠയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയെ യഥാർത്ഥ ക്നാനായക്കാരൻ എന്ന് ലോകം മുഴുവൻ വിളിച്ചാലും, അതിനോട് എനിക്ക് യോജിക്കാൻ സാധിക്കുകയില്ല.' 'യഥാർത്ഥ ക്നാനായക്കാരൻ ക്നാനായ മാതാപിതാക്കളിൽ നിന്നും ജനിക്കുകയും, നമ്മുടെ പിതാക്കന്മാരിലൂടെ തലമുറകളായി ദൈവത്തോട് നാം ചെയ്യുന്ന സ്വവംശ വിവാഹനിഷ്ഠാ വ്യതം അംഗീകരിക്കുകയും ചെയ്യണം. ഈ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും നാം തയ്യാറല്ല.' 'യഥാർത്ഥ ക്നാനായക്കാർ ജന്മം കൊണ്ടും കർമ്മം കൊണ്ടും ക്നാനായ പൈതൃകം പാലിക്കുന്നവരാകണം. 'കോട്ടയം രൂപതയിലെ അംഗത്വം സ്വവംശ വിവാഹനിഷ്ഠ പാലിക്കുന്നവർക്ക് മാത്രമായി നിശ്ചയിക്കുവാൻ 2000-ൽ നടന്ന അതിരൂപതാ അസംബ്ലിക്ക് സാധിച്ചു.' 'യഥാർത്ഥ ക്നാനായ പൈതൃകം ജീവിക്കുന്നവർക്ക് മാത്രമേ കോട്ടയം രൂപതയിൽ അംഗമായിരിക്കുവാൻ സാധിക്കൂ എന്ന് നാം സ്ഥാപിക്കുകയുണ്ടായി. ഈ നിയമം എന്നും നാം അചഞ്ചലമായി നിലനിർത്തുക തന്നെ ചെയ്യും. അതിനാൽ ജന്മം കൊണ്ടും കർമ്മം കൊണ്ടും ക്നാനായക്കാരല്ലാത്ത ഒരു വ്യക്തിക്കും അംഗമാകാൻ സാധിക്കുകയില്ല' 'കോട്ടയം അതിരൂപതയിൽ യഥാർത്ഥ ക്നാനായക്കാർക്ക് മാത്രമേ അംഗത്വമുള്ളൂ. സ്വവംശവിവാഹനിഷ്ഠ പാലിക്കാത്തവർക്ക് അവിടെ അംഗത്വമില്ല.' ഈവിധം പലരീതിയിലാണ് മൂലക്കാട്ട് പിതാവ് സംസാരിച്ചത്.*

**ജനങ്ങളിൽ ബോധപൂർവം ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു:**

അടിസ്ഥാനപരമായി കറുകപ്പറമ്പിൽ അച്ചൻ സമുദായത്തെ ദർശിക്കുന്നത് തന്റെ സഭാ കണ്ണിലൂടെ മാത്രമാണ്. അദ്ദേഹത്തിൽ ഒരു സമുദായ സ്നേഹം ദർശിക്കാനാവുന്നില്ല. അതുപോലെ, (ഒരു പക്ഷേ) വിവരദോഷിയായ ഏതു സാധാരണ ക്നാനായക്കാരനും അറിയാവുന്ന, മനസ്സിലാവുന്ന വളരെ നിസ്സാരമായ കാര്യങ്ങളിൽ ബോധപൂർവം ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ വേണ്ടി അതിഭാവുകത്വം കലർത്തി തെറ്റായി വിശദീകരിച്ച് ശരിയായ കാര്യങ്ങളെ വളച്ചൊടിക്കുന്നതിൽ ഡോക്ടറേറ്റ് ലഭിക്കാവുന്ന തരത്തിലുള്ള ഒരു പ്രബന്ധം പോലെയാണ് തന്റെ ലേഖനം വലിച്ചു നീട്ടി എഴുതിയിരിക്കുന്നത്. അത്രയ്ക്ക് ആശയക്കുഴപ്പമാണ് ഈ ലേഖനം ജനങ്ങളിൽ സൃഷ്ടിക്കുക. അച്ചന്മാർ പറയുമ്പോൾ ശരിയായിരിക്കുമല്ലോ എന്ന് വിചാരിച്ച് വിശ്വസിക്കുന്ന പാവം വിശ്വാസികളുടെ ശരിയായ ബോധ്യങ്ങളിൽ സത്യത്തെ വളച്ചൊടിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കാൻ അച്ചൻ നന്നായി കഷ്ടപ്പെട്ടിട്ടുണ്ട്.

**ക്നാനായക്കാരന്റെ അനന്യത-**

ഇത് വായിക്കുന്നവർ എല്ലാം അച്ചനെ പോലെ ഡോക്ടറേറ്റ് ഉള്ളവരല്ല. അതിനാൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ വളരെ ലളിതമായി പറഞ്ഞാൽ സ്വവംശ വിവാഹനിഷ്ഠാ പാരമ്പര്യ പാലനമാണ് ഒരു ക്നാനായക്കാരന്റെ അനന്യത. ഇതു മനസ്സിലാക്കാൻ വലിയ സഭാജ്ഞാനമോ, ദൈവശാസ്ത്ര പഠനമോ ഒന്നും ആവശ്യമില്ല.

സമുദായത്തിലും ഇടവകയിലും ഒക്കെ വിഭാഗീയത സൃഷ്ടിക്കുന്നത് അല്മായർ അല്ല, അതിനുള്ള ആഗോള കൊട്ടേഷൻ നിങ്ങളിൽ ചിലരല്ലേ എടുത്തിരിക്കുന്നത്?! സമുദായ സ്നേഹം പറയുമ്പോൾ വിശ്വാസം പറഞ്ഞു അതിനെ വഴിതിരിച്ചുവിടുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത് ശരിയല്ല.

അങ്ങനെയുള്ള കാര്യങ്ങൾ പള്ളിക്ക് വെളിയിൽ ഒരു പൊതു ചർച്ചയിൽ ആയിക്കൂടെ? നിങ്ങൾ എന്തുകൊണ്ട് ജനങ്ങളുമായി നേരിൽ സംവദിക്കുന്നില്ല?! ജനങ്ങൾ നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ്. എങ്കിലും പല വൈദികരിലും വലിയ മൂല്യച്യുതി ആണ് ഞങ്ങൾ ഇന്ന് ദർശിക്കുന്നത്. പഴയ കാലം പോലെ നിങ്ങൾ ജനങ്ങളെ കൂടുതൽ സ്നേഹിക്കൂ. അവരുമായി സംസാരിച്ച് അവരുടെ ആശങ്കകൾ അകറ്റൂ. സമുദായത്തിന്റെ സംരക്ഷകരാണ് നിങ്ങളെന്ന് അവരെ ബോധ്യപ്പെടുത്തൂ. സമുദായ താൽപ്പര്യങ്ങളോടു ചേർന്നു നിൽക്കൂ. ഐക്യത്തോടെ ഒറ്റ ജനതയായി നമുക്ക് പ്രവർത്തിച്ചു കൂടെ? പൊതു ചർച്ചാവേദികൾ ധാരാളം ഒരുക്കി സംശയ നിവാരണം വരുത്തൂ.

**ആരാണ് ക്നാനായക്കാരൻ?**

അച്ചൻ സത്യ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞു ഫലിപ്പിക്കാൻ നോക്കുന്നത് എന്തിനാണ്? 2000 ത്തിലെ Eparchial Assembly ക്കു മുൻപു വരെ ക്നാനായ സമുദായാംഗത്തെ മാത്രമേ ക്നാനായക്കാരനായി പരിഗണിച്ചിരുന്നുള്ളൂ. അത് തന്നെയാണ് നിങ്ങളെപ്പോലുള്ളവർ വേദപാഠ ക്ലാസിലും ഒക്കെ പഠിപ്പിച്ചിരുന്നതും. ഇപ്പോഴെന്തേ മാറ്റിപ്പറയുന്നു? ക്നാനായ മാതാപിതാക്കളിൽ നിന്നു ജനിക്കുന്നതു കൊണ്ട് മാത്രം ഒരുവനെ ക്നാനായക്കാരൻ എന്ന് പറഞ്ഞിരുന്നത് അവൻറെ വിവാഹം വരെ മാത്രമായിരുന്നു. അതിനു ശേഷം അങ്ങനെ കരുതണമെങ്കിൽ സ്വവംശത്തിൽ നിന്ന് തന്നെ ആയിരിക്കണം വിവാഹവും.

2000 Eparchial Assembly യിലാണ് പഴയ നിർവചനത്തിൽ മാറ്റം വരുത്തി ക്നാനായ മാതാപിതാക്കളിൽ ജനിച്ചവരെയെല്ലാം (ക്നാനായ genes ഉള്ളവരെയെല്ലാം) മരണം വരെ ക്നാനായക്കാരാക്കിയത്. അവരിൽ സ്വവംശ വിവാഹനിഷ്ഠ ലംഘിച്ചവർ യഥാർത്ഥത്തിൽ സമുദായാംഗത്വം സ്വയം നഷ്ടപ്പെടുത്തിയവരാണ്.

കോട്ടയം അതിരൂപതാധ്യക്ഷന്റെ ക്നാനായ നിലപാടിനെ അദ്ദേഹത്തിന്റെ കീഴിലുള്ള കറുകപ്പറമ്പിൽ അച്ചൻ രൂപതയുടെ മുഖപത്രത്തിൽത്തന്നെ എതിർക്കുകയും, അടുത്ത ലക്കത്തിൽ എഡിറ്റോറിയൽ അതിനെ ന്യായീകരിക്കുകയും ചെയ്തിട്ട് യാതൊരു നടപടിയുമില്ല!

പിതാവിന്റെ നിലപാടിനു വിപരീതമായി, സ്വവംശവിവാഹനിഷ്ഠ എന്ന 'കർമ്മം' ഒഴിവാക്കിക്കൊണ്ടുള്ള സത്യവിരുദ്ധമായ നിർവചനമാണ് 'ക്നാനായക്കാരന്' 21.07.2019 ലെ അപ്നാദേശിൽ റവ. ഡോ. ജോയി കറുകപ്പറമ്പിൽ എഴുതിയ ലേഖനത്തിൽ താഴെപ്പറയും പ്രകാരം നൽകിയിരിക്കുന്നത്.

*('ക്നാനായ മാതാവിൽ നിന്നും പിതാവിൽ നിന്നും ജനിച്ച ഒരാൾ അയാളുടെ മരണം വരെ ക്നാനായക്കാരനും തദ്വാരാ ക്നാനായ സമുദായത്തിലെ അംഗവും ആയിരിക്കും.')*

ഉ: 'ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിച്ചവരിൽ സ്വവംശവിവാഹനിഷ്ഠ ലംഘിക്കാത്തവരുടെ സമൂഹമാണ് ക്നാനായ സമുദായം' എന്ന നഗ്നമായ യാഥാർത്ഥ്യം നിലനിൽക്കെ, ജന്മം കൊണ്ട് മാത്രം ഒരാൾ മരണം വരെ (മിശ്ര വിവാഹിതനെങ്കിലും) ക്നാനായക്കാരൻ മാത്രമല്ല സമുദായാംഗവും ആയിരിക്കുമെന്നു പറയുന്നത് ക്നാനായ ജനതയ്ക്ക് യാതൊരു കാരണവശാലും അംഗീകരിക്കാനോ ഉൾക്കൊള്ളാനോ ആവുന്നതും അല്ല.

ദിവംഗതനായ കുന്നശ്ശേരിൽ പിതാവ് 1997 ൽ പറഞ്ഞതു പോലും ക്നാനായ മാതാപിതാക്കളിൽ നിന്നും ജനിച്ച ഒരാളുടെ മരണം വരെ അയാളുടെ 'ക്നാനായത്വം' (മാറിക്കെട്ടിയാലും) നഷ്ടപ്പെടുന്നില്ല എന്ന് മാത്രമാണ്. സമുദായാംഗത്വം നഷ്ടപ്പെടും എന്നു തന്നെയാണ് അതിനർത്ഥം.

**അംഗത്വം & ജന്മാവകാശം**

അംഗത്വത്തെപ്പറ്റി കറുകപ്പറമ്പിൽ അച്ചൻ വീണ്ടും പറയുന്നത്:

*('അംഗത്വം ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം തന്റെ ജന്മാവകാശമാണ് (Birth Right). ജന്മം കൊണ്ട് മാത്രം ലഭ്യമാകുന്ന ഒരു ക്നാനായക്കാരന്റെ അംഗത്വം, കർമം കൊണ്ട് നഷ്ടപ്പെടുകയില്ല, അത് സാധ്യവുമല്ല' 'മരണം കൊണ്ടു മാത്രമാണ് നഷ്ടമാവുന്നത്'.)*

ഉ: ക്നാനായ'ഇടവകാംഗത്വം' ജനനത്തോടു കൂടി ലഭിക്കുന്നതല്ല. മാമോദീസായ്ക്ക് ശേഷം മാത്രമേ അത് ലഭിക്കുകയുള്ളൂ. അതിനാൽ ത്തന്നെ ഇടവകാംഗത്വം ജന്മാവകാശമല്ല.

'സമുദായാംഗത്വം' ജനനത്തോടുകൂടി ആരംഭിക്കുന്നതാണെങ്കിലും അത് നീക്കം ചെയ്യപ്പെടാനാവാത്ത അവകാശമല്ല. കാരണം, അത് ബാഹ്യ ഘടകങ്ങളാൽ/ നിയമങ്ങളാൽ നിയന്ത്രിതമാണ്. സമുദായ അംഗമാകുവാൻ ക്നാനായ മാതാപിതാക്കളിൽ നിന്ന് ജനിക്കണം എന്നുള്ള ക്നാനായ നിയമത്തിന്റെ ആദ്യ ഭാഗത്തിന്റെ ഫലമായി അത് ജനന സമയത്ത് ലഭ്യമാകുന്നു എന്നേയുള്ളൂ. അതേ ക്നാനായ നിയമത്തിന്റെ തന്നെ രണ്ടാംഭാഗമായ, 'സ്വവംശവിവാഹനിഷ്ഠ' ലംഘിച്ചാൽ അംഗത്വം നഷ്ടപ്പെടുകയും ചെയ്യും. ക്നാനായ നിയമം മറ്റൊന്നായിരുന്നെങ്കിൽ ജനന സമയത്ത് സമുദായാംഗത്വം ലഭിക്കുമായിരുന്നില്ല.

'ക്നാനായത്വം' (ക്നാനായ Genes/ Knanaity) മാത്രമാണ് നീക്കം ചെയ്യപ്പെടാനാവാത്തതിനാൽ മരണംവരെ നിലനിൽക്കുന്ന ജന്മാവകാശം (birth right). ക്നാനായത്വം ബാഹ്യഘടകങ്ങൾക്കോ നിയമങ്ങൾക്കോ സ്വന്ത നിയന്ത്രണത്തിനു പോലുമോ വിധേയമല്ല.

*('ക്നാനായേതര സഭാ സമൂഹത്തിൽ നിന്ന് വിവാഹം കഴിക്കുന്ന ആളിന്റെ' ക്നാനായ അംഗത്വം' എപ്പാർക്കിയൽ അസംബ്ലിയുടെ നിർവചനമനുസരിച്ച് നഷ്ടപ്പെടുന്നില്ല.')*

ഉ: ഇത് തികച്ചും കളവായ ഒരു പ്രസ്താവനയാണ്. 'ക്നാനായ അംഗത്വം' എന്നൊന്നില്ല. 'ക്നാനായത്വ'വും 'അംഗത്വ'വും തികച്ചും വ്യത്യസ്തമാണ്. അംഗത്വം എന്ന് പറയുന്നത് സമുദായാംഗത്വം അല്ലെങ്കിൽ ഇടവകാംഗത്വം ആണ്. എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട് പ്രകാരവും കോട്ടയം അതിരൂപത നിയമ സംഗ്രഹം പ്രകാരവും 'ക്നാനായ പുരുഷനോ സ്ത്രീയോ ഇതര സമുദായത്തിൽ നിന്ന് ജീവിത പങ്കാളിയെ സ്വീകരിച്ചാൽ അപ്രകാരമുണ്ടാവുന്ന കുടുംബം ക്നാനായ സമുദായത്തിൽ ആയിരിക്കുകയില്ല; ക്നാനായേതര സഭാ സമൂഹത്തിൽ ആയിരിക്കും നിലനിൽക്കുക'

മിശ്രവിവാഹിതന്റെ സമുദായ അംഗത്വം നഷ്ടപ്പെടും എന്നുള്ളതിന് ഇതിൽ കൂടുതൽ വിശദീകരണം ഒന്നും ആവശ്യമില്ലല്ലോ!

ഉ: സമുദായത്തിൽ ഉള്ളവർ എല്ലാവരും ക്നാനായക്കാർ ആണെങ്കിലും, എല്ലാ ക്നാനായക്കാരും സമുദായാംഗങ്ങൾ അല്ല. മിശ്രവിവാഹിതരെ അംഗത്വത്തിൽ നിന്നും ആരും പുറത്താക്കുന്നത് അല്ല, അയാൾ അപേക്ഷ കൊടുത്ത് അനുവാദം വാങ്ങിപ്പോകുന്നതാണ്. ക്നാനായ സമുദായം സഹസ്രാബ്ദങ്ങളായി സ്വവംശ വിവാഹനിഷ്ഠ ലംഘിക്കാത്തവരുടെ സമൂഹം ആയതിനാൽ, ലംഘിക്കുന്നവരുടെ അംഗത്വം ആ മിശ്രവിവാഹം നിലനിൽക്കുന്നിടത്തോളം കാലം സ്വാഭാവികമായി സസ്പെൻഡ് ചെയ്യപ്പെടുകയാണ്. ■

# തോമാശ്ലീഹാ കേരളത്തിൽ വന്നിരുന്നോ?

കത്തോലിക്കാ മുഖപത്രമായുള്ള ഒരു പത്രത്തിൽ അടുത്തിടെ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടു. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം പ്രൊഫസറായ റവ.ഡോ. പയസ് മലേക്കണ്ടത്തിൽ എഴുതിയതായിരുന്നു ആ ലേഖനം. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്ര വിഷയമാണ് പരാമർശിക്കുന്നതെങ്കിലും ആധികാരിക ശ്രോതസിൽ നിന്നുള്ള ഉദ്ധരണികളൊന്നും എടുത്തു പറയുന്നില്ല.

തോമാശ്ലീഹാ കേരളത്തിൽ വന്ന് നാട്ടുകാരെ ക്രിസ്ത്യാനികളാക്കിയെന്നും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ നേതൃത്വം ലഭിക്കാതെ അവർ വിഘടിച്ചു പോകുന്നു എന്നു മനസിലാക്കിയ പൗരസ്ത്യ കാതോലിക്കാ, മെത്രാനും നാലു വൈദികരും ഏതാനും ശെമ്മാശന്മാരും 400 വിശ്വാസികളും അടങ്ങുന്ന ഒരു സംഘത്തെ കേരളവുമായി കച്ചവടബന്ധം ഉണ്ടായിരുന്ന കിനായിദേശക്കാരൻ തൊമ്മൻ എന്ന ക്രിസ്ത്യാനിയുടെ നേതൃത്വത്തിൽ മലങ്കരയിലേക്കു അയച്ചു എന്നതാണ് ചരിത്രം.



*പെരിക്കല്ലൂർ Flood Relief*

കേരളത്തിലെ സീറോ മലബാർ സഭയുടെ ചരിത്രം അവിടെ തുടങ്ങുന്നു. സുറിയാനി ഭാഷയും ആരാധനക്രമവും മറ്റു പല കീഴ്വഴക്കങ്ങളും എല്ലാം ലഭിച്ചത് നാലാം നൂറ്റാണ്ടിലെ സിറിയൻ പ്രേഷിതകുടിയേറ്റക്കാർ വഴിയാണ്. തോമാശ്ലീഹാ ഇവിടെ വന്നു എന്നത് ചരിത്രമല്ല വിശ്വാസം മാത്രമാണെന്ന് പറയുന്ന സീറോമലബാർ ചരിത്രകാരന്മാർ 4-ാം നൂറ്റാണ്ടിലെ കുടിയേറ്റ ചരിത്രം കണ്ടില്ലെന്നു നടിക്കുകയാണ്.

തോമാശ്ലീഹ ഇവിടെ വന്നു എന്നതിന്റെ പ്രധാന തെളിവ് നാലാം നൂറ്റാണ്ടിലെ സിറിയൻ കുടിയേറ്റമാണ്. ആ സമൂഹം 21-ാം നൂറ്റാണ്ടിലും ഇവിടെ നിലനില്കുന്നു. കേരളത്തിലെ ക്രൈസ്തവർക്ക് സാമൂഹിക സാമ്പത്തിക അവകാശങ്ങളും ഉയർന്ന പദവിയും ലഭിച്ചു എന്നൊക്കെ റവ.ഡോ. പയസ് പറയുന്നുണ്ട്. അത് 4-ാം നൂറ്റാണ്ടിലെ കുടിയേറ്റ നേതാവായ ക്നായിത്തൊമ്മന് നാടുവാഴിയായിരുന്ന ചേരമാൻ പെരുമാൾ വഴി ലഭിച്ചതാണെന്ന് മലേക്കണ്ടം മിണ്ടുന്നില്ല.

ആഴിയുടെ അടിത്തട്ടിലും അന്തരീക്ഷത്തിലും അന്വേഷിച്ചാൽ സീറോ മലബാർ സഭയുടെ ചരിത്രം ലഭിക്കില്ല. അത് നാലാം നൂറ്റാണ്ടിലെ സിറിയൻ കുടിയേറ്റക്കാരിൽനിന്നും തുടങ്ങണം.


## ക്നാനായ സുറിയാനി മാട്രിമോണിയൽ

Proposal invited from parents of well educated girls & well reputed family, age around 30, for a Knanaya Catholic boy, from a well reputed family, Post Graduate, Studying for Phd. Also running business.Age.35.
Contact .00919497053037.

Knanaya boy , 30, 176cm, Nurse, Working in Kuwait. Cont.Nos.
9447128514/9495345519

ക്നാനായ യുവതി, 31, 158, ഡൽഹിയിൽ പ്രാഥമിക വിദ്യാഭ്യാസം, Post Graduate in Hospitality Administration & HR. ഡൽഹിയിൽ HR Department ൽ ഇപ്പോൾ ജോലി ചെയ്യുന്നു. അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. 9633995728.

Knanaya Catholic Girl, 26,160, BBA+Diploma in Cargo Management & DGR, Working as Logistic Coordinator at Dubai. Contact No. 9447169568

Knanaya Catholic girl, 30, Working as Junior Doctor in UK. Cont.No. 9446777738

Age. 35, 164cm, 65 kg, BSc Nurse, Working in Mumbai, Parish .Charamangalam

Knanaya catholic parents invite a marriage proposal to their daugther registred govement nurse in Uk .28 age 155 height . looking for qualified boys(BSC nurse,Btech,MSW or or any other medical field)
Contact no:9605307715

Qatar-ൽ Parents നോടപ്പം സ്വിരതാമസമുള്ളതും ജോലി ഉള്ളതുമായ ക്നാനായ യുവാവിന്( Kottayam Diocese) (28/170) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.Qatarൽ ജോലിയുള്ളവർക്ക് മുൻഗണന.

c/o 9497053037

കുവൈറ്റിൽ ജോലിയുള്ള ക്നാനായ ജാക്കോബൈറ്റ് യുവാവ്, 33/173cm, അനുയോജ്യമായ യാക്കോബൈറ്റ് കത്തോലിക്കാ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.. 00965-51743374, 00919846127579

ക്നാനായ യുവാവ് വയസ് 39. 165സെ.മീ ഉയരം, SSLC, ഡ്രൈവർ: ബാദ്ധ്യതകൾ ഇല്ല, ബാദ്ധ്യതകളില്ലാത്ത വിവാഹമോചിതരെയും പരിഗണിക്കും. c/o ജോസ് ആലപ്പാട്ട് (9495063970)

ലെൻസ് & ഫ്രെയിം ഫിറ്റിങ്ങ് സർട്ടിഫിക്കറ്റും ജോലി പരിചയവുമുള്ള ഇപ്പോൾ ഡ്രൈവറായി ജോലി ചെയ്യുന്ന ക്നാനായ കത്തോലിക്ക യുവാവിനു (34, 6.1) സ്വസമുദായത്തിൽ നിന്നു അനുയോജ്യരായ യുവതികളുടെ മാതാപിതാക്കരിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ഡിമാന്റെ കളൊന്നും ഇല്ല.
ഫോൺ: 9961844697, 04812594170

# സുറിയാനി സമൂഹത്തിനുമേലുള്ള പോർച്ചുഗീസ് അധിനിവേശവും തെക്കുംഭാഗ ജനത്തിനുമേലുള്ള സീറോമലബാർ അധിനിവേശവും

ജാത്യാഭിമാനി

**16–ാം** നൂറ്റാണ്ടിൽ മലങ്കരയിൽ അധിനിവേശം നടത്തിയ പോർച്ചുഗീസുകാർക്ക് നാട്ടുകാരായ സുറിയാനിക്കാരുടെ വിശ്വാസത്തിലും ഒരുമയിലും അത്ഭുതം ജനിപ്പിച്ചു. തങ്ങളുടേതായ ആരാധന ക്രമത്തിൽ നിന്നും വ്യത്യസ്തമായ ഒരു ആരാധനാക്രമം ഉൾക്കൊള്ളാൻ ലത്തീൻ അധികാരികൾക്കു കഴിഞ്ഞില്ല. സത്യവിശ്വാസികളായ മർത്തോമ്മാ ക്രിസ്ത്യാനികൾ പാഷണ്ഡതയിൽ ആണെന്നും ശീശ്മയിലാണെന്നും തെറ്റിദ്ധരിച്ച് അതിൽ നിന്നും രക്ഷിച്ചെടുക്കുവാനുള്ള ശ്രമം തുടങ്ങി. പോർച്ചുഗലിലും പോർട്ടുഗൽ കോളനികളിലുമുള്ള സഭയുടെ മേൽ പോർച്ചുഗീസു രാജാവിന് മാർപാപ്പ നൽകിയിരുന്ന അധികാരം ഉപയോഗിച്ച് ലത്തീൻകാരായ മെത്രാന്മാരെ വാഴിച്ചു. 1600 ൽ ഫാ. റോസ് എസ്.ജെ മർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനായിവന്നു. പൗരസ്ത്യ ആരാധന ക്രമവും പൗരസ്ത്യ ആഭിമുഖ്യവും വഴി തെറ്റിക്കുന്നു എന്നു പറഞ്ഞ് ആരാധനാക്രമം വൈദിക പരിശീലനം തുടങ്ങി സർവ്വതും ലത്തീനീകരിക്കുകയായിരുന്നു അടുത്ത ലക്ഷ്യം. അതിനായി വൈദിക വിദ്യാർത്ഥികളെ പോർച്ചുഗലിലയച്ച് പാശ്ചാത്യ രീതിയിലുള്ള പരിശീലനം കൊടുത്തു. കൊടുങ്ങല്ലൂരിൽ ലത്തീൻ രീതിയിൽ പരിശീലനം നൽകുന്ന ഒരു സെമിനാരി ഫ്രാൻസിസ്ക്കൻ മിഷനറിമാർ ആരംഭിച്ചു. ഇതേ ലക്ഷ്യത്തോടെ ഈശോ സഭാവൈദികർ വൈപ്പിൻ കോട്ടയിൽ മറ്റൊരു സെമിനാരിയും സ്ഥാപിച്ചു.

മർത്തോമ്മാ ക്രിസ്ത്യാനികളുടെ പൗരസ്ത്യാഭിമുഖ്യം കുറഞ്ഞുവരാൻ യുവ വൈദികർക്കു നൽകുന്ന ഈ പരിശീലന പദ്ധതി ഇടയാക്കി. പരിശുദ്ധ കുർബാനയും മറ്റുചില തിരുക്കർമ്മങ്ങളും സുറിയാനിയിൽ തന്നെ തുടരാൻ അനുവദിച്ചു. ഈ അനുമതി സുറിയാനിക്കാരുടെ ഇടയിൽ ലത്തീൻ വിരോധം ലഘൂകരിക്കാൻ ഇടയാക്കി. ഇങ്ങനെ അനുകൂലമായ പശ്ചാത്തലം ഒരുക്കിയതിനുശേഷം ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി സുറിയാനിക്കാരുടേതായ ആചാര പാരമ്പര്യങ്ങൾ മുടക്കുകയും ഗ്രന്ഥങ്ങൾ അഗ്നിയിൽ ദഹിപ്പിക്കുകയും ചെയ്തു.

സുറിയാനി ക്രിസ്ത്യാനികളെ ഇല്ലായ്മ ചെയ്യാൻ ലത്തീൻ കടന്നുകയറ്റക്കാർ എടുത്ത അതേ തന്ത്രം തന്നെയാണ് തെക്കുംഭാഗ ജനത്തിനെതിരെ സീറോമലബാർ നേതൃത്വം ഏറ്റെടുത്തിരിക്കുന്നത്. സമുദായ വിരുദ്ധരുടെ പിന്തുണയോടെ സീറോമലബാർ നേതൃത്വത്തിന്റെ തന്ത്രങ്ങൾ ഒന്നൊന്നായി പുറത്തുവരികയാണ്. കോട്ടയം വികാരിയാത്ത് തെക്കുംഭാഗർക്കായി അനുവദിച്ചത് പത്താംപീയൂസ് പാപ്പാക്ക് പറ്റിയതെറ്റാണെന്ന് ആദ്യമേ പറഞ്ഞുപരത്തി. തെക്കുംഭാഗർക്ക് സീറോമലബാർ സഭയുടെ അതിർത്തിയോളം അധികാരമുണ്ടെങ്കിലും അത് അനുവദിച്ചു മറ്റൊരു രൂപത തരുവാൻ അവർ തയ്യാറായിട്ടില്ല. റോമിൽ നിന്നും വംശീയ രൂപത അനുവദിക്കാനാവില്ലെന്ന കള്ളം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സീറോമലബാർ വിശ്വാസികളുള്ള എല്ലാ രാജ്യത്തും സീറോമലബാറിന് അധികാരം കൊടുത്തിട്ട് കോട്ടയം മെത്രാന്റെ അധികാരം കേരളത്തിൽ മാത്രമായി പരിമിതപ്പെടുത്തി. ഇൻഡ്യ മുഴുവനായി സീറോമലബാർ സഭയ്ക്ക് അധികാരം കൊടുത്തിട്ടും ക്നാനായക്കാരോടു പറയുന്നത് വടക്കെ ഇൻഡ്യയിൽ സീറോമലബാറിന് ശുശ്രൂഷാധികാരമാണ് കിട്ടിയിരിക്കുന്നത് പൂർണ്ണമായ അധികാരംകിട്ടുമ്പോൾ നിങ്ങൾക്കും തരാമെന്ന് പറയുന്നു. ശുശ്രൂഷാ അധികാരവും പിന്നെ വേറെ അധികാരവും ഉണ്ടോ?

വിദേശ രാജ്യങ്ങളിലുള്ള സീറോ മലബാർ രൂപതകൾ വത്തിക്കാന്റെ ഭരണത്തിൻകീഴിലാണ് എന്നു പറയുകയും അവിടുത്തെ മെത്രാന്മാർ സീറോമലബാർ സിനഡിൽ പങ്കെടുത്ത് വോട്ടു രേഖപ്പെടുത്തുകയും ചെയ്യുന്ന വിരോധാഭാസമാണ് കാണുക.

കേരളത്തിനു പുറത്ത് സ്ഥാപിക്കപ്പെടുന്ന സീറോമലബാർ രൂപതാതിർത്തിയിൽ ക്നാനായക്കാർക്ക് പ്രത്യേകസംവിധാനം രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശപ്രകാരം (CCEO 280) അനുവദിക്കാൻ തയ്യാറായിട്ടില്ല. ക്നാനായക്കാരുടെ എൻഡോഗമി അംഗീകരിക്കുകയില്ല എന്ന നിലപാടെടുത്തിരിക്കുന്നു. മിശ്രവിവാഹം കഴിക്കുന്ന പുരുഷനെമാത്രം സഭാ നിയമത്തിനു വിരുദ്ധമായി ഇടവകയിൽ നിലനിർത്തുകയും ഭാര്യയേയും മക്കളെയും മറ്റിടവകയിൽ ചേർക്കാം എന്ന തന്ത്രം എടുത്തു. ഈ നയപ്രകാരം ക്നാനായ എന്ന ബോർഡുവെച്ച പള്ളികൾ വിദേശങ്ങളിൽ അനുവദിച്ചു. വിദേശത്തുള്ള സാധാരണക്കാരുടെ എതിർപ്പുകുറയ്ക്കാൻ ഇത് ഇടയാക്കി.

കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ചാൾസ് ലവീഞ്ഞ് 1890–ൽ കൈപ്പുഴ പള്ളിയിലെത്തി മാക്കിയിൽ മത്തായി അച്ചനെ വികാരി ജനറാളായി വാഴിച്ച് തെക്കുംഭാഗരുടെ മേൽ പൂർണ്ണ ചുമതല കൊടുക്കുകയായിരുന്നു. എന്നാൽ ഇന്നിപ്പോൾ വിദേശത്തുള്ള സീറോമലബാർ പള്ളികളിൽ ക്നാനായ വൈദികരെ വികാരി ജനറാൾമാരായി നിയമിച്ചുകൊണ്ട് വടക്കുംഭാഗരെയും തെക്കുംഭാഗരെയും ഒന്നാക്കാനുള്ള പണി ക്നാനായ വൈദികരെത്തന്നെ ഏല്പിച്ചിരിക്കുകയാണ്.

പുതുതായിവരുന്ന ക്നാനായ വൈദികർക്ക് സമുദായ ചരിത്രം പഠിക്കാനുള്ള അവസരം കൊടുക്കാതെ സീറോമലബാർ സെമിനാരികളിൽ സമുദായ വിരുദ്ധത പഠിപ്പിക്കുകയാണ്. അതുമൂലം കോട്ടയം രൂപതയിലെ വൈദികർക്ക് സമുദായ ആഭിമുഖ്യം കുറഞ്ഞു ചരിത്രാവബോധം ഇല്ലാതായിവരുന്നു. സീറോമലബാർ സഭയുടെ ചരിത്രം ആരംഭിക്കുന്നത് നാലാം നൂറ്റാണ്ടിലെ സിറിയൻ കുടിയേറ്റത്തോടുകൂടിയായിട്ടുപോലും ആ കുടിയേറ്റ ചരിത്രമോ അവരുടെ പിന്മുറക്കാരുടെ കോട്ടയം ക്നാനായ അതിരൂപതയുടെ വ്യതിരിക്തതയോ സീറോമലബാർ സെമിനാരികളിൽ ഒരു പഠനവിഷയമേ അല്ല. .

സ്വസമുദായം വേണ്ടെന്നുപറഞ്ഞു വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി പോയ ക്നാനായ വടക്കുംഭാഗരെ അമേരിക്കയിലും മറ്റുമുള്ള ക്നാനായ ബോർഡുവെച്ച പള്ളികളിൽ, ചേർക്കുന്ന കല്പന റോമിൽ നിന്നും വന്നിരിക്കുകയാണ്.


വിശുദ്ധ പത്താം പീയൂസ് പാപ്പായാൽ സ്ഥാപിക്കപ്പെട്ട കോട്ടയം അതിരൂപതയുടെമേൽ പാപ്പാ അറിയാതെ പൗരസ്ത്യ സംഘമാണ് ഇപ്പോൾ നിയമവിരുദ്ധമായി തീരുമാനങ്ങൾ എടുക്കുന്നത്. ഇൻഡ്യക്ക് പുറത്തുള്ള ക്നാനായക്കാരുടെ എൻഡോഗമി ഞങ്ങൾ സഹിക്കില്ല. ഇൻഡ്യയിലെ ക്നാനായക്കാരെ ഇപ്പോൾ ഞങ്ങൾ സഹിക്കുന്നു എന്നാണവർ പറയുന്നത്. നാളെ അവർ പറയുന്നത് ഇനിമുതൽ ഞങ്ങൾ നിങ്ങളെ സഹിക്കില്ല എന്നായിരിക്കും.

എന്തെല്ലാം തന്ത്രങ്ങൾ പയറ്റിയിട്ടും പോർച്ചുഗീസ് അധികാരികൾക്ക് സുറിയാനി സമൂഹത്തെ പരിക്കുകൾ ഏല്പിക്കാനല്ലാതെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. തെക്കുംഭാഗ സമുദായക്കാർ ഉണ്ടായിരുന്ന ഇടങ്ങളിൽ പോർച്ചുഗീസ് അധികാരികൾക്ക് ഈ സമൂഹത്തെ പരിക്കേൾപ്പിക്കാൻപോലും കഴിഞ്ഞില്ല.

സുറിയാനിക്കാരെ അറിയാത്ത ലത്തീൻകാർ അധികാരത്തിൽ വന്നപ്പോൾ കഷ്ടകാലം ആരംഭിച്ചതുപോലെ ക്നാനായക്കാരെ അറിയാത്ത സീറോമലബാർ നേതാക്കൾ ഈ ചെറിയ സമൂഹത്തെ ഇല്ലാതാക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. 17 നൂറ്റാണ്ടുകൾ അഗ്നിയിലൂടെ കടന്ന് ദൈവത്തിന്റെ പരിപാലനയിൽ നിലനിന്ന തെക്കുംഭാഗജനം ശത്രുക്കളുടെ എല്ലാതന്ത്രങ്ങളെയും അതിജീവിക്കുകതന്നെ ചെയ്യും. ■

# 'ക്നാനായ സമുദായ സംരക്ഷണ സമിതി' (KSSS) യുടെ ആവശ്യകതയും പ്രസക്തിയും:

എബ്രഹാം നടുവത്ര
കെ.എസ്.എസ്.എസ്. പ്രസിഡന്റ്



**മ**റ്റുള്ള സമുദായങ്ങളിൽനിന്നും വ്യത്യസ്തമായി ക്നാനായ സമുദായം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത് സ്വവംശ വിവാഹനിഷ്ഠ എന്ന പാരമ്പര്യ പാലനത്തിലാണ്. സമുദായാംഗത്വ നിയമങ്ങൾ ലിഖിതമല്ലാത്തതിനാൽ, അതിലെ endogamous അംഗത്വം സമുദായത്തിനു തന്നെ കൈകാര്യം ചെയ്യാവുന്നതേയുള്ളൂ.

എന്നാൽ, ക്നാനായ ഇടവകകളിലേയും, രൂപതയിലേയും അംഗത്വം കൈകാര്യം ചെയ്യുന്നത് ക്നാനായ ജനം അല്ല, വൈദികരും മെത്രാനും ആണ്. അവർ ക്നാനായക്കാരന് തെറ്റായ നിർവചനം നൽകിയും, 'കോട്ടയം അതിരൂപതാ നിയമ സംഗ്രഹ'(Bye-law)ത്തിനും, 2000 എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ടിനും എതിരായി ക്നാനായ ജന്മം മാത്രം മാനദണ്ഡമാക്കി സ്വവംശ വിവാഹനിഷ്ഠ ലംഘിച്ചവരെ മൂലക്കാട്ട് ഫോർമുല പ്രകാരം ക്നാനായ ഇടവകയിൽ നിലനിർത്തിയും ഇടവകയിലെ സ്വവംശാധിഷ്ഠിത (endogamous) അംഗത്വം താറുമാറാക്കി ഇടവകയേയും രൂപതയേയും ക്നാനായ അല്ലാതാക്കുവാൻ കോട്ടയം രൂപതാധ്യക്ഷനും ചില ഇടവക വികാരിമാരും (പ്രത്യേകിച്ച്, രൂപതാധികാര പരിധിക്ക് വെളിയിലുള്ള സ്ഥലങ്ങളിലെ) ശ്രമിക്കുന്നതും, കൂട്ടു നിൽക്കുന്നതുമാണ് ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ നിലനിൽപ്പ് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അതു തടയുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കെ എസ് എസ് എസ് രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത്.

എന്നാൽ കോട്ടയം രൂപതയിൽ endogamous അംഗത്വം റോം ടോളറേറ്റ് ചെയ്തിട്ടുള്ളതിനാലും, അത് സഭയ്ക്കോ, ഇനി വരുന്ന മാർപാപ്പാമാർക്കോ മാറ്റിമറിക്കാൻ ആവാത്ത വിധം വിശുദ്ധ പത്താം പീയൂസ് പിതാവ് കൃത്യമായും, അതിശക്തമായും രേഖപ്പെടുത്തിയിട്ടുള്ളതിനാലും, non endogamous അംഗത്വം രൂപതയിൽ ഉണ്ടാവുകയില്ല എന്നാണ് കോട്ടയം ബിഷപ്പ് തെക്കുംഭാഗരെ പറഞ്ഞു വിശ്വസിപ്പിച്ച് കബളിപ്പിച്ചിരിക്കുന്നത്!

അങ്ങനെ വിശ്വസിപ്പിച്ച ശേഷമാണ്, ക്നാനായ ജനത്തിന്റെ ശ്രദ്ധയിൽ വരാത്ത വിധം, നവീകരണ സമിതിയുടെയും പാച്ചിറ കേസിലേയും പത്രികകളിൽ, (മാറിക്കെട്ടിയാലും) സമുദായാംഗവും രൂപതാംഗവും ആയിരിക്കാൻ ക്നാനായ മാതാപിതാക്കൾക്ക് ജനിച്ചാൽ മാത്രം മതിയെന്ന്, കോട്ടയം രൂപതാ കോടതിയിൽ രേഖപ്പെടുത്തി പത്രിക നൽകിയിട്ടുള്ളത്. അങ്ങനെ സഭയ്ക്കോ മാർപാപ്പാമാർക്കോ കോട്ടയം രൂപതയിൽ non-endogamous അംഗത്വം അടിച്ചേൽപ്പിക്കാൻ സാധ്യമല്ലാതിരിക്കെ, വിശുദ്ധ പത്താം പീയൂസ് പിതാവിന്റെ ഉദ്ദേശ്യത്തേയും ശ്രമങ്ങളെയും പോലും പരാജയപ്പെടുത്തി കോടതിയിൽ നിന്ന് ഉത്തരവ് വാങ്ങി കോട്ടയം രൂപതയിൽ non endogamous അംഗത്വം ഉറപ്പാക്കാനുള്ള ശ്രമം പിൻവാതിലിലൂടെ രൂപത തുടർന്നു കൊണ്ടിരിക്കുകയാണ്.

കോട്ടയം രൂപത കോടതിയിൽ നൽകിയിരിക്കുന്ന പത്രികയിൽ ഇങ്ങനെ പറയുന്നു.

'Archdiocese of Kottayam is exclusively meant for Knanaya community i.e., for a person born from both Knanaya parents.' ഇതിൻ പ്രകാരം, ഒരു ക്നാനായക്കാരൻ (മാറിക്കെട്ടിയാലും) മരണം വരെ കോട്ടയം രൂപതയിലും, ക്നാനായ സമൂഹത്തിലും അംഗമായിരിക്കും!

ഇതിൽ നിന്നും വ്യത്യസ്തമായി ജന്മവും കർമ്മവും ഉൾപ്പെടുത്തിയാണ് ബിജു ഉതുപ്പ് കേസിൽ ഹൈക്കോടതിയിൽ അഭിവന്ദ്യ കുന്നശ്ശേരി പിതാവ് നിർവചനം നൽകിയിരുന്നത് എന്ന കാര്യം ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. അത് താഴെ പറയും പ്രകാരമാണ്. "A 'Knanite' is one who is born to 'Knanite' parents and who has not married a non-knanite.")

ഇന്നിവിടെ വാദികൾ ഉന്നയിച്ചിരിക്കുന്ന ആവശ്യവും ബിഷപ്പ് മാർ മൂലക്കാട്ട് പറയുന്ന അംഗത്വവും, മാറിക്കെട്ടിയാലും അംഗത്വം നഷ്ടപ്പെടരുത് എന്നതുതന്നെയാണ്. ആകയാൽ കേസിലെ വിധി വ്യത്യസ്തമാവുകയില്ല. ബിജു ഉതുപ്പു കേസിലെ ഹൈക്കോടതി വിധിയിൽ ഇതിനകം തന്നെ ഇപ്രകാരം പറയുന്നുണ്ട്: "There is nothing unnatural or unsavoury in assuming that, on marriage, it is possible for the wives to live as parishioners of the church to which the husband belongs.' അതിന്റെ ഫലം എന്തായിരിക്കുമെന്ന് വായനക്കാർ തന്നെ ഊഹിച്ചാൽ മതി!

സ്വവംശവിവാഹനിഷ്ഠ പാലിക്കാത്തവർക്ക് കോട്ടയം അതിരൂപതയിൽ അംഗത്വം ഇല്ലാ എന്നു 01.08.2019 ലെ വീഡിയോ മെസ്സേജിലും, തുടർന്നുള്ള ഇടയലേഖനത്തിലും, 18.08.2019 ലെ അപ്നാദേശിലും പിതാവ് അസന്നിഗ്ധമായി പറയുന്നുണ്ട്.

പിതാവിന്റെ ക്നാനായ നിർവചനത്തിലെ സത്യസന്ധത തെളിയിക്കുന്നതിനും, വാക്കും പ്രവർത്തിയും തമ്മിൽ അന്തരം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി വളരെ അടിയന്തിരമായി പത്രിക തിരുത്തി കോടതിയിൽ പിതാവ് സമർപ്പിക്കേണ്ടതുണ്ട്.

അങ്ങനെ ചെയ്യാത്ത പക്ഷം സമുദായ സംരക്ഷണത്തിന് പ്രത്യക്ഷമായ പ്രക്ഷോഭ പരിപാടികളിലേക്ക് ക്നാനായ ജനത്തിന് താമസിയാതെ കടക്കേണ്ടി വരും.

ക്നാനായ ജനതയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്ന ഏക ഘടകം, അവർ സ്വവംശ വിവാഹനിഷ്ഠ പാലിക്കുന്നവരാണ് എന്നതാണ്. ആ സമൂഹത്തിനു മേൽ മാത്രമേ കോട്ടയം ബിഷപ്പിന് വ്യക്തിഗത അധികാരമുള്ളൂ. എൻഡോഗമി ലംഘിക്കുന്നവരുടെ 'ക്നാനായത്വം' നഷ്ടപ്പെടുന്നില്ലെങ്കിലും അവർ സമൂഹത്തിലെ അംഗത്വം സ്വയം നഷ്ടപ്പെടുത്തി സമൂഹത്തിന്റെ ഭാഗമോ അംഗങ്ങളോ അല്ലാതായി തീരുന്നതിനാൽ ബിഷപ്പിന് അവരുടെ മേൽ അധികാരം നഷ്ടപ്പെടുന്നു.

പിതാവിന് വ്യക്തിഗത അധികാരമില്ലാത്ത സ്വവംശ വിവാഹനിഷ്ഠാലംഘകരെ അനധികൃതമായും, നിയമവിരുദ്ധമായും ക്നാനായ ഇടവകയിൽ നിലനിർത്തി ക്നാനായ സമൂഹത്തെ നശിപ്പിച്ച് സീറോമലബാറിൽ ലയിപ്പിക്കുന്നതിനെ തടഞ്ഞ് സമുദായത്തിന്റെ നിലനിൽപ്പിനായി ക്നാനായ സമുദായ സംരക്ഷണ സമിതി(KSSS)യിൽ അതിവേഗം അണിചേരുക. ■

# കെ.എസ്.എസ്.എസ്. പ്രത്യക്ഷ സമരപരിപാടി എന്തുകൊണ്ടു മാറ്റിവെച്ചു

**2019** ജൂലൈ 21–ന് പുറത്തുവന്ന അപ്നാദേശ് പത്രത്തിൽ പ്രസിദ്ധീകരിച്ച റവ.ജോർജ് കറുകപ്പറമ്പിലിന്റെ സമുദായവിരുദ്ധ ലേഖനം വിവാദമാകുകയും നാട്ടിലും വിദേശത്തുമുള്ള ക്നാനായക്കാരുടെ പള്ളികളിൽ ടി ലക്കം അപ്നാദേശ് കത്തിച്ചു പ്രതിഷേധിക്കുകയും ചെയ്തു.

29–ആം തീയതി പുരാതനമായ കടുത്തുരുത്തിപ്പള്ളിയുടെ കൽക്കുരിശിൻ ചുവട്ടിൽ നടന്ന സത്യപ്രതിജ്ഞയിലും പ്രാർത്ഥനയിലും നിരവധിപേർ സംബന്ധിച്ചു. ഓഗസ്റ്റ് 4–ാം തീയതി കോട്ടയം മെത്രാസനമന്ദിരത്തിനുമുന്നിൽ പ്രതിഷേധം അറിയിക്കണം എന്ന തീരുമാനത്തോടുകൂടിയാണ് സമുദായ സംരക്ഷണസമിതി അംഗങ്ങൾ പിരിഞ്ഞത്.

അതിരൂപതാദ്ധ്യക്ഷനെ നേരിൽ കണ്ട് പ്രതിഷേധം അറിയിച്ച കെ.എസ്.എസ്.എസ്. പ്രവർത്തകരോട് വിവാദ ലേഖനത്തിലെ തെറ്റുകൾ തിരുത്താമെന്നു പറയുകയും നിങ്ങൾ കാണുന്ന തെറ്റുകൾ ചൂണ്ടിക്കാട്ടുവാനും ആവശ്യപ്പെട്ടു. എന്നാൽ പിതാവ് പറഞ്ഞതുപോലുള്ള തെറ്റു തിരുത്തൽ അടുത്തലക്കത്തിൽ വന്നില്ല. തുടർന്ന് കെ.എസ്.എസ്.എസ്. വിശദമായ ഒരു തിരുത്തൽ രേഖ കൊടുക്കുകയും ചെയ്തു. അടുത്തലക്കത്തിൽ തിരുത്തൽ കൊടുക്കാമെന്ന പിതാവിന്റെ ഉറപ്പ് നിലനിൽക്കെ ലേഖനത്തെ ന്യായീകരിച്ചുകൊണ്ട് പത്രത്തിൽ ഒരു കുറിപ്പെഴുതി എഡിറ്ററച്ചൻ ധാർഷ്ട്യം കാണിക്കുകയും ചെയ്തു.

ആഗസ്റ്റ് 1–ാം തീയതി പിതാവിന്റെ ഒരു വീഡിയോ പുറത്തുവന്നതിൽ ക്നാനായക്കാരനായിരിക്കാൻ ജന്മവും കർമ്മവും ആവശ്യമാണെന്ന് പ്രഖ്യാപിച്ച് അതുവരെയുണ്ടായിരുന്ന നയം തിരുത്തിയതായി കാണിച്ചു. ഇതേ കാര്യം സർക്കുലറിലൂടെയും ഇടവകകളിൽ വായിച്ചു. അതിരൂപതാ നേതൃത്വത്തെ വിശ്വാസത്തിലെടുക്കാൻ പറ്റാത്ത ചില മുൻകാല സംഭവങ്ങൾ ഉള്ളതിനാൽ 4–ാം തീയതിയിലെ പ്രതിഷധയോഗം നടത്താൻ തന്നെയായിരുന്നു കെ.എസ്.എസ്.എസിന്റെ തീരുമാനം.

ചില വ്യക്തികളുടെ അഭ്യർത്ഥനമാനിച്ചും നിലവിലെ പ്രതിസന്ധിയെക്കുറിച്ച് ഭൂരിഭാഗം സമുദായ അംഗങ്ങളും അജ്ഞരായിരിക്കുന്നതിനാലും സഭാനേതൃത്വത്തിന്റെ സമുദായ വിരുദ്ധനിലപാടിനെതിരെ ഇപ്പോൾ പ്രത്യക്ഷമായി രംഗത്തുവരുന്നത് ഭിന്നതയ്ക്ക് കാരണമാകുമെന്നതിനാലും 4–ാം തീയതിയിലെ പ്രതിഷേധ പരിപാടി മാറ്റിവെയ്ക്കുകയായിരുന്നു.

വിദേശ രാജ്യങ്ങളിലുൾപ്പെടെ നമ്മുടെ ആളുകൾ നേരിടുന്ന സാമുദായിക പ്രതിസന്ധിക്ക് പരിഹാരം കാണാതെ ക്നാനായക്കാരുടെ പള്ളികൾ സീറോമലബാർ സഭയ്ക്ക് കാഴ്ചവെച്ച് വിശ്രമിക്കാനൊരുങ്ങുന്ന അതിരൂപതാദ്ധ്യക്ഷന്റെ നിലപാടിനെതിരെ സന്ധിയില്ലാ സമരത്തിനു തന്നെയാണ് ക്നാനായ സമുദായ സംരക്ഷണസമിതിയുടെ തീരുമാനം.

അപ്നാദേശ് ലേഖനത്തിലെ സമുദായവിരുദ്ധ നിലപാടുകൾ തുറന്നുകാണിച്ചുകൊണ്ട് അഭി. പിതാവിന് കെ.എസ്.എസ്.എസ്. നൽകിയ തിരുത്ത് ഈ ലക്കം തെക്കുംഭാഗ ശബ്ദത്തിൽ ചേർത്തിട്ടുണ്ട്. ■

**ഉപകാരസ്മരണ**



ഫാ. മാത്യു വട്ടക്കളത്തിന്റെ മധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി, കുറമുള്ളൂർ

**ഉപകാരസ്മരണ**



ഫാ. മാത്യു വട്ടക്കളത്തിന്റെ മധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി, ഉഴവൂർ

Published from Kottayam
കോപ്പികൾക്ക്
Phone: 9446140026

# THEKKUMBHAGA SHABDAM
THE SOUTHIST

www.thekkumbhagashabdam.com
ksssglobal1@gmail.com
Date of Publication: 1st November 2019

## കുറവിലങ്ങാട് നസ്രാണി മഹാസംഗമവും ചരിത്രത്തിന്റെ അപനിർമ്മിതിയും – തുറന്ന കത്ത്



From
ഫാ. അഗസ്റ്റിൻ പാറപ്ലാക്കൽ
ഐങ്കൊമ്പ് പള്ളി വികാരി
പാലാ രൂപത

To
മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

അഭിവന്ദ്യ പിതാവേ,

കുറവിലങ്ങാട് നസ്രാണി മഹാസംഗമം എന്ന തലക്കെട്ടിൽ അങ്ങ് നൽകിയ 249-ാം നമ്പർ സർക്കുലർ (സാന്ത്വനപ്രകാശം Vol. LXIX May 2019 No.5 പേജ് 395-402) ചരിത്ര വസ്തുതകളോടൊപ്പം ഊഹാപോഹങ്ങളെയും ഭാവനകളെയും സത്യമെന്നവണ്ണം ഇടകലർത്തി അവതരിപ്പിച്ച് ചരിത്രത്തിന്റെ അപനിർമ്മിതി നടത്തുന്ന ഒന്നാണെന്ന് പറയാതെവയ്യ. അതിലെ വാദങ്ങളും നിഗമനങ്ങളും വ്യാജയുക്തിയെ കൂട്ടുപിടിച്ചുള്ളതാണ്. (Logical Pallacies) ഈ പറഞ്ഞതിനെ സാധൂകരിക്കുന്ന ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്.

1. സർക്കുലർ പേജ് 395-ൽ പറയുന്നു:

"രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എ.ഡി. 105-ൽ ജന്മംകൊണ്ട ക്രൈസ്തവ സമൂഹമാണ് കുറവിലങ്ങാട്ടെ ക്രൈസ്തവ കേന്ദ്രം."

വിമർശനം : വിശ്വസനീയമായ എന്തു തെളിവുകളുടെ അടിസ്ഥാനത്തിലാണ് എ.ഡി. 105 എന്ന് പറഞ്ഞിരിക്കുന്നത് എന്നറിയാൻ ആകാംക്ഷയുണ്ട്. കാരണം ഏതാനും വർഷം മുൻപുവരെ മറിച്ചുള്ള വർഷങ്ങളാണ് കുറവിലങ്ങാട്ടെ ഇടവക ദൈവാലയവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ രേഖകളിൽ നൽകിയിരിക്കുന്നത്.

ഉദാഹരണങ്ങൾ:

1. ക.നി.മൂ.സ. ആ. ബർണ്ണാർദ് തോമ്മായുടെ മർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന വിഖ്യാത ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

''കടുത്തുരുത്തി വലിയ പള്ളിയുടെ സ്ഥാപനാനന്തരം ഏറെ താമസിയാതെ പ. കന്യകാമറിയത്തിന്റെ നാമധേയത്തിൽ കുറവിലങ്ങാടും പള്ളിസ്ഥാപിക്കപ്പെട്ടു. നാലാംശതവത്സരത്തിലോ അഞ്ചാം ശതവർഷത്തിന്റെ ആരംഭ ദിശയിലോ ആണ് അതിന്റെ ശിലാസ്ഥാപന കർമ്മം നടന്നിട്ടുള്ളത്. അരുവിത്തുറ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ പള്ളികളുണ്ടാകുവാനുള്ള കാരണം അന്യദേശങ്ങളിൽ നിന്നും ജനങ്ങൾ അവിടെയെത്തി കുടിപാർത്തതാണ്. അതുപോലെ കുറവിലങ്ങാട്ടും പാലൂർ മുതലായ ദിക്കുകളിൽ നിന്നും ജനങ്ങൾ വന്നു താമസിക്കുകയുണ്ടായിട്ടുണ്ട്. തോമാശ്ലീഹായിൽ നിന്നും ആചാര്യപദം സ്വീകരിച്ചിട്ടുള്ള ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് എന്ന കുടുംബശാഖകളിലെ ആളുകളും ദേശാന്തരഗാമികളായ ആ ജനങ്ങളിൽ ഉൾപ്പെട്ടിരുന്നു. ആരംഭത്തിൽ അവർ കടുത്തുരുത്തിയിൽ ഇടവക ചേർന്നു. സ്വൽപ്പകാലം കഴിഞ്ഞതിൽ പിന്നെയാണ് സ്വനിവാസ സ്ഥാനങ്ങളോടു സമീപിച്ച് കുറവിലങ്ങാട്ട് ദൈവാലയം പണിയിച്ചത്."(മാർത്തോമ്മാ ക്രിസ്ത്യാനികൾ പേജ്. 42 OF)

ബർണ്ണാർദച്ചന്റെ ഈ ചരിത്ര വിവരണ പ്രകാരം കുറവിലങ്ങാടു ഭാഗത്ത് വന്ന് താമസിച്ച ക്രൈസ്തവർ ആരംഭത്തിൽ കടുത്തുരുത്തി വലിയപള്ളി ഇടവകാംഗങ്ങളായിരുന്നു. പിന്നീടാണ് കുറവിലങ്ങാട് ദൈവാലയം സ്ഥാപിതമായത്. കടുത്തുരുത്തി വലിയ പള്ളിയുടെ സ്ഥാപന കാലമായി ബർണ്ണാർദച്ചൻ നൽകിയിരിക്കുന്നത് നാലാം നൂറ്റാണ്ടാണ്. (മാർത്തോമ്മാ ക്രിസ്ത്യാനികൾ, പേജ്. 418)

**പ്രതികരണം:**

പാലാ രൂപതക്കാരനും ഐങ്കൊമ്പ് പള്ളി വികാരിയുമായ ഫാ. അഗസ്റ്റിൻ പാറപ്ലാക്കൽ തന്റെ മെത്രാന് 13-6-2019-ൽ 16 പേജിലായി അയച്ച കത്തിന്റെ ആദ്യ ഭാഗമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. മാർ ജോസഫ് കല്ലറങ്ങാട്ട് വിവിധ അവസരങ്ങളിൽ പുറത്തിറക്കിയ സർക്കുലറുകളിലെ പരസ്പര വിരുദ്ധവും, ചരിത്ര നിഷേധവുമായ കള്ളങ്ങളും ചൂണ്ടിക്കാട്ടി അഗസ്റ്റിൻ പാറപ്ലാക്കൽ അച്ചൻ അയച്ച കത്ത് സത്യചരിത്രത്തോടു നീതിപുലർത്തുക മാത്രമായിരുന്നു. പാലാ മെത്രാൻ മുൻകൈ എടുത്ത് കുറവിലങ്ങാട്ടു വിളിച്ചുകൂട്ടിയ നസ്രാണി മഹാസമ്മേളനം ചില ലക്ഷ്യങ്ങൾ കണ്ടുകൊണ്ടാണെന്ന് വ്യക്തമാണ്. സീറോ മലബാർ സഭയിൽ നിലനില്ക്കുന്ന ആരാധനക്രമ വിഷയത്തെക്കുറിച്ചുള്ള ഭിന്നത മുതലാക്കി കൽദായ വാദികളായ മെത്രാന്മാരെ ചേർത്ത് മർത്തോമ്മാ പാരമ്പര്യം അവകാശപ്പെടുന്ന മറ്റ് അകത്തോലിക്കാ മെത്രാന്മാരെയും കൂട്ടി ഒരു സഭാ സംവിധാനം ഉണ്ടാക്കുക എന്നതാണ് തന്ത്രശാലിയായ പാലാ മെത്രാന്റെ മനസിലിരുപ്പ്. ആ സഭാ സംവിധാനത്തിന്റെ കേന്ദ്രമായി കുറവിലങ്ങാട് പള്ളി ഉപയോഗിക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു. അവിടെ വലിയൊരു ഇരിപ്പിടവും പണിതിട്ടുണ്ട്. കുറവിലങ്ങാട്ടെ നസ്രാണി സംഗമത്തിനു തൊട്ടു മുൻപ് മാർ ആലഞ്ചേരിയുടെ അധികാരം മറ്റു ചിലരിലേക്ക് മാറ്റപ്പെടുകയും അദ്ദേഹം ദുർബലനാകുകയും ചെയ്ത സാഹചര്യത്തിൽ കുറവിലങ്ങാട്ട് പണിതുവച്ചിരിക്കുന്ന വലിയ കസേര കണ്ടുകൊണ്ട് മാർ കല്ലറങ്ങാട്ട് ചില നീക്കങ്ങൾ നടത്തുന്നതായും മഹാസമ്മേളനവേദിയിൽ കാണുകയുണ്ടായി. ഇപ്പോൾ നമ്മുക്ക് അവിശ്വസനീയമെന്നു തോന്നുമെങ്കിലും അതിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

*പത്രാധിപർ*

## കടുത്തുരുത്തി കൽക്കുരിശാണേ സത്യം

**ഷിബി പഴയമ്പള്ളി**



**അ**പ്നാദേശിൽ വന്ന സമുദായ വിരുദ്ധ ലേഖനത്തിന് എതിരെയും, ഓറിയന്റൽ കോൺഗ്രിഗേഷന്റെ വിവാദ ഉത്തരവിന് എതിരെയും, സമുദായ സംരക്ഷണ സമിതിയുടെ കടുത്തുരുത്തി, ഫൊറോനയുടെ നേതൃത്വത്തിൽ കടുത്തുരുത്തിയിലുള്ള പന്നിവേലി ഓഡിറ്റോറിയത്തിൽവെച്ച് ക്നാനായ കൂട്ടായ്മ നടക്കുകയുണ്ടായി. പ്രസിഡന്റ് എബ്രഹാം നടുവത്രയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമുദായ സംഗമത്തിൽ കെ.സി.സി. മുൻ പ്രസിഡന്റ് ശ്രീ. ജോയി മുപ്രാപ്പള്ളി പങ്കെടുത്ത് ക്നാനായ സമുദായത്തിനെതിരെ നിലകൊണ്ടിരിക്കുന്ന കോട്ടയം അതിരൂപതാ നേതൃത്വത്തിന്റെ നിലപാടിനെ എതിർത്ത് സംസാരിച്ചു. സമുദായ മുഖപത്രമായി സ്ഥാപിക്കപ്പെട്ട അപ്നാദേശിൽ സമുദായ നിലനിൽപ്പിനെ ചോദ്യംചെയ്തും, ഭീഷണി ഉണ്ട് എന്ന കള്ളപ്രചരണവും എഴുതിയുണ്ടാക്കാൻ ശ്രമിച്ച കറുകപ്പറമ്പിൽ വൈദികന് എതിരെയുള്ള പ്രതിഷേധ കൂട്ടായ്മയായിരുന്നു കടുത്തുരുത്തിയിൽ അരങ്ങേറിയത്. ചരിത്രം വളച്ചൊടിച്ച് വെള്ളം ചേർക്കാൻ ശ്രമിക്കുന്ന വൈദികരുടെ നീക്കങ്ങൾക്ക് എതിരെ ക്നാനായ പ്രതിഷേധം ആർത്തിരമ്പി. ഓറിയന്റൽ കോൺഗ്രിഗേഷന്റെ നിയമവിരുദ്ധ ഉത്തരവുകൾ ക്നാനായ സമുദായത്തിന് സ്വീകാര്യം അല്ലാത്തതിനാൽ ഇവ അംഗീകരിക്കുകയോ നടപ്പിൽവരുത്തുകയോ ചെയ്യേണ്ട ആവശ്യം സമുദായത്തിന് ഇല്ലെന്നും 1911-ൽ പത്താം പീയൂസ് പാപ്പ പുറപ്പെടുവിച്ച ബൂളായ്ക്ക് എതിരെ സീറോ മലബാറിന്റെയും ഓറിയന്റൽ കോൺഗ്രിഗേഷന്റെയും നേതൃത്വത്തിൽ നടത്തുന്ന ഗൂഢശ്രമങ്ങൾ ക്നാനായ മക്കൾ ഒന്നായ് ചെറുത്തു തോല്പിക്കുമെന്ന് യോഗം മുന്നറിയിപ്പ് നൽകി.



സമുദായത്തിന്റെ നിലനിൽപ്പിനെ ഉറപ്പിച്ചുകൊണ്ടും അതിരൂപത നേതൃത്വത്തിന്റെ കെടുകാര്യസ്ഥതയ്ക്ക് എതിരെയും സമുദായ അംഗങ്ങളുടെ ആവശ്യപ്രകാരം ചരിത്രം ഉറങ്ങുന്ന കടുത്തുരുത്തിയുടെ മണ്ണിൽ, മുത്തിയമ്മയുടെ കൽകുരിശിൻ ചുവട്ടിലേക്ക് ക്നാനായ മക്കൾ യാത്രയാവുകയും ചെയ്തു. അവിടെ പ്രവേശിക്കുന്നതിന് മുൻകൂർ അനുവാദം നൽകിയതിന് ശേഷവും ഗേറ്റ് പൂട്ടിയിട്ട വികാരി അച്ചന്റെ നടപടിക്ക് എതിരെ ക്നാനായ ജനതയുടെ പ്രതിഷേധം ഉണ്ടായി. കടുത്തുരുത്തി പള്ളിയുടെ മുറ്റത്ത് അപ്നാദേശിന്റെ സമുദായ വിരുദ്ധ നിലപാടുകൾക്ക് എതിരെ പത്രം കത്തിച്ചു പ്രതിഷേധിക്കുകയും ചെയ്തു.

സുറിയാനി പാരമ്പര്യങ്ങളെയും ആരാധനക്രമത്തെയും തകർക്കുവാൻ വന്ന സാമ്പാളൂർ പാതിരിമാർക്കെതിരെ മട്ടാഞ്ചേരിയിൽ ഒരിക്കൽ കുരിശിൽ തൊട്ടു നടത്തിയ സത്യത്തെ ഓർമ്മിപ്പിക്കുംവിധം കടുത്തുരുത്തി പള്ളിമുറ്റത്തെ കൽക്കുരിശിൽ തൊട്ട് ക്നാനായ മക്കൾ സത്യം ചെയ്തു. ഞങ്ങളുടെ സന്തതിപരമ്പരയുടെ അവസാനശ്വാസം നിലനിൽക്കുന്നിടത്തോളം ക്നാനായത്വവും പാരമ്പര്യങ്ങളും പള്ളിയും സംരക്ഷിക്കുമെന്നായിരുന്നു സത്യവാചകം.

ക്നാനായമക്കളുടെ നിലനിൽപ്പിനായുള്ള പോരാട്ടത്തിന് തീവ്രത വർദ്ധിക്കുകയും അരമന മാർച്ചും നിരാഹാര സത്യഗ്രഹവും ആയിട്ട് മുന്നോട്ട് പോവുകയും ചെയ്തു. സമുദായ മക്കളുടെ പ്രതിഷേധംമൂലം മെത്രാൻ ചർച്ചകൾ നടത്തുകയും സമുദായ നിലപാടുകൾ വ്യക്തമാക്കി വീഡിയോ ഇറക്കുകയും, പള്ളികളിൽ സർക്കുലർ അയച്ച് ജന്മംകൊണ്ടും കർമ്മം കൊണ്ടും മാത്രമേ ഒരുവൻ ക്നാനായക്കാരനായി നിലകൊള്ളുകയുളുവെന്നും അറിയിക്കുകയും ചെയ്തു. അപ്നാദേശിൽ തുടർച്ചയായി രണ്ട് ലക്കങ്ങളിൽ സമുദായ മെത്രാൻ തന്റെ നിലപാടുകൾ ആവർത്തിക്കുകയും ചെയ്തു. ചരിത്രപരമായ ഈ സമുദായപക്ഷ നേട്ടത്തിന് പിന്നിൽ കെ.എസ്.എസ്.എസിന്റെ നിതാന്ത പരിശ്രമങ്ങളായിരുന്നു. അങ്ങിനെ കെ.എസ്.എസ്.എസിന്റെ നിലപാടിന് മെത്രാൻ അടിവരയിടുകയും ചെയ്തു. ഇതിനോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിവസിക്കുന്ന ക്നാനായക്കാർ, സ്വന്തമെന്ന് പറഞ്ഞ് പള്ളികൾ വാങ്ങി, സീറോ മലബാറിന് അടിയറവ് വയ്ക്കുന്ന നടപടികൾക്ക് എതിരെയും പ്രതിഷേധം ഉയർന്നു. ക്നാനായക്കാർ, വിദേശ രാജ്യങ്ങളിലും വ്യക്ത്യാധിഷ്ഠിത അധികാരമുള്ള തങ്ങളുടെ അതിരൂപതാ അദ്ധ്യക്ഷനെ മാത്രമേ മേലിൽ അനുസരിക്കുക ഉള്ളൂ എന്നും പ്രായോഗികതയുടെ പേരിൽ സീറോ മലബാറും ഓറിയന്റൽ കോൺഗ്രിഗേഷനും സമുദായത്തിന് എതിരെ നടത്തുന്ന നീക്കങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ട് ലോകത്തെ മുഴുവൻ ക്നാനായ സംഘടനകളുടെയും നേതൃത്വത്തിൽ ക്നാനായക്കാർ സംരക്ഷിക്കപ്പെടേണ്ടവർ, ഒറ്റ മെത്രാൻ, ഒരു രൂപത കോട്ടയം. അത് ലോകത്ത് മുഴുവൻ എന്ന സ്വപ്ന സാക്ഷാത്കാര പദ്ധതിയുമായി മുന്നോട്ട് പോകുവാനാണ് ക്നാനായ സംരക്ഷണ സമിതിയുടെ തീരുമാനം. ■



കടുത്തുരുത്തി സമ്മേളനം



മാങ്കിടപ്പള്ളി യൂണിറ്റ് ഉദ്ഘാടനം



അരീക്കര യൂണിറ്റ് ഉദ്ഘാടനം

## പ്രളയം : ക്നാനായ സമുദായ സംരക്ഷണസമിതിയുടെ കാരുണ്യ സ്പർശം

**അനു നേരുവീട്ടിൽ**

**ദൈ**വത്തിന്റെ സ്വന്തം നാട്ടിൽ പ്രളയം രണ്ടാം തവണയും സംഹാരതാണ്ഡവമാടിയപ്പോൾ, മലബാറിന്റെ മണ്ണിൽ പ്രളയത്തിന്റെ തീവ്രത ഏറിയ അളവിൽ നാശംവിതച്ചു. ക്നാനായ സമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, തങ്ങളുടെ സഹോദരങ്ങൾക്ക് സംഭവിച്ച ആഘാതത്തിൽ നിന്നും കരകയറുവാൻ സഹായഹസ്തങ്ങളുമായ് ക്നാനായ സമുദായ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ രംഗത്തിറങ്ങി.





പ്രളയത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്ന മലബാർ ജനതയ്ക്ക് പ്രത്യേകിച്ച് ക്നാനായ സഹോദരങ്ങൾക്ക് സഹായഹസ്തം നൽകുന്നതിനായ് കെ.എസ്.എസ്.എസിന്റെ യുവജന സംഘാടകൻ നേരുവീട്ടിൽ അനുവിനെ കൺവീനർ ആക്കികൊണ്ട് മുഴുവൻ വർക്കിംഗ് കമ്മറ്റി അംഗങ്ങളുടെയും ഉത്തരവാദിത്വത്തിൽ അമേരിക്ക, ആസ്ട്രേലിയ, ബ്രിട്ടൺ, ന്യൂസ്‌ലാൻഡ്, കുവൈറ്റ്, സൗദി തുടങ്ങിയ ക്നാനായ മക്കൾ നിവസിക്കുന്ന മിക്കവാറും രാജ്യങ്ങളിൽ നിന്നും, നാട്ടിൽ നിന്നും ഉള്ള കെ.എസ്.എസ്.എസ്. അനുഭാവികളുടേയും അഭ്യുദയകാംക്ഷികളുടേയും വരുമാനത്തിന്റെ ഒരു ചെറിയ വിഹിതം സഹായമായി സ്വീകരിച്ച് ദുരന്തത്തിന്റെ പരിണിതഫലങ്ങൾ അനുഭവിക്കുന്നവർക്കായ് കെ.എസ്.എസ്.എസ്. നേരിട്ട് എത്തിച്ചുകൊടുത്തു. രണ്ട് ഘട്ടങ്ങളായ് സഹായഫണ്ടിന്റെ വിതരണം നടത്തുകയുണ്ടായി. ഒന്നാം ഘട്ടത്തിൽ, വയനാട് കേന്ദ്രീകരിച്ച്, കോട്ടപ്പുറം പള്ളിയുടെ കീഴിലുള്ള കുടുംബങ്ങളിലും ആദിവാസി കേന്ദ്രത്തിലും പെരിക്കല്ലൂർ ഫൊറോന പള്ളിയുടെ കീഴിലുള്ള കുടുംബങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട അന്യമതസ്ഥരായ ഹിന്ദു, മുസ്ലീം കുടുംബത്തിൽപ്പെട്ടവർക്കും ആവശ്യമായ സാമ്പത്തിക സഹായവും ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും നേരിട്ട് എത്തിക്കുന്നതിന് സാധിച്ചു.

മലബാർ കാരുണ്യ സ്പർശത്തിന്റെ രണ്ടാം ഘട്ടം, മടമ്പം കേന്ദ്രീകരിച്ച്, ഫൊറോന പള്ളിയിൽ എത്തുകയും അവിടെയുള്ള പൊതുപ്രവർത്തകരുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം മടമ്പം, ഫൊറോന പള്ളിയിലെ ഇടവക ജനങ്ങളുടെയും വികാരി ഡോ. ലൂക്ക് പൂത്രുക്കയിൽ അച്ചന്റെയും അതിരൂപത മെത്രാൻ അഭി. മാത്യു മൂലക്കാട്ട് പിതാവിന്റെയും സഹകരണത്തിൽ പാരിഷ് ഹാളിൽ നടന്ന പൊതു സമ്മേളനത്തിൽ വിവിധ മതസ്ഥരായ സഹോദരങ്ങളുടെ മഹനീയ സാന്നിധ്യത്തിൽ സാമ്പത്തിക സഹായ വിതരണം ഭംഗിയായി നടത്തുവാൻ സാധിച്ചു.

അലക്സ് നഗർ ദൈവാലയത്തിനു സമീപം കേന്ദ്രീകരിച്ച്, അവിടെ പ്രവർത്തിക്കുന്ന സത്യൻ സ്മാരക ലൈബ്രറിയുമായി സഹകരിച്ച് നാട്ടിലെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സഹായ വിതരണം നടത്തുകയുണ്ടായി. നാടിന്റെ അഭിമാനമായ ഒരു ലൈബ്രറിയുടെ നേതൃത്വത്തിൽ നമ്മുടെ ക്നാനായ പള്ളിയുടെ മുൻപിൽ വളരെ വിജയകരമായ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. സ്വന്തമായി ഒരു പന്നിഫാം നടത്തുന്ന സഹോദരന്റെ ഫാമിലെ കടുത്ത പ്രളയ നഷ്ടങ്ങൾക്കായ് ഒരു ലക്ഷം രൂപയും, ഭവനത്തിന് കേടുപാടു സംഭവിച്ച മറ്റൊരാൾക്ക് സാമ്പത്തിക സഹായവും ലഭ്യമാക്കാൻ കഴിഞ്ഞു. അലക്സ് നഗറിലെ ജനപ്രിയ സഹായവിതരണത്തിൽ സഹകരിക്കാതെയിരുന്ന അവിടുത്തെ വികാരി ഫാ. ഷെൽട്ടൺ ഇടവകയിൽ അർഹതപ്പെട്ട കുറെയാളുകളെ സഹായം വാങ്ങുന്നതിൽ നിന്നും മാറ്റി നിർത്തുകയും ചെയ്തു. കെ.എസ്.എസ്.എസിന്റെ സമുദായ നിലപാടുകളിലും ഉപവിപ്രവർത്തികളിലും മൂലക്കാട് മെത്രാൻവരെ പൂർണ്ണ പിന്തുണ നൽകുകയും ചെയ്തിരുന്നു. സമുദായ നിലനിൽപ്പിനായ് നിലനിൽക്കുന്ന സമുദായ സംരക്ഷണ സമിതിയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പള്ളിയിൽ പ്രസംഗം നടത്തിയ വികാരി ഫാ. ഷെർട്ടൻ ഇടവകക്കാരുടെ വലിയ പ്രതിഷേധം വിളിച്ചുവരുത്തുകയും ചെയ്തു.

സ്വന്തം സഹോദരങ്ങളുടെ ദുഃഖത്തിൽ, സങ്കടങ്ങളിൽ കാരുണ്യത്തിന്റെ സ്പർശവുമായ് നിലനിൽക്കുന്ന സംരക്ഷണസമിതി മൂന്നാം ഘട്ടമായി ഭവന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. രണ്ട് ക്നാനായ ഭവനങ്ങൾ പൂർത്തീകരിച്ച് നൽകുക എന്ന പദ്ധതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ■

**Editorial Board:** *Chief Editor*: Prof. Mathew Pral, *Editor:* Dominic Savio Vachachirayil, *Printing & Publisher:* Abraham Naduvathra
*Members* : Prof. Babu Puzhikunnel, Shiby Pazhayampallil, Philu Thomas, Abraham Veliyath, Toms Mathew Kizhakkekattil, Tomy Myalkarapurathu, Philip Nedumchira IFS